# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

| 2022 മാർച്ച് 10 | ദീപം 55 | നാളം 2 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.org |
|---|---|---|---|---|---|---|




## റഷ്യ - യുക്രെയ്ൻ യുദ്ധം

# മൂന്നാം ലോകമഹായുദ്ധത്തിന്റെ പടിവാതിൽക്കൽ



തോമസ് കുഴിഞ്ഞാലിൽ

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഒരു വൻശക്തിരാഷ്ട്രം നടത്തിയ ഏറ്റവും വലിയ സൈനികനടപടിക്കു ലോകം സാക്ഷിയായി.

ഏറ്റവും വലിയ രണ്ടാമത്തെ സൈനികശക്തിയായ റഷ്യയ്ക്കു സൈനികശേഷിയിൽ ഏറ്റവും ദുർബലരാജ്യങ്ങളിലൊന്നായ യുക്രെയ്നെ ചവിട്ടിയരയ്ക്കാൻ ദിവസങ്ങൾ മാത്രം മതിയാകും.

1991 ൽ സോവിയറ്റ് യൂണിയൻ ഛിന്നഭിന്നമാക്കപ്പെട്ടശേഷം സ്വാതന്ത്ര്യം നേടിയ അയൽരാജ്യങ്ങളെല്ലാം യുക്രെയ്ന്റെ പതനത്തോടെ ഭീതിയിലാണ്. റഷ്യയെ പഴയകാല സോവിയറ്റു യൂണിയന്റെ പ്രതാപത്തിലേക്കു തിരികെക്കൊണ്ടുവരാനുള്ള പദ്ധതിയുടെ രണ്ടാം ഘട്ടമാണ് യുക്രെയ്ന്റെമേലുള്ള റഷ്യൻ അധിനിവേശം. കരിങ്കടൽതീരത്തെ തന്ത്രപ്രധാനമായ ക്രീമിയ ഉപദ്വീപ് 2014 ൽ യുക്രെയ്നിൽനിന്നു പിടിച്ചെടുത്ത സൈനികനടപടിയായിരുന്നു ആദ്യത്തേത്. റഷ്യൻ അനുകൂലികളുടെ പിന്തുണയോടെ ക്രീമിയയെ റഷ്യയോടു ചേർക്കുകയായിരുന്നു. അന്നത്തെ ഏറ്റുമുട്ടലുകളിൽ 14,000 പേർക്കാണു ജീവഹാനി നേരിട്ടത്. ഇക്കഴിഞ്ഞ വ്യാഴാഴ്ച തുടക്കമിട്ട യുക്രെയ്ൻ അധിനിവേശം അവസാനിക്കുമ്പോഴേക്കും മരണസംഖ്യ പതിന്മടങ്ങു വർധിക്കാനാണു സാധ്യത.

വർഷങ്ങൾ നീണ്ടുനിന്ന പ്ലാനിങ്ങിന്റെയും കണക്കുകൂട്ടലുകളുടെയും ഒടുവിലാണ് യുക്രെയ്ന്റെ മേലുള്ള കടന്നുകയറ്റമെന്ന് ഇപ്പോഴത്തെ സംഭവവികാസങ്ങൾ വ്യക്തമാക്കുന്നു. വടക്ക് സഖ്യരാഷ്ട്രമായ ബെലാറൂഡിലും കിഴക്ക്/തെക്ക് അതിർത്തികളിൽ കരയിലും കടലിലുമായി ഒന്നര ലക്ഷത്തോളം സൈനികരെ സർവസജ്ജരാക്കി നിർത്തുകയും പരിശീലനം നല്കുകയും ചെയ്തു. ബെലാറൂഡിലെ ബറാനോവിച്ചി സൈനികത്താവളത്തിൽ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ നേരിട്ടെത്തി പരിശീലനപരിപാടികൾ നിരീക്ഷിച്ചതായി വാർത്തയുണ്ടായിരുന്നു. അണ്വായുധങ്ങൾ ഘടിപ്പിച്ച ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈലുകളുടെയും ക്രൂയിസ് മിസൈലുകളുടെയും കൃത്യതയിൽ സംതൃപ്തരായിട്ടാണ് പുടിനും മുതിർന്ന സൈനികോദ്യോഗസ്ഥരും മോസ്കോയിലേക്കു മടങ്ങിയത്.

യുക്രെയ്നെ ആക്രമിക്കാൻ റഷ്യയ്ക്കു പദ്ധതിയില്ലെന്നും തങ്ങളുടെ രാജ്യത്തിന്റെ സുരക്ഷയെക്കുറിച്ചുള്ള ആശങ്കകൾ പരിഹരിച്ചാൽ പ്രശ്നങ്ങൾ പറഞ്ഞുതീർക്കാവുന്നതേയുള്ളുവെന്നും പുടിനും വിദേശകാര്യമന്ത്രി സെർജി ലാവ്റോവും സേനാവൃത്തങ്ങളും പ്രസ്താവനകളിറക്കുമ്പോൾ സംഘർഷം ഒഴിവാകുമെന്നു കരുതിയിരുന്നു. നാറ്റോ അംഗത്വം വേണമെന്ന പിടിവാശിയൊന്നും തനിക്കില്ലെന്നും ചർച്ചകൾക്കു തയ്യാറാണെന്നും യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കിയുടെ നിർദേശങ്ങൾ മുഖവിലയ്ക്കുപോലുമെടുക്കാൻ റഷ്യ തയ്യാറായതുമില്ല. ഹംഗേറിയൻ പ്രസിഡന്റ് വിക്ടർ ഒർബാൻ, ഫ്രഞ്ചു പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോൺ, ജർമൻ ചാൻസലർ ഒലാഫ് ഷോൾഡ് എന്നിവർ മോസ്കോയിലെത്തി പുടിനുമായി നടത്തിയ നയതന്ത്രചർച്ചകൾക്കുശേഷം സേനകളെ പിൻവലിക്കുകയാണെന്ന പ്രഖ്യാപനം റഷ്യയിൽനിന്നുണ്ടായത് ഭയാശങ്കകൾ അകറ്റുകയും ചെയ്തു. എന്നാൽ, യു.എസ്. പ്രസിഡന്റ് ജോ ബൈഡൻ പ്രവചിച്ചിരുന്നതുപോലെതന്നെ ഒടുവിൽ സംഭവിച്ചു; ഫെബ്രുവരി 16 എന്നുള്ളത് ഒരാഴ്ചയ്ക്കു ശേഷം 24-ാം തീയതി ആയി എന്നുമാത്രം. അപ്രധാന മേഖലകളിൽനിന്നു സേനകളെ പിൻവലിച്ച് പുനർവിന്യസിക്കുകയും കൂടുതൽ കരുത്തോടെ പ്രഹരിക്കാനുള്ള പുതിയ യുദ്ധമുഖങ്ങൾ തുറക്കുകയുമായിരുന്നു തന്ത്രം. യുക്രെയ്ൻ അതിർത്തികളിൽ റഷ്യ വിന്യസിച്ചിരിക്കുന്ന സൈനികരിൽ 50 ശതമാനവും ആക്രമണനിലയിലാണെന്നും യുക്രെയ്നെ ആക്രമിക്കുന്ന പക്ഷം റഷ്യയ്ക്കെതിരേ കടുത്ത ഉപരോധം ഏർപ്പെടുത്തുമെന്നും ബൈഡൻ വ്യക്തമാക്കിയിരുന്നു.

ആക്രമണത്തിനു മുന്നോടിയായി റഷ്യൻ അനുകൂലവിമതർ 2014 മുതൽ കയ്യടക്കി വച്ചിരിക്കുന്ന റഷ്യൻ അതിർത്തിയോടു ചേർന്നുകിടക്കുന്ന കിഴക്കൻ യുക്രെയ്നിലെ ഡോൺബാസ് മേഖലയിലുള്ള ഡൊണെറ്റ്സ്ക്, ലുഹാൻസ്ക് പ്രദേശങ്ങളെ രണ്ടു സ്വതന്ത്രരാഷ്ട്രങ്ങളായി റഷ്യ പ്രഖ്യാപിച്ചു. ഇക്കാര്യത്തിൽ പാർലമെന്റിന്റെ




അനുമതി നേടിയെടുത്ത പുടിൻ, പുതിയ രണ്ടു രാജ്യങ്ങളിലും സൈന്യത്തെ വിന്യസിക്കാൻ ഉത്തരവിടുകയും ചെയ്തു. ഡൊണെറ്റ്സ്കിൽനിന്നും ലുഹാൻസ്കിൽനിന്നും യുക്രെയ്ൻ സൈന്യത്തിനു നേരേ ഷെല്ലാക്രമണം നടത്തുന്ന വിമതരോടു വെടിനിറുത്താനും അനുരഞ്ജനചർച്ചയ്ക്കിരിക്കാനും സെലെൻസ്കി അഭ്യർത്ഥിച്ചെങ്കിലും ചെവിക്കൊള്ളാൻ അവർ തയ്യാറില്ലായിരുന്നു. റഷ്യ അംഗീകരിച്ച രണ്ടു സ്വതന്ത്രരാജ്യങ്ങളും സർക്കാരും തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു 'സമാധാനസേന'യെ അയയ്ക്കുകയാണെന്ന പുടിന്റെ പ്രഖ്യാപനത്തിനു പിന്നാലെയായിരുന്നു ടാങ്കുകളും കവചിതവാഹനങ്ങളുമായി സൈന്യം യുക്രെയ്നിൽ പ്രവേശിച്ചത്. സ്വതന്ത്രരാജ്യപ്രഖ്യാപനവും സൈന്യത്തിന്റെ കടന്നുകയറ്റവും 2014 ലെയും 2015 ലെയും 'മിൻസ്ക് സമാധാന ഉടമ്പടി'യുടെ ലംഘനമാണെന്ന് യുക്രെയ്ൻ പ്രതികരിച്ചു. പതിറ്റാണ്ടുകൾ നീണ്ട ഏറ്റുമുട്ടലുകൾക്കൊടുവിൽ സർക്കാരുമായി ചേർന്ന് ഒപ്പുവച്ച കരാറിലൂടെ ഡൊണെറ്റ്സ്കിക്കും ലുഹാൻസ്കിക്കും പ്രത്യേക പദവി നൽകിയിരുന്നെങ്കിലും റഷ്യൻ വിമതർ പൂർണമായും തൃപ്തരായിരുന്നില്ല. സ്വതന്ത്രരാജ്യപ്രഖ്യാപനത്തിനു ശേഷം ഡോൺബാസ് പ്രവിശ്യയിലേക്കു യുക്രെയിന്റെ ആക്രമണം ഉണ്ടാകുമെന്നു വ്യാജവാർത്തകൾ റഷ്യൻ മാധ്യമങ്ങൾവഴി പ്രചരിപ്പിച്ചതോടെ റഷ്യയിലേക്കുള്ള വിമതരുടെ പലായനവും തുടങ്ങി. ഒരു ലക്ഷത്തോളം പേർ റഷ്യയിലെത്തിക്കഴിഞ്ഞതായാണു റിപ്പോർട്ട്.

ഫെബ്രുവരി 24-ാം തീയതി വ്യാഴാഴ്ച നേരം പുലരുംമുമ്പ് മൂന്നു ദിക്കുകളിലുംനിന്ന് ഒരേ സമയം തുടങ്ങിയ ആക്രമണത്തിൽ യുക്രെയ്ൻ ജനത വിറങ്ങലിച്ചു നിന്നു. രാജ്യാതിർത്തികടന്ന് ഉള്ളിലേക്ക് ഇരച്ചുകയറിയ പതിനായിരക്കണക്കിനു റഷ്യൻ സൈനികർ കണ്ണിൽ കണ്ടവരെയെല്ലാം വകവരുത്തി. വീടുകൾക്കും വാഹനങ്ങൾക്കും തീയിട്ടു. നിസ്സഹായരായ സ്ത്രീകളുടെയും കുട്ടികളുടെയും വിലാപമാണെവിടെയും. ബെലാറൂഡിൽനിന്നും റഷ്യയുടെ വിവിധ ഭാഗങ്ങളിൽനിന്നും കരിങ്കടലിൽ നങ്കൂരമിട്ടിരുന്ന യുദ്ധക്കപ്പലുകളിൽനിന്നു തൊടുത്തുവിട്ട മിസൈലുകൾ തലസ്ഥാനമായ കീവിലും കാർകീവ്, മഡോസ, മരിയാപോൾ, സുമി, ലുട്സ്ക് തുടങ്ങിയ നഗരങ്ങളിലും സർവനാശം വിതച്ചു. നഗരങ്ങൾക്കുമുകളിൽ പറന്നെത്തിയ റഷ്യൻ യുദ്ധവിമാനങ്ങൾ വിമാനത്താവളങ്ങളും പൊതുനിരത്തുകളും പാലങ്ങളും ബോംബിട്ടു തകർത്തു. സൈനികകേന്ദ്രങ്ങളെ മാത്രമേ ലക്ഷ്യം വയ്ക്കൂ എന്നു വീമ്പിളക്കിയ ശത്രുസൈന്യം പാർപ്പിടസമൂഹങ്ങൾക്കും സ്വകാര്യവാഹനങ്ങൾക്കും നേരേ മിസൈൽ വർഷിച്ചു.

▶16

# നിലപാടുതറയിൽ ഉലകമുറപ്പിച്ച ഉലകംതറ

**ഈയിടെ അന്തരിച്ച പ്രൊഫ. മാത്യു ഉലകംതറയെക്കുറിച്ച് ഒരു അനുസ്മരണം**



ഷാജി മാലിപ്പാറ

"മാനവികധർമങ്ങൾക്കും ജനാധിപത്യമൂല്യങ്ങൾക്കും ക്രിസ്തീയവിശ്വാസതാത്പര്യങ്ങൾക്കും വേണ്ടിയുള്ള ന്യായവാദങ്ങളാണ് ഉലകംതറയുടെ കൃതികളിലുള്ളത്; അവയ്ക്കു ശക്തിപകരുന്നതാകട്ടെ അദ്ദേഹത്തിന്റെ ആത്മാർത്ഥതയും." മഹാകവി എം. പി. അപ്പന്റെ ഈ നിരീക്ഷണം അന്വർത്ഥമാകുമാറ് ഒമ്പതുദശകങ്ങൾ പൂർത്തിയാക്കിയ ധന്യജീവിതത്തിനു ഫെബ്രുവരി 24 നു തിരശ്ശീല വീണു. മലയാളസാഹിത്യചരിത്രത്തിലും ക്രൈസ്തവസഭാചരിത്രത്തിലും വ്യക്തിമുദ്ര പതിപ്പിച്ച പ്രഗല്ഭനായ അധ്യാപകനും എഴുത്തുകാരനും പ്രഭാഷകനും പത്രാധിപരുമായിരുന്ന പ്രൊഫ. മാത്യു ഉലകംതറ നിത്യതയിലേക്കു കൂടുമാറുന്നു!

1931 ജൂൺ 6 ന് വൈക്കത്തു ജനിച്ച മാത്യു ഉലകംതറ അയ്യരുകുളങ്ങര ഗവ. മിഡിൽ സ്കൂൾ, വൈക്കം ഗവ. ഹൈസ്കൂൾ, പാലാ സെന്റ് തോമസ് കോളജ്, എറണാകുളം മഹാരാജാസ് കോളജ് എന്നിവിടങ്ങളിലായി വിദ്യാഭ്യാസം നിർവഹിച്ചു. ഡബിൾ ഫസ്റ്റ് ക്ലാസോടെ മലയാളസാഹിത്യത്തിൽ ബിരുദം നേടിയ അദ്ദേഹം തേവര സേക്രഡ് ഹാർട്ട് കോളജിൽ മലയാളം അധ്യാപകനായി ചേർന്നു. ഒപ്പം, മദ്രാസ് യൂണിവേഴ്സിറ്റിയിൽ പ്രൈവറ്റായി എംഎ പഠനം തുടങ്ങി. 1959 ൽ ഒന്നാം റാങ്കോടെ ബിരുദാനന്തരബിരുദം നേടി. സുദീർഘമായ 33 വർഷം തേവര കോളജിൽ അധ്യാപകനായും വകുപ്പധ്യക്ഷനായും പ്രവർത്തിച്ചു. തുടർന്ന്, കുറച്ചുകാലം മാനന്തവാടി ന്യൂമാൻസ് കോളജിൽ പ്രിൻസിപ്പലായിരുന്നു. പിന്നീട് ദീപിക ആഴ്ചപ്പതിപ്പിന്റെ മുഖ്യപത്രാധിപരായി ചുമതലയേറ്റതോടെ കോട്ടയത്തു സ്ഥിരതാമസമാക്കി. കാലടി സംസ്കൃത സർവകലാശാലയുടെ ഏറ്റുമാനൂർ കേന്ദ്രത്തിൽ ഓണററി പ്രൊഫസറായും ഉലകംതറ സേവനമനുഷ്ഠിച്ചു.

പ്രാരബ്ധങ്ങളും പ്രതിസന്ധികളും നിറഞ്ഞ ബാല്യകൗമാരയൗവനങ്ങളിൽ, ഇച്ഛാശക്തിയും കഠിനപ്രയത്നവും ദൈവാശ്രയബോധവും കൈമുതലാക്കി മുന്നേറിയാണ് നേട്ടങ്ങളെല്ലാം സ്വായത്തമാക്കിയത്. സാമൂഹിക സാഹിത്യ സാംസ്കാരിക സഭാവേദികളിൽ തിളക്കമാർന്ന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞത് അവനവന്റെ ലോകം സൃഷ്ടിക്കാൻ എന്നും അദ്ദേഹം തയ്യാറായതുകൊണ്ടാണ്. എംജി, കേരള സർവകലാശാലകളിൽ ചീഫ് എക്സാമിനർ, എക്സാമിനേഷൻ ബോർഡ് ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ, ഓറിയന്റൽ സ്റ്റഡീസ് ഫാക്കൽറ്റിയംഗം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഉപദേശകസമിതിയംഗം, സമസ്തകേരള സാഹിത്യപരിഷത്ത് ജനറൽ സെക്രട്ടറി, കേരളസാഹിത്യ അക്കാദമിയംഗം, കേരള റൈറ്റേഴ്സ് ഫെല്ലോഷിപ്പ് പ്രസിഡന്റ് മുതലായ സ്ഥാനങ്ങൾ വഹിക്കുകയും വിവിധ രംഗങ്ങളിൽ ഗണ്യമായ സംഭാവനകൾ നൽകുകയും ചെയ്തു. സെന്റ് പോൾസ് പബ്ലിക്കേഷൻസിന്റെ ചെയർമാനായും താലന്ത് മാസികയുടെ സഹപത്രാധിപരായും വിവിധ സെമിനാരികളിൽ അധ്യാപകനായും കോട്ടയം കവിതാമണ്ഡലത്തിന്റെ അമരക്കാരനായും പ്രവർത്തിച്ചു. റേഡിയോ പ്രഭാഷകനായും അദ്ദേഹം മികവുകാട്ടി.

ഹൈസ്കൂൾ അധ്യാപികയായ പി.എ. ത്രേസ്യാമ്മയാണു ഭാര്യ. ഉലകംതറയ്ക്ക് നാലു മക്കളാണുള്ളത്.

## ക്രിസ്തുഗാഥയും ഇതരകൃതികളും

മാത്യു ഉലകംതറയുടെ സേവനങ്ങളെയും സംഭാവനകളെയും വിലയിരുത്തുമ്പോൾ അധ്യാപനം വർണശോഭയോടെ തിളങ്ങിനിൽക്കും. പ്രഭാഷണങ്ങളാവട്ടെ ഓർമകളിൽ തങ്ങിനിൽക്കുന്നവയും കാലഘട്ടത്തിന്റെ ആവേശവും ആവശ്യവുമായി മാറിയവയുമാണ്. എന്നാൽ, പ്രഥമ പരിഗണനയ്ക്കർഹമാകുന്നത് ആ പ്രതിഭാശാലിയുടെ ഗദ്യപദ്യകൃതികൾതന്നെയാണ്. വിശ്വാസികളുടെ ഹൃദയത്തിൽ ഇടംനേടിയ 'ക്രിസ്തുഗാഥ' എന്ന മഹാകാവ്യം ഉലകംതറയെ മഹാകവിയാക്കി മാറ്റി. പതിനായിരത്തിൽപ്പരം വരികളിലൂടെ ക്രിസ്തുവിന്റെ ജനനംമുതൽ സ്വർഗാരോഹണംവരെയുള്ള കാര്യങ്ങൾ ലളിതവും സുന്ദരവുമായി കാവ്യവത്കരിക്കുന്നതിനു കേവലം പത്തുമാസങ്ങളാണ് അദ്ദേഹം ചെലവഴിച്ചത്. പുത്തൻപാനയ്ക്കുശേഷം ഏറ്റവും കൂടുതൽ വിറ്റഴിഞ്ഞ ക്രിസ്തീയകാവ്യമിതാണ്. പല പ്രസാധകരിലൂടെ പല പതിപ്പുകളാണ് ക്രിസ്തുഗാഥയ്ക്കുണ്ടായത്.

ക്രിസ്തുവിന്റെ സമ്പൂർണകാവ്യജീവചരിത്രമെന്നു വിശേഷിപ്പിക്കാവുന്ന ക്രിസ്തുഗാഥയുടെ പ്രാരംഭമിങ്ങനെയാണ്:

*അക്ഷരാനന്ദമായ് മേവും വചനമേ!*
*അക്ഷയസാന്ത്വന സങ്കേതമേ*
*ആദിയിൽ ദൈവത്തോടൊത്തു വസിച്ചൊരു*
*നാദസ്വരൂപമേ കൈതൊഴുന്നേൻ.*

മഹാകാവ്യം സമാപിക്കുന്നത് ഇപ്രകാരം:

*പാട്ടായിപ്പാടാനും വേണ്ടയോ നമ്മൾക്കു*
*വീട്ടിലിന്നേശുവിൻ സദ്വിശേഷം?*
*ഈ വിചാരംകൊണ്ടിറങ്ങിപ്പുറപ്പെട്ടേൻ*
*കാവ്യരചനയ്ക്കശക്തനാം ഞാൻ.*

*പറ്റുന്നതൊക്കെ നാം ചെയ്യേണ്ടേ ഭൂമിയിൽ*
*കുറ്റങ്ങൾ പോക്കുന്നതീശനല്ലേ?*
*സത്യസ്വരൂപമാം ത്രിത്വൈക ദൈവമേ*
*സ്തുത്യം തിരുനാമമെന്നുമെന്നും.*



മഹാകാവ്യരചനയുടെ ലക്ഷ്യസൂചനയാണീ വരികൾ. സുവിശേഷവത്കരണത്തിനായുള്ള ഈ കാവ്യപൂജയെ തിരിച്ചറിഞ്ഞുകൊണ്ടാണ് ഡോ. എം ലീലാവതി, താലന്തുകൾ പലമടങ്ങാക്കാൻ പരിശ്രമിക്കുന്ന കവിയെ അവതാരികയിൽ ശ്ലാഘിക്കുന്നത്. നമ്മുടെ കവിതാലാപനവേദികളിൽ ക്രിസ്തുസാന്നിധ്യമേകാൻ ക്രിസ്തുഗാഥയിലെ വരികൾ അനേകർക്കു പ്രചോദനമായെങ്കിൽ ഉലകംതറയുടെ കർമം അർത്ഥവത്തായി.

അമ്പതോളം കൃതികളാണ് മാത്യു ഉലകംതറ രചിച്ചിട്ടുള്ളത്. വിമർശനസോപാനം, ആലോചനാമൃതം, സാഹിത്യപീഠിക എന്നിവ മൂന്നു സർവകലാശാലകളിൽ പാഠപുസ്തകങ്ങളായി. രണ്ടു ദശകങ്ങളിൽ ആകാശവാണിയിലവതരിപ്പിച്ച സുഭാഷിതങ്ങൾ അടങ്ങുന്ന 'കഥാസുഭാഷിതസാഗരം' ലളിതസുഭഗമായ ഗദ്യരചനയ്ക്കു മികച്ച ഉദാഹരണമാണ്. ബാലസാഹിത്യകാരനായ ഉലകംതറയെ അധികമാർക്കും പരിചയമില്ല. എന്നാൽ, ഈയിടെ ഡോ. കെ. ശ്രീകുമാർ തയ്യാറാക്കിയ 'മലയാളസാഹിത്യചരിത്ര'മെന്ന ബൃഹദ്ഗ്രന്ഥത്തിൽ ഇരുപതാം നൂറ്റാണ്ടിലെ 'കതിരുള്ള രചനകൾ' എന്ന തലക്കെട്ടിൽ മാത്യു ഉലകംതറയുടെ 'വീരബാലകഥകൾ' പരാമർശിച്ചുകാണുന്നത് ശ്രദ്ധേയമാണ്. ഇന്ദിരാഗാന്ധി, ഐ സി ചാക്കോ, കൊച്ചുതലവൻ എന്നീ ജീവചരിത്രഗ്രന്ഥങ്ങളും, വ്യാകരണദീപം, സാഹിത്യപീഠിക തുടങ്ങിയ പാഠ്യഗ്രന്ഥങ്ങളും ആ തൂലികയിൽ വിരിഞ്ഞവയാണ്.

## പ്രേഷിതനായ സഭാതനയൻ

"പരമ്പരാഗതമായി എനിക്കു ലഭിച്ച കത്തോലിക്കാവിശ്വാസം ഉത്തമമായ സാമൂഹികധർമാനുഷ്ഠാനത്തിനും ആത്യന്തികമായ മോക്ഷപ്രാപ്തിക്കും ആവശ്യമുള്ളതെല്ലാം എനിക്കു നൽകുന്നുണ്ട്." ഉലകംതറയുടെ ഉറച്ച ബോധ്യമാണിത്. അതിൽനിന്നാണ് സഭയുടെ അല്മായപ്രേഷിതത്വത്തെ സ്വധർമമായി അദ്ദേഹം സ്വീകരിച്ചനുഷ്ഠിച്ചുപോന്നത്. അതിന്റെ സദ്ഫലങ്ങളായി ഈടുറ്റ ചില ഗ്രന്ഥങ്ങൾ നമുക്കു ലഭിച്ചു. 'വിമർശിക്കപ്പെടുന്ന വിശ്വാസം' ഈ ഗണത്തിലെ ആദ്യകൃതിയാണ്. 'ക്രൈസ്തവസത്യാന്വേഷണം–ഏകദൈവം ഏകാവതാരം' , 'സത്യവിശ്വാസവും വ്യാജപ്രവാചകരും' എന്നിവയാണ് മറ്റു കൃതികൾ. ക്രിസ്തീയവിശ്വാസത്തിന്റെ സവിശേഷതകളെ പാണ്ഡിത്യത്തിന്റെ ഭാരങ്ങളില്ലാതെ അവതരിപ്പിക്കുന്നതിനാൽ സാധാരണവിശ്വാസികൾക്ക് ഇവ ഏറെ ഉപകരിക്കുന്നു. 'ക്രിസ്തുബിംബങ്ങൾ മലയാളത്തിൽ' എന്ന കൃതിയുടെ പേരിൽ കൈരളി ഉലകംതറയോടു കടപ്പെട്ടിരിക്കുന്നു. തന്റെ സാഹിത്യജീവിതത്തിന്റെ മുഖ്യപ്രമേയം ഈ അന്വേഷണമാണെന്ന് ഗ്രന്ഥകാരൻ സാക്ഷ്യപ്പെടുത്തുന്നു. ക്രിസ്തീയചിന്തകളെ തള്ളിപ്പറയാത്ത യാഥാസ്ഥിതികനായി അറിയപ്പെടുന്നതിൽ അദ്ദേഹം വ്യാകുലപ്പെട്ടിരുന്നില്ല.

'ഹൈന്ദവം ക്രൈസ്തവം' എന്ന കൃതി ഇക്കാലത്ത് പ്രത്യേക പ്രസക്തിയുള്ളതാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങളിൽനിന്ന് അണുപോലും വ്യതിചലിക്കാതെ, സാംസ്കാരികാനുരൂപണം എന്ന വിഷയത്തെ സമഗ്രമായും പ്രായോഗികമായും കൈകാര്യം ചെയ്യുന്ന ഗ്രന്ഥമാണിത്.

ഉലകംതറ രചിച്ച അർണോസ് പാതിരിയുടെ ജീവചരിത്രം, അമ്മത്രേസ്യയുടെ ജീവചരിത്രഭാഷാന്തരം, വർത്തമാനപ്പുസ്തകത്തിന്റെ ഭാഷാന്തരം മുതലായ കൃതികൾ ക്രിസ്തീയസാഹിത്യത്തിലേക്കുള്ള ഈടുവയ്പുകളാണ്. ചരിത്ര–സാഹിത്യപ്രാധാന്യമുള്ള എത്രയോ ഗ്രന്ഥങ്ങൾക്കാണ് അദ്ദേഹം പീഠികയോ പഠനമോ ആസ്വാദനമോ തയ്യാറാക്കി പ്രസിദ്ധീകരണയോഗ്യമാക്കിയിട്ടുള്ളത്. എത്രയെത്ര കനപ്പെട്ട കൃതികളെ പ്രസാധകർക്കും അധികാരികൾക്കും പരിചയപ്പെടുത്തി വെളിച്ചത്തുകൊണ്ടുവന്നു. 'സംക്ഷേപവേദാർത്ഥ'വും 'കുമ്പസാര'വുമൊക്കെ ഉദാഹരണങ്ങളാണ്. സാഹിത്യവേദിയിലും സഭാവേദിയിലും ഒരുപോലെ സ്വീകാര്യത നേടിയ ഉലകംതറയെന്ന വിശ്വാസിയായ എഴുത്തുകാരൻ, ഉള്ളിന്റെയുള്ളിൽ പ്രേഷിതജ്വാല കെടാതെ സൂക്ഷിച്ചു.

## ആദരവും അംഗീകാരവും

കൗമാരകാലത്ത് കാവ്യരചനയ്ക്കു മഹാകവി കട്ടക്കയം സ്വർണമെഡൽ നേടിയ മാത്യു ഉലകംതറയ്ക്ക് ഉള്ളൂർ അവാർഡ്, കെസിബിസി അവാർഡ്, കെ.വി. സൈമൺ അവാർഡ്, കുടുംബദീപം അവാർഡ്, ഐ. സി. ചാക്കോ അവാർഡ്, സിസ്റ്റർ മേരി ബനീഞ്ഞ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 1992 ൽ കേരള കത്തോലിക്കാമെത്രാന്മാർ ചേർന്ന് അദ്ദേഹത്തിന് ഷഷ്ട്യബ്ദപൂർത്തിയാശംസകൾ നൽകി ആദരിച്ചു. 2001 ൽ കോട്ടയത്തുവച്ച് ദ്വിദിനസപ്തതിയാഘോഷം വിപുലമായി നടന്നു. 'ഉലകംതറ: കവിയും നിരൂപകനും' എന്ന പഠനഗ്രന്ഥം അന്നു പ്രകാശനം ചെയ്യപ്പെട്ടു. 2021 ൽ നവതിയോടനുബന്ധിച്ച് നടത്തിയ ചടങ്ങിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉലകംതറയെ ആദരിക്കാനെത്തി. കേരള കത്തോലിക്കാസഭയുടെ അഭിമാനതാരമായിരുന്ന മാത്യു ഉലകംതറയെ 2019 ൽ സീറോമലബാർസഭ 'സഭാതാര'പുരസ്കാരം നൽകി ബഹുമാനിച്ചു. അദ്ദേഹം എക്കാലവും സഭയുടെ ഒരു യഥാർത്ഥതാരം തന്നെയായിരുന്നു. നിലപാടുകളുടെ ഉറച്ച തറയിൽ സ്വന്തം ഉലകം ഉറപ്പിച്ച സഭാതനയനും സാഹിത്യപ്രതിഭയുമായ പ്രൊഫ. മാത്യു ഉലകംതറയെന്ന ആചാര്യശ്രേഷ്ഠനു പ്രണാമമർപ്പിക്കുന്നു! ■






പ്രഫ. സിജു ജോസഫ്

വിളക്കു കത്തിച്ചുവച്ചാൽ പ്രാണികൾ തീയിൽ വീണു ചാകുമെന്നോർത്തു സന്ധ്യയാകുമ്പോഴേക്കും അത്താഴം കഴിച്ച് ഉറങ്ങാൻ കിടന്നിരുന്ന ജൈനന്മാരുടെ പാരമ്പര്യമുള്ള ഒരു ഗ്രാമം കേരളത്തിലുണ്ടായിരുന്നു. എട്ടു ഭാഷകളുടെയും എട്ടു ഭാഗ്യങ്ങളുടെയും നാട് എന്നു വിശേഷിപ്പിക്കപ്പെട്ട ഗ്രാമം. അന്യഗ്രഹജീവികളെപ്പോലെ വിചിത്രമായ ഉടലും വലിയ തലയും ശോഷിച്ച കൈകാലുകളുമായി പിറന്നു വീണ് ഇഴഞ്ഞും കിടന്നും നരകിച്ചു മരിച്ചുപോകുന്ന കുഞ്ഞുങ്ങളുടെ പേരിലാണ് ആ ഗ്രാമം ഇന്നറിയപ്പെടുന്നത്. കാസർഗോഡ് ജില്ലയിലെ 'എൻമകജെ' എന്ന ഗ്രാമത്തിനുമുകളിൽ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള, എൻഡോസൾഫാന്റെ വിഷപ്പെയ്ത്തു നടത്തിയത് 1976 മുതലുള്ള തുടർച്ചയായ 25 വർഷമാണ്. അമിതോത്പാദനത്തിന്റെയും ലാഭത്തിന്റെയും അനായാസവഴികൾ തേടി നടത്തിയ അന്നത്തെ വിഷവർഷത്തിന്റെ ദുരന്തങ്ങൾ ഇന്നും ആ ഗ്രാമത്തെ വിട്ടൊഴിയാത്തതിന്റെ തെളിവാണ് കഴിഞ്ഞ ദിവസം മരിച്ച ഹർഷിത എന്ന ഒന്നരവയസ്സുകാരിയെക്കുറിച്ചുള്ള വാർത്തയും ചിത്രങ്ങളും.

നോക്കൂ, എൻമകജെ എന്ന ഗ്രാമത്തിനു സംഭവിച്ചതുപോലെയുള്ള ഹിംസാത്മകമായ, വിഷലിപ്തമായ പരിണാമം വർത്തമാനകാലത്തെ നമ്മുടെ സർവജീവിതമേഖലകളിലും കാണാനാകുന്നില്ലേ? ഐ.സി.എം.ആറിന്റെ നാഷണൽ ക്യാൻസർ രജിസ്ട്രി പ്രോഗ്രാം അനുസരിച്ചുള്ള പുതിയ കണക്കനുസരിച്ച് ഒരു വർഷം അറുപതിനായിരത്തിലധികം ക്യാൻസർ രോഗികളാണ് കേരളത്തിൽ ഉണ്ടാകുന്നത്. വിഷം മുക്കിയ പച്ചക്കറികളും കറിപ്പൊടികളും ധാന്യപ്പൊടികളുമുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ ഇടം പിടിക്കുന്ന നമ്മുടെ അടുക്കളകൾക്ക് ഇതിൽ യാതൊരു പങ്കുമില്ലെന്നു പറയാനാകുമോ? അന്നവിചാരത്തിൽ പോലും നാം തേടിയ അനായാസവഴികൾ നമ്മെ രോഗാതുരമായ ഒരു സമൂഹമാക്കി മാറ്റിയിരിക്കുന്നു.

ജീവിതം മനുഷ്യരെ എഴുതി നിരുത്തുന്ന വൈകാരികപ്രതിസന്ധിയുടെ പരീക്ഷണഘട്ടങ്ങളിലെല്ലാം മരണം എന്ന ഒറ്റവാക്കുത്തരത്തിന്റെ തീർപ്പിലേക്ക് എത്ര അനായാസമാണ് നാം ചെന്നു ചേരുന്നത്. ഒന്നുകൂടി ആലോചിക്കാനോ തിരുത്താനോ പ്രാർത്ഥിക്കാനോ ഉള്ള സാവകാശം സ്വയം നല്കാതെ, മറ്റുള്ളവർക്കനുവദിക്കാതെ പ്രാകൃതമായ യുദ്ധഭൂമികളിൽ അരങ്ങേറിയതിനെക്കാൾ ക്രൂരമായി ഉറ്റവരുടെ ജീവനറുത്തെടുക്കുന്നവരെ നമുക്കിന്നു കാണേണ്ടിവരുന്നത് അത്രമേൽ പ്രിയപ്പെട്ട ഇടങ്ങളിലാണെന്നതു മറന്നുപോകരുത്.

ആശയങ്ങൾക്കല്ല ആയുധങ്ങൾക്കാണു നാം മൂർച്ച കൂട്ടേണ്ടത് എന്ന് അണികളെ വ്യംഗ്യഭംഗിയിൽ ആഹ്വാനം ചെയ്യുന്ന രാഷ്ട്രീയകൗശലം അവസാനിക്കാത്തിടത്തോളം കാലം കുടിലുകളിൽ കൊടി പുതച്ചുറങ്ങുന്ന യുവത്വത്തിന്റെ ദുർവിധികൾക്കും ഉറ്റവരുടെ നിലവിളികൾക്കും ഒടുക്കമുണ്ടാകില്ല. ഒരു നാട് അഭിമുഖീകരിക്കുന്ന യഥാർത്ഥ വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനെക്കാൾ എത്രയോ എളുപ്പമാണ് ശിരോവസ്ത്രത്തിന്റെ പേരിലോ ഭക്ഷണത്തിന്റെ പേരിലോ ആചാരങ്ങളുടെയോ ആരാധനാലയങ്ങളുടെയോ പേരിലോ കൊടിയുടെ നിറത്തിന്റെ പേരിലോ പരസ്പരം പോരടിക്കുന്ന ഒരു ജനതയെ സൃഷ്ടിച്ചെടുക്കുക എന്നത്. രാഷ്ട്രീയത്തിലെ അനായാസവഴികൾക്കു പിഴയൊടുക്കേണ്ടി വരുന്നത് രാഷ്ട്രം ഒന്നടങ്കമല്ലേ എന്നുകൂടി ചിന്തിക്കുക.

മനസ്സുപായുന്ന വഴികളിലേക്കെല്ലാം ജീവിതത്തെ കെട്ടഴിച്ചുവിടുന്നതിന്റെ അവസാനനിലവിളികളല്ലേ കുടുംബങ്ങളിൽ ഇന്നുയരുന്നത്? കുടുംബങ്ങൾക്കുള്ളിൽ കുഞ്ഞുങ്ങൾ ഇതുപോലെ കൊലചെയ്യപ്പെടുകയോ അനാഥരാക്കപ്പെടുകയോ ചെയ്യുന്ന കാലം ഇതിനുമുമ്പുണ്ടായിട്ടുണ്ടോ?

തളർന്നു കിടപ്പിലായിരുന്ന നല്ലപാതിയെ കൊന്നതിനുശേഷം മുറ്റത്തെ മാങ്കൊമ്പിൽ ജീവിതമവസാനിപ്പിച്ച ഒരു വൃദ്ധപിതാവിനെക്കുറിച്ചുള്ള വാർത്ത വായിച്ചതോർക്കുന്നു. മക്കളില്ലാഞ്ഞിട്ടായിരുന്നില്ല, കാര്യപ്രാപ്തിയുള്ള മക്കൾ പലരുണ്ടായിട്ടും ഒറ്റയ്ക്കായിപ്പോയതിന്റെ നിസ്സഹായതയിൽനിന്നാണ് അയാൾക്കതു ചെയ്യേണ്ടിവന്നതത്രേ. അച്ഛനുമമ്മയ്ക്കുമൊപ്പം ഒന്നിച്ചുണ്ടും ഉറങ്ങിയും തല്ലുകൂടിയും കരഞ്ഞും ചിരിച്ചും പഠിച്ചും വളർന്നും മിടുക്കരായി പടിയിറങ്ങിപ്പോയ വീട് എന്ന വൈകാരികാനുഭവത്തെ എത്ര അനായാസമായാണ് മക്കൾ ഇന്നു വലിച്ചെറിയുന്നത്. സി.സി. ടി.വി. ക്യാമറകൾ മാത്രം കണ്ണുമിഴിച്ചിരിക്കുന്ന ഏകാന്തതയുടെ തണുപ്പുമാത്രം നിറഞ്ഞ വൃദ്ധസദനങ്ങളായി കേരളത്തിന്റെ തറവാടുകൾ മാറാൻ ഇനിയെത്ര സമയം വേണം?

ജീവിക്കാനും ജോലി ചെയ്യാനും കൊള്ളാത്ത ഇടമായി സ്വന്തം നാടിനെ കരുതുകയും അന്യരാജ്യങ്ങളിലെ മെച്ചങ്ങളുടെ കേട്ടറിവുകൾ മാത്രം ആശ്രയിച്ചു നാടുവിടുകയും ചെയ്യുന്ന യുവതയുടെ ചിത്രവും ഇതോടു ചേർത്തു വയ്ക്കേണ്ടതുണ്ട്. കഠിനാധ്വാനം ചെയ്താൽ മാന്യമായും അന്തസ്സോടെയും ജീവിക്കാൻ പറ്റിയ നാടാണ് എന്റേത് എന്ന ആത്മവിശ്വാസം നമ്മുടെ ചെറുപ്പക്കാരുടെ മനസ്സിൽ നിക്ഷേപിക്കുന്നതിലല്ലേ ഭരണകൂടത്തിന്റെ യഥാർത്ഥ മികവു പ്രതിഫലിക്കേണ്ടത്? സ്കൂൾ മാഷായിരുന്ന അച്ഛൻ ഉപയോഗിച്ചിരുന്ന ഗ്ലോബിലേക്കു നോക്കിയിരുന്ന് സദാസമയവും വിദേശജോലിയും വിദേശവാസവും സ്വപ്നം കണ്ടിരിക്കുന്ന പ്രകാശൻ എന്ന ചെറുപ്പക്കാരനെ സത്യൻ അന്തിക്കാട് നമുക്കു മുന്നിലവതരിപ്പിച്ചത് (ഞാൻ പ്രകാശൻ) എത്ര കൃത്യതയോടെയായിരുന്നു. ബി.എസ്.സി. നഴ്സിങ് പാസായിട്ടും 'നാട്ടിലൊന്നും നിന്നിട്ടു കാര്യമില്ലന്നേ' എന്ന തിരിച്ചറിവിന്റെ കൊടിപിടിച്ച് എങ്ങനെയെങ്കിലും 'അക്കരെ' കടക്കാനുള്ള കുറുക്കുവഴികളാരായുന്ന, പ്രകാശൻ എന്ന പേരുപോലും പി.ആർ. ആകാശ് എന്ന് ഗസറ്റിൽ പരസ്യപ്പെടുത്തുന്ന മലയാളിയുവാവിന്റെ മാനറിസങ്ങളെ ഫഹദ് ഫാസിൽ അവിസ്മരണീയമാക്കി.

പരിസ്ഥിതിയിൽ, ആരോഗ്യമേഖലയിൽ, രാഷ്ട്രീയത്തിൽ, കുടംബഘടനകളിൽ, വിദ്യാഭ്യാസ തൊഴിൽമേഖലകളിൽ ഒക്കെ നാം തേടുന്ന അനായാസവഴികൾ മരണത്തിന്റെ ഗന്ധമുള്ളതാണെന്നറിഞ്ഞ് ഉണർന്നു പ്രവർത്തിച്ചേ മതിയാകൂ.

ജോർജ് ക്രൗസോ സംവിധാനം ചെയ്ത 'വെയ്ജസ് ഓഫ് ഫിയർ' എന്ന ഫ്രഞ്ചുചിത്രമുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുള്ള തെക്കേ അമേരിക്കയിലെ ഒരു ഗ്രാമമാണ് പശ്ചാത്തലം. ദാരിദ്ര്യവും തൊഴിലില്ലായ്മയുംകൊണ്ടു വീർപ്പുമുട്ടുന്ന കുറെ മനുഷ്യർ. 250 കി.മീ. അകലെയുള്ള ഫാക്ടറിയിൽ അഗ്നിബാധ ഉണ്ടാകുന്നതും അത് അണയ്ക്കാനുള്ള നൈട്രോഗ്ലിസറിൻ നിറച്ച ട്രക്കുകളുമായി ഗ്രാമത്തിലെ നാലു ചെറുപ്പക്കാർ യാത്ര നടത്തുന്നതുമാണ് സിനിമയുടെ പ്രമേയം. ദുർഘടമായ വഴികളിലൂടെ പൊട്ടിത്തെറിക്കാൻ സാധ്യതയുള്ള രാസവസ്തുവുമായി പോകുന്നത് അപകടമാണെന്നറിഞ്ഞിട്ടും ജീവിക്കാനുള്ള ആർത്തികൊണ്ട് ദൗത്യമേറ്റെടുക്കുന്ന ചെറുപ്പക്കാരിൽ മൂന്നുപേരും ലക്ഷ്യസ്ഥാനത്തെത്തുംമുമ്പേ പൊട്ടിത്തെറിച്ചു ചാമ്പലാകുന്നു. നാലാമത്തവനാവട്ടെ, മനഃസാന്നിധ്യം കൈവിടാതെ ആ അവശിഷ്ടങ്ങൾക്കിടയിലൂടെ വാഹനമോടിച്ച് ലക്ഷ്യം സാധിക്കുന്നു. എന്നാൽ, തിരിച്ചുപോകുന്ന വഴിയിൽ അശ്രദ്ധമായ ഡ്രൈവിങ് വരുത്തിവച്ച അപകടത്തിൽ അയാൾക്കും ജീവൻ നഷ്ടമാകുന്നിടത്താണ് 'വെയ്ജസ് ഓഫ് ഫിയർ' അവസാനിക്കുന്നത്.

ജീവിക്കാനുള്ള ത്വരയിൽ മരണത്തെ കൂടെക്കൊണ്ടുനടക്കുന്ന മനുഷ്യരാണോ നാം എന്നോർക്കുന്നതു നല്ലതായിരിക്കും.

■




## കാലത്തിനു മുമ്പേ നടന്ന കുഞ്ഞച്ചൻ

ഗ്രന്ഥകർത്താ : ഗിരീഷ് കെ. ശാന്തിപുരം
പ്രസാധനം : ദീപനാളം പബ്ലിക്കേഷൻസ്, പാലാ
& വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ
നാമകരണനടപടികളുടെ ഓഫീസ്, രാമപുരംപള്ളി
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 200 രൂപ




കാലങ്ങളായി അജ്ഞതയുടെയും അനാചാരങ്ങളുടെയും ഇരുൾകുഴികളിൽ അടിമകളായി കഴിഞ്ഞുകൂടിയ ഒരു ജനസമൂഹത്തിന്റെയിടയിൽ അവരിലൊരാളായി നിന്നുകൊണ്ട് നിശബ്ദസാമൂഹികവിപ്ലവത്തിനു നേതൃത്വം വഹിച്ച കുഞ്ഞച്ചൻ എന്ന കത്തോലിക്കാപുരോഹിതന്റെ ജീവിതകഥ.

---

## മലയാള പഠനവും അക്ഷരമാലയും

എഡിറ്റർ : ഡോ. തോമസ് മൂലയിൽ
പ്രസാധനം : മീഡിയ ഹൗസ്, ന്യൂഡൽഹി
വിതരണം : നാഷണൽ ബുക്സ്റ്റാൾ,
സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 150 രൂപ




ശുദ്ധിവരുത്തിയ സ്വർണമായി അക്ഷരമാലയെ കുരുന്നുനാവുകളിൽ പകർന്നുകൊടുക്കുന്നില്ലെങ്കിൽ മലയാളസംസ്കൃതിക്കു വരുംനാളുകളിൽ സംഭവിക്കാനിടയുള്ള അപചയത്തെ ചൂണ്ടിക്കാണിക്കുന്ന ഈ ലേഖനസമാഹാരത്തിൽ പ്രതിധ്വനിക്കുന്നത് പ്രവാചകശബ്ദമാണ്.

---

## സ്വയം പരിത്യജിച്ച് നിന്റെ പിന്നാലെ

ഗ്രന്ഥകർത്താ : ഡോ. മൈക്കിൾ വട്ടപ്പലം
പ്രസാധനം : സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ
സെമിനാരി, മംഗലപ്പുഴ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 220 രൂപ




സമർപ്പിതജീവിതത്തെ സഭയുടെ നിയമാധിഷ്ഠിതവീക്ഷണകോണുകളിലൂടെ കാണുകയെന്നാൽ ഈശോമിശിഹായുടെ മനോഭാവത്തെ സ്വാംശീകരിക്കുകയെന്നാണർത്ഥം. സമർപ്പിതജീവിതാവസ്ഥയിലുള്ളവർക്കു വ്യക്തമായ ദർശനം നൽകുന്ന ഈ ഗ്രന്ഥം ഭൂമിയിലെ വിശ്വാസതീർത്ഥാടനം ദിശ തെറ്റാതെ നയിക്കപ്പെടാൻ സഹായിക്കും.

# ദുരന്തം വിലയ്ക്കു വാങ്ങുന്നവർ



ഫാ. ജോസഫ് നെച്ചിക്കാട്ട്

'ലോകത്തിലേക്കും സ്നേഹിക്കപ്പെട്ട സുന്ദരി' യെന്നാണ് രാജകുമാരി ഡയാനയെക്കുറിച്ച് ബ്രിട്ടനിലെ ഏറ്റവും വലിയ പ്രസാധകനായ മൈക്കിൾ ഓമാരോ (Michael O' Maro) എഴുതിയത്. താൻ പറഞ്ഞത് തീർത്തും കുറഞ്ഞുപോയെന്നാണ് പിന്നീട് അദ്ദേഹത്തിനു തോന്നിയത്. ആ സൗന്ദര്യധാമത്തിന് ഒത്തിരിയേറെ അഴകും ആകർഷകത്വവുമുണ്ട്. മറ്റാർക്കുമില്ലാത്ത മാറ്റും വശ്യതയുമുള്ളവളാണവൾ! അതുകൊണ്ട് അദ്ദേഹം ഒന്നുകൂടെ തിരുത്തിക്കുറിച്ചു: "അവൾ ഒരു അന്തർദേശീയ നിധിതന്നെയാണ്." ഡയാനയുടെ ഫോട്ടോകളിൽ (1961–1997) അതിസുന്ദരങ്ങളായ 200 എണ്ണം തിരഞ്ഞെടുത്ത്, 'Diana Princes of wales' എന്ന പേരിൽ ഒരു ആൽബം 1977 ൽ അദ്ദേഹം പ്രസിദ്ധീകരിച്ചു, സ്വന്തമായ അടിക്കുറിപ്പുകളോടെ. അതിന്റെ അനേക ലക്ഷം കോപ്പികളാണ് അതിശീഘ്രം ചൂടപ്പംപോലെ വിറ്റഴിഞ്ഞത്. അതുകൂടാതെ വേറെ നാലുഗ്രന്ഥങ്ങൾകൂടി ഡയാനയെപ്പറ്റി അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്, ഒക്കെ 'ബെസ്റ്റ് സെല്ലേഴ്സ്.'



മേല്പറഞ്ഞവയിൽനിന്നെല്ലാം ഒരു കാര്യം വ്യക്തമാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ പ്രകീർത്തിക്കപ്പെട്ട വനിതകളിൽ ഒരുവളാണ് ഡയാന ആരെയും ഒറ്റനോട്ടത്തിൽ ആകർഷിക്കാൻ പോരുന്ന ആകാരസൗഷ്ഠവമുള്ള സൗന്ദര്യധാമം. അതുകൊണ്ടുതന്നെയാണു കിരീടാവകാശിയായ ചാൾസ് രാജകുമാരൻ അവളിൽ അനുരക്തനാകുന്നതും കല്യാണം കഴിക്കുന്നതും. അചിരേണ ആ ദമ്പതികൾക്ക് രണ്ട് ആൺകുഞ്ഞുങ്ങൾ ജനിച്ചു. മൂത്തവൻ വില്യം, ഇളയവൻ ഹാരി.

ക്രമേണ ആ ദമ്പതികൾ പരസ്പരം അകന്നുതുടങ്ങി. കുടുംബജീവിതത്തിൽ എന്തോ പന്തികേട്! മക്കൾ വളർന്നു വന്നതുപോലെ അകൽച്ചയും വളർന്നു. ആ അകൽച്ച മറ്റൊരു കാൽവയ്പ്പിനാണു ഡയാനയെ പ്രേരിപ്പിച്ചത്. ചാൾസിനെ ഉപേക്ഷിച്ച്, തന്റെ പിഞ്ചോമനകളായ വില്യമിനെയും ഹാരിയെയും വിട്ട്, ഡോഡി ഫായിദ് എന്ന കാമുകനുമൊത്ത് അവൾ പാരീസിലേക്കു പറന്നു. പാപ്പരാസി ഫോട്ടോഗ്രാഫർമാരിൽനിന്നു രക്ഷനേടാൻവേണ്ടിയായിരുന്നു ആ പറക്കൽ. പക്ഷേ, അതു ചെന്നെത്തിനിന്നത് 1997 ഓഗസ്റ്റ് 31–ാം തീയതിയിലെ അതിദാരുണമായ ദുരന്തത്തിലാണ്.

മാതാപിതാക്കളിൽനിന്നു ലഭിച്ച പൈതൃകമാണ് ഡയാനയെ ആ വഴിയേ നയിച്ചത്. ഡയാനയുടെ യഥാർത്ഥ പിതാവ് ഏൾ സ്പെൻസറും മാതാവ് ഫ്രാൻസെസ്സുമായിരുന്നു. അവർക്കു ഡയാനയെക്കൂടാതെ സാറാ, ജയിൻ, ചാൾസ് എന്നീ മൂന്നു മക്കൾകൂടി ഉണ്ടായിരുന്നു. ഇളയവനായ ചാൾസ് ജനിച്ചുകഴിഞ്ഞപ്പോൾ മാതാപിതാക്കൾ ബന്ധം പിരിഞ്ഞു. അമ്മ പീറ്റർ ഷാൻഡ് എന്നൊരാളെ വിവാഹം ചെയ്തു. അമ്മയുടെയും ഇളയച്ഛന്റെയുംകൂടെയാണ് പിന്നീട് ഡയാനയും സഹോദരങ്ങളും കഴിഞ്ഞത്.

പ്രശ്നമുണ്ടാകുമ്പോൾ പുതിയൊരു ഭർത്താവ് എന്ന ആശയം ഡയാനയ്ക്കു പകർന്നു കിട്ടിയത് അമ്മയിൽനിന്നുതന്നെ. സ്പെൻസറിൽനിന്നു തെറ്റിപ്പിരിയേണ്ടി വന്നപ്പോൾ മക്കളെയും പോറ്റി അമ്മ അതേ രീതിയിൽ കഴിഞ്ഞിരുന്നെങ്കിൽ, മക്കളായ വില്യമിനെയും ഹാരിയെയും വിട്ട് ഡയാന മറ്റൊരാളുടെ പിന്നാലെ പോവുകയില്ലായിരുന്നുവെന്നാണ് നിഷ്പക്ഷമതികൾക്കു തോന്നുക. നാലു മക്കളുള്ള സ്ത്രീയാണ് ഭർത്താവിനെ വിട്ട് പീറ്റർ ഷാൻഡിനെ കല്യാണം കഴിക്കുന്നത്; അവരുമൊത്താണ് ഡയാനയും സഹോദരങ്ങളും വളരുന്നതും. പിന്നീട്, ആരിൽനിന്ന് എന്തൊക്കെ പഠിച്ചിട്ടുണ്ടെങ്കിലും മാതാപിതാക്കളിൽനിന്ന്, വിശിഷ്യാ, മാതാവിൽനിന്നു വീണുകിട്ടിയ മഹത്തായ മാതൃകയാണ് ഡയാനയുടെ അടിത്തറ. അത്യുന്നതങ്ങളിലായിരുന്നെങ്കിലും അമ്മയെ അനുകരിക്കാൻ അവൾക്കും തോന്നി – അവൾ താഴേക്കു ചാടി. ആ വീഴ്ചകണ്ട് ലോകം ഞെട്ടിത്തരിച്ചു!

പടിഞ്ഞാറൻ നാടുകളിൽ, പ്രത്യേകിച്ച് അമേരിക്കയിൽ വിവാഹം ഇന്ന് വെറുമൊരു വിനോദവിഷയമാണ്. രണ്ടുപേർക്കും ഇഷ്ടമുള്ളിടത്തോളം കാലം അതു നിലനില്ക്കുന്നു. അതു കഴിയുമ്പോൾ പങ്കുപിരിയുന്നു! എന്തിനും ഏതിനും പ്രതിവിധി വിവാഹമോചനമാണെന്നാണ് പലരും കരുതുക. ഇന്ന്, അവിടെയൊക്കെ പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന, നാളെയല്ലെങ്കിൽ മറ്റന്നാൾ നമ്മുടെ ഇടയിലേക്കും കടന്നുവരാനിരിക്കുന്ന വലിയൊരു വിഷബാധ വിവാഹമോചനത്തിന്റേതാണ്. ദമ്പതികളെക്കാൾ സന്തതികളെയാണ് അതു കൂടുതലായി ബാധിക്കുക. ഡയാനയുടെ ചരിത്രം അതാണു നമ്മെ അനുസ്മരിപ്പിക്കുന്നത്!

നാമൊക്കെ ഇന്ന് ഇതേ സ്ഥിതിയിൽ നിലനില്ക്കുന്നുണ്ടെങ്കിൽ അതിന്റെ മൂലകാരണം മാതൃകകളായി മാറിയ നമ്മുടെ പൂർവികരാണ്. തങ്ങൾക്കുവേണ്ടി ജീവിക്കാൻ മറന്നുപോയവരാണ് അവർ – സുഖസന്തോഷങ്ങളെന്താണെന്നറിയാൻ കഴിയാതെ പോയവർ. അവർ ജീവിച്ചത് അടുത്ത തലമുറയ്ക്കുവേണ്ടിയായിരുന്നു – മക്കൾക്കുവേണ്ടിയായിരുന്നു.

മലബാറിന്റെ മലയോരങ്ങളിൽ സാമാന്യം സമ്പന്നമായൊരു സമൂഹത്തെ പലയിടങ്ങളിലും കാണാൻ കഴിയും. പൊടുന്നവേ പൊങ്ങിവന്നവരല്ല അവർ. പട്ടിണിയും പരിമിതികളുംമൂലം തങ്ങൾക്കുള്ളതെല്ലാം വിറ്റുപെറുക്കി തിരുക്കൊച്ചിയിൽനിന്ന് ഈ മലമടക്കുകളിൽ കുടിയേറിയവരുടെ പിൻമുറക്കാരാണവർ – കായക്ലേശത്തിന്റെയും കഠിനാധ്വാനത്തിന്റെയും പ്രതീകങ്ങളായി കഴിഞ്ഞവരുടെ പിൻമുറക്കാർ. സന്തതികളെങ്കിലും സൗഭാഗ്യമനുഭവിക്കുവാൻ കയ്പും കണ്ണീരും അവർ വിലയ്ക്കുവാങ്ങി. അവരിൽനിന്നു പ്രകാശവർഷങ്ങൾക്കിപ്പുറമാണ് നമ്മുടെ ഡയാനയും മറ്റും.

പോയ തലമുറയുടെ മഹത്തായ ആ മാതൃകതന്നെയാവണം നമ്മുടെയും മാർഗദീപം. ■




# ഗുണപാഠങ്ങളുടെ കഥാലോകം



ജോയിഷ് ജോസ്

മധ്യവേനൽ അവധിക്കാലം ഇങ്ങെത്താറായി. പണ്ടൊക്കെ വായനയുടെ പൂക്കാലമായിരുന്നു അവധിക്കാലം. പക്ഷേ, ഇന്നിപ്പോൾ അങ്ങനെയാണെന്നു കരുതാനാകില്ല. കാരണം, വളരെക്കുറച്ചു കൊല്ലങ്ങൾക്കിടയിൽ ലോകം ഏറെ മാറിപ്പോയിട്ടുണ്ട്. ടെലിവിഷൻ, അതിൽ മിന്നിമായുന്ന ഇഷ്ടാനുസരണചാനലുകൾ, കാർട്ടൂൺ സിനിമകൾ, ഹാരി പോട്ടർ, അനുദിനം വർദ്ധിച്ചുവരുന്ന പഠനഭാരം, വേലികളെപ്പോലെ പൊളിച്ചോ നൂണ്ടോ കടക്കാനാവാത്ത മതിലുകളുടെ അതിപ്രസരം, 'ഇട്ടാവട്ടം' വീടുകളും മുറ്റമില്ലാവീടുകളും ആകാശംമുട്ടുന്ന വീടുകളും. കൂട്ടില്ലാത്ത, കളിയില്ലാത്ത ചുറ്റുവട്ടം...




അങ്ങനെയങ്ങനെ കുട്ടികളെ ഏതെങ്കിലും വിധത്തിൽ സഹായിക്കാനോ അഴിച്ചുവിടാനോ ഒന്നും പറ്റാത്ത അവസ്ഥ. വായനയിലേക്കെന്നല്ല, ഒന്നിലേക്കും അവരെ വഴിനടത്താനാവില്ല. അവരെ മാത്രമല്ല, ആരെയും. വല്ലാത്തൊരു ജീവിതകാലം. പക്ഷേ, മാതാപിതാക്കൾ കുട്ടികൾക്കുവേണ്ടി ചില പുസ്തകങ്ങൾ വായിച്ചിരിക്കുന്നതു നല്ലതാണ്. അത്തരത്തിലൊന്നാണ് ഈസോപ്പുകഥകൾ.

ലോകത്ത് ഏറ്റവും കൂടുതൽ പ്രചാരമുള്ള ഗുണപാഠകഥകളിൽ മുൻപന്തിയിലാണ് ഈസോപ്പുകഥകൾ. ഈസോപ്പുകഥകൾക്കു തുല്യമായ കഥകൾ പല ലോകഭാഷകളിലും കാണാമെങ്കിലും ഇവയുടെ സ്വീകാര്യത മറ്റൊന്നിനുമുണ്ടെന്നു തോന്നുന്നില്ല. ഒട്ടുമിക്ക ഭാഷകളിലേക്കും വിവർത്തനം ചെയ്തിട്ടുള്ള ഇവ പ്രായ – ദേശ – കാലഭേദമില്ലാതെ എല്ലാവരും ഒരേപോലെ ആസ്വദിക്കുന്നു. മലയാളത്തിലേക്കും ഈസോപ്പുകഥകൾ പല കാലഘട്ടങ്ങളിൽ പലർ വിവർത്തനം ചെയ്തിട്ടുണ്ട്. വിശ്വസാഹിത്യത്തിലെ കഥാപാരമ്പര്യത്തിന്റെ അതിപുരാതന ശേഖരങ്ങളായ ഈ കഥകൾ ബിസി 620 നും 560 നും മദ്ധ്യേ ജീവിച്ചിരുന്നതായി കരുതപ്പെടുന്ന ഈസോപ്പ് എഴുതിയതാണ്.

ഈ കഥകളൊന്നും കഥാകൃത്ത് ലിഖിതരൂപത്തിലാക്കാൻ സാധ്യതയില്ലെന്നും വാമൊഴിയായി പ്രചരിച്ച ഈ കഥകൾക്കു പിൽക്കാലത്ത് പുസ്തകരൂപം കൈവന്നതാണെന്നുമാണ് പണ്ഡിതരുടെ അഭിപ്രായം. ഇക്കാര്യത്തിൽ പണ്ഡിതർക്കിടയിൽ വിരുദ്ധാഭിപ്രായങ്ങളുണ്ടെങ്കിലും കഥകളുടെ മൂല്യത്തെ സംബന്ധിച്ചു തർക്കമില്ല. കൊച്ചുകൊച്ചു കഥകളിലൂടെ സാരോപദേശത്തിന്റെ വലിയ ലോകം ഇവ കാട്ടിത്തരുന്നു. മൃഗങ്ങളും പക്ഷികളും മനുഷ്യരും മറ്റു ചരാചരങ്ങളും നിറഞ്ഞ ഈ രസകരമായ കഥകളിലൂടെ നന്മയും തിന്മയും ശരിയും തെറ്റും ധർമവും അധർമവും എന്താണെന്നു ലളിതമായി അവതരിപ്പിക്കുന്നു.

ഒരു ഈസോപ്പ് കഥകൂടി പങ്കുവയ്ക്കുന്നു.

**ചെന്നായും ആട്ടിൻകുട്ടിയും**

കൂട്ടംതെറ്റി അലയുകയായിരുന്ന ആട്ടിൻകുട്ടിയെ കണ്ട ചെന്നായ് അതിനെ കൊന്നു തിന്നാൻ തീരുമാനിച്ചു.

എന്നാലതിനെ കൊല്ലാൻ ഒരു കാരണം കണ്ടെത്തിയിട്ടു മതി ശാപ്പിടാൻ എന്ന് ചെന്നായ് ഉറപ്പിച്ചു.

അവൻ ആട്ടിൻകുട്ടിയെ സമീപിച്ച് ഇപ്രകാരം പറഞ്ഞു: "എടാ കുഞ്ഞേ, കഴിഞ്ഞ വർഷം നീ എന്നെ അപമാനിച്ചില്ലേ?"

ആട്ടിൻകുട്ടിയാകട്ടെ വ്യസനപ്പെട്ടുകൊണ്ടു മൊഴിഞ്ഞു: "ഞാൻ ജനിച്ചിട്ടു മാസങ്ങളേ ആയിട്ടുള്ളൂ. കഴിഞ്ഞ വർഷം ഞാൻ ഉണ്ടായിരുന്നില്ല."

ചെന്നായ് ആരോപണം മാറ്റി. 'ഞാൻ ഇരപിടിക്കുന്ന മേച്ചിൽപ്പുറങ്ങളിലാണു നീ മേയുന്നത്' എന്നായി ചെന്നായ്.

"ഇല്ല അങ്ങുന്നേ. ഞാനിതേവരെ പുല്ലു കഴിക്കാറായിട്ടില്ല." ആട്ടിൻകുട്ടി പറഞ്ഞു.

'ഞാൻ കുടിക്കുന്ന ഉറവയിൽനിന്നാണ് നീ കുടിക്കുന്നത്' എന്നായി ചെന്നായയുടെ അടുത്ത ആരോപണം.

"ഞാനിന്നേവരെ അമ്മയുടെ പാലല്ലാതെ ഒന്നും കുടിച്ചിട്ടില്ല. പാലുമാത്രമാണ് എനിക്കു ഭക്ഷണവും പാനീയവും." ആട്ടിൻകുട്ടി ഉണർത്തിച്ചു.

ഇതോടെ ആരോപണങ്ങൾ മതിയാക്കിയ ചെന്നായ് ആട്ടിൻകുട്ടിയെ കൊന്നു ശാപ്പിട്ടുകൊണ്ടു പറഞ്ഞു: "എന്റെ ആരോപണങ്ങൾക്കെല്ലാം നിനക്കു മറുപടിയുണ്ടായിരിക്കാം. എന്നാലിന്ന് അത്താഴപ്പട്ടിണി കിടക്കാൻ എനിക്കുദ്ദേശ്യമില്ല."

ഗുണപാഠം: ദ്രോഹികൾക്ക് ഉപദ്രവിക്കാൻ എപ്പോഴും ന്യായങ്ങളുണ്ടാവും. ■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



ജലം ജ്വലിക്കുന്ന അഗ്നിയെ കെടുത്തുന്നതുപോലെ ദാനധർമം പാപത്തിനു പരിഹാരമാണ്.

പ്രഭാഷകൻ 3:30

**എഡിറ്റോറിയൽ**

# പ്രതീക്ഷയുണർത്തുന്ന പയ്യന്നൂർ പ്ലാന്റ്

**ലോ**കത്തെ ആദ്യസമ്പൂർണ സൗരോർജവിമാനത്താവളമായ 'സിയാലി'ന്റെ വികസനജൈത്രയാത്രയിൽ പുതിയ ചരിത്രത്തിളക്കമാവുകയാണ് പയ്യന്നൂരിലെ പന്ത്രണ്ടു മെഗാവാട്ട് ശേഷിയുള്ള സൗരോർജ പ്ലാന്റ്. നെടുമ്പാശേരി വിമാനത്താവളത്തിലുള്ള 38 മെഗാവാട്ടിന്റെ സൗരോർജപദ്ധതി കഴിഞ്ഞാൽ കേരളത്തിലെ ഏറ്റവും വലിയ സൗരോർജപ്ലാന്റാണിത്. 2015 ൽ വിമാനത്താവളം ഊർജസ്വയംപര്യാപ്തത കൈവരിച്ചതിനു ശേഷം വൈദ്യുതോത്പാദന രംഗത്തുള്ള സുപ്രധാന ചുവടുവയ്പാണ് പയ്യന്നൂർ പ്ലാന്റ്.

രാജ്യത്ത് അധികം പരീക്ഷിക്കപ്പെട്ടിട്ടില്ലാത്ത 'ഭൗമഘടനാനുസൃത സോളാർ പ്ലാന്റാ'ണ് പയ്യന്നൂരിലേത്. പയ്യന്നൂർ പ്ലാന്റിൽനിന്നു മാത്രം പ്രതിദിനം 48,000 യൂണിറ്റ് വൈദ്യുതി ലഭിക്കും.

സോളാർ കാർപോർട്ട് ഉൾപ്പെടെ കൊച്ചി വിമാനത്താവളപരിസരത്തുള്ള എട്ടു സൗരോർജപ്ലാന്റുകൾ നിലവിൽ സിയാലിന്റെ സൗരോർജപദ്ധതിയുടെ ഭാഗമാണ്. പയ്യന്നൂർ പ്ലാന്റ് പ്രവർത്തിച്ചുതുടങ്ങുന്നതോടെ സിയാലിന്റെ സോളാർ പ്ലാന്റുകളുടെ സ്ഥാപിതശേഷി 50 മെഗാവാട്ടായി വർദ്ധിക്കും.

സൗരോർജമേഖലയിൽ മറ്റു സംസ്ഥാനങ്ങൾ അതിവേഗം ബഹുദൂരം മുന്നേറുമ്പോൾ കേരളം സൗരോർജ പദ്ധതികളെ ഗൗരവമായി കണ്ടുതുടങ്ങിയിരിക്കുന്നത് സ്വാഗതാർഹമാണ്. പാരമ്പര്യേതര ഊർജസ്രോതസ്സുകളോട് എന്നും അകന്നുനിൽക്കാൻ ശ്രമിച്ചിട്ടുള്ള സംസ്ഥാനത്തിന് ഇത് വൈകിവന്ന വിവേകമാണ്.

രണ്ടു ലക്ഷത്തിലധികം യൂണിറ്റ് വൈദ്യുതിയാണ് പ്രതിദിനം സിയാൽ സൂര്യപ്രകാശത്തിൽനിന്ന് ഉത്പാദിപ്പിക്കുന്നത്. ചുരുങ്ങിയ കാലംകൊണ്ട് സിയാൽ 50 മെഗാവാട്ട് വൈദ്യുതി സൗരോർജത്തിൽനിന്ന് ഉത്പാദിപ്പിക്കുമ്പോൾ, വൈദ്യുതി മേഖലയിൽ വർഷങ്ങളുടെ പാരമ്പര്യമുള്ള കെ.എസ്.ഇ.ബി.യുടെ സംഭാവന വെറും 10.50 മെഗാവാട്ടാണ്.

2022 ഓടെ പുരപ്പുറ സൗരപദ്ധതിയിലൂടെ 40 ഗിഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനാണ് കേന്ദ്രം ലക്ഷ്യമിട്ടിരിക്കുന്നത്. 2030 ഓടെ ജൈവേതര ഇന്ധന സ്രോതസ്സിൽനിന്ന് രാജ്യത്ത് 40 ശതമാനം വൈദ്യുതി ഉത്പാദിപ്പിക്കാമെന്നും അതു യാഥാർത്ഥ്യമാക്കാൻ സൗരോർജോത്പാദനം 100 ഗിഗാവാട്ടായി ഉയർത്താൻ സാധിക്കുമെന്നും കേന്ദ്ര സർക്കാർ കണക്കുകൂട്ടുന്നു. സംസ്ഥാനത്തെ വൈദ്യുതി വിതരണസംവിധാനങ്ങൾവഴി നടപ്പാക്കുന്ന ഈ പദ്ധതിക്ക് സബ്സിഡിക്കായി മാത്രം 11,814 കോടി രൂപയാണു കേന്ദ്രം നീക്കിവച്ചിരിക്കുന്നത്.

സൗരോർജോത്പാദനത്തിൽ രാജസ്ഥാൻ, കർണാടകം, ഗുജറാത്ത്, തമിഴ്നാട്, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങൾ വലിയ മുന്നേറ്റമാണു നടത്തിയിട്ടുള്ളത്. 7800 മെഗാവാട്ടാണ് രാജസ്ഥാന്റെ സൗരപദ്ധതികളുടെ സ്ഥാപകശേഷി. നമ്മുടെ അയൽസംസ്ഥാനങ്ങളായ കർണാടകത്തിന് 7500 മെഗാവാട്ടും തമിഴ്നാടിന് 4675 മെഗാവാട്ടും സൗരോർജസ്ഥാപകശേഷിയുള്ളപ്പോൾ, കേരളത്തിന്റെ നിലവിലെ ആകെ സ്ഥാപകശേഷി 50 മെഗാവാട്ടിനു താഴെയാണെന്നത് ഇത്തിരി ലജ്ജയോടെ മാത്രമേ കേൾക്കാനാവൂ. കേന്ദ്രപദ്ധതി നടപ്പാക്കുന്നതിൽ കേരളം ദയനീയമായി പരാജയപ്പെട്ട ചിത്രമാണിത്. കൊവിഡിനെ പഴിചാരി ന്യായീകരണമെഴുന്നള്ളിച്ചതുകൊണ്ടായില്ല, മറ്റു സംസ്ഥാനങ്ങളും കൊവിഡ് പ്രതിസന്ധിയിൽത്തന്നെയാണ് സൗരോർജോത്പാദനശേഷി കൈവരിച്ചു മുന്നേറിയത് എന്നോർമിക്കുന്നതു നന്ന്.

250 മെഗാവാട്ട് സൗരോർജനിലയങ്ങൾക്കുള്ള സബ്സിഡി കേന്ദ്രം കേരളത്തിന് അനുവദിച്ചിട്ടും 12.38 മെഗാവാട്ട് വൈദ്യുതി മാത്രമാണ് പുരപ്പുറ സൗരപദ്ധതിയിലൂടെ വൈദ്യുതി ബോർഡിന് ഉത്പാദിപ്പിക്കാനായത്. 2022 മാർച്ചിൽ കേന്ദ്രപദ്ധതിയുടെ കാലാവധി അവസാനിക്കാനിരിക്കെയാണ് വൈദ്യുതി ബോർഡിന്റെ മെല്ലെപ്പോക്കുനയം തുടരുന്നതെന്നോർക്കണം. ഒരുലക്ഷത്തോളം ഭവനങ്ങളിലെങ്കിലും പുരപ്പുറസൗരനിലയം സ്ഥാപിക്കുമെന്ന് വൈദ്യുതിവകുപ്പുമന്ത്രി പറയുമ്പോൾ, നിലവിലുള്ള ഉപഭോക്താക്കളുടെ എണ്ണം 25,000 മാത്രമാണെന്നും അറിയണം. ഉദാസീനതയും അലസസമീപനങ്ങളും അവസാനിപ്പിച്ച്, പരമാവധി ഉപഭോക്താക്കളെ പദ്ധതിയുടെ ഭാഗമാക്കാൻ സർക്കാർ ആത്മാർത്ഥമായി പരിശ്രമിച്ചില്ലെങ്കിൽ, അതിന്റെ നഷ്ടം സംസ്ഥാനത്തിനു മാത്രമായിരിക്കും. ■

# പാലാ കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസി മികവിന്റെ നെറുകയിൽ



ഫാ. ബർക്കുമാൻസ് കുന്നുംപുറം

പാലാ: കെ.സി.ബി.സി.യുടെ ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന അവാർഡുകൾ പ്രഖ്യാപിച്ചു. സംസ്ഥാനത്തെ മികച്ച കോർപറേറ്റ് ആയി പാലാ കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസി തിരഞ്ഞെടുക്കപ്പെട്ടു. സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള അധ്യാപകരുടെ കൂട്ടായ പ്രവർത്തനമാണ് രൂപതയിലെ സ്കൂൾ വിദ്യാഭ്യാസപ്രസ്ഥാനത്തിന് ഈ നേട്ടമുണ്ടാക്കാൻ കാരണമായതെന്ന് കോർപറേറ്റ് സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം പറഞ്ഞു.

ദുരിതമേഖലയായ കൂട്ടിക്കലിൽ അധ്യാപകസമൂഹം കൈത്താങ്ങായതും കൊവിഡ് രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിന് ആംബുലൻസ് സൗജന്യമായി വാങ്ങി നല്കിയതും വീട് ഇല്ലാത്തവർക്ക് വീട് വച്ചു നൽകിയതും കോർപറേറ്റിന്റെ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ്.

പൊതുജനസഹകരണത്തോടെ 13 സ്കൂളുകൾ നിർമിക്കുന്നതിനും 83 സ്കൂളുകൾ പുതുക്കിപ്പണിയുന്നതിനും സാധിച്ചു. കുട്ടികൾക്ക് സൗജന്യമായി മൊബൈൽ ഫോൺ വിതരണം, സിവിൽ സർവീസ് പരിശീലനം, എസ്എസ്എൽസി, പ്ലസ് ടൂ പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് അനുമോദനം, ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷനു നിവേദനം, ഗാന്ധിജയന്തി പ്രസംഗമത്സരം, മലയാളപാഠപുസ്തകങ്ങളിൽ അക്ഷരമാലയെ പുനഃസൃഷ്ടിക്കാൻ പരിശ്രമിച്ച ഡോ. തോമസ് മൂലയിൽ അച്ചനും ഭാഷാവിദഗ്ധസമിതിയംഗം ചാക്കോ സി. പൊരിയത്തിനും ആദരം, മികച്ച എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാർക്കും വോളന്റിയർമാർക്കും അനുമോദനം, ലഹരിവിരുദ്ധദിനസന്ദേശം, വിദ്യാഭ്യാസ മേഖലയ്ക്കു നൽകിയ സംഭാവനകൾ പരിഗണിച്ചും കൈവരിച്ച നേട്ടങ്ങൾ മുൻനിർത്തിയും കോർപറേറ്റിലെ മികച്ച അധ്യാപകർക്ക് ആദരം, സാമൂഹികവിഷയങ്ങളിലെ പ്രതികരണം എന്നിവയെല്ലാമാണ് പാലാ കോർപറേറ്റിനെ അവാർഡിനർഹമാക്കിയത്.

മികച്ച അധ്യാപകൻ, ലഹരിവിരുദ്ധ സ്കൂൾ, പ്രബന്ധരചന, കവിതാരചന എന്നീ ഇനങ്ങളിലും രൂപത മുൻപന്തിയിൽ എത്തി. കോർപറേറ്റ് സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം, ടീച്ചേഴ്സ് ഗിൽഡ് രൂപത ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ, പ്രസിഡന്റ് ആമോദ് മാത്യു, സെക്രട്ടറി ജോബെറ്റ് തോമസ് എന്നിവരാണ് പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയത്.

കോർപറേറ്റിനു ലഭിച്ച മറ്റു സമ്മാനങ്ങൾ: മികച്ച അധ്യാപകൻ (യു.പി. വിഭാഗം) – റോയി ജെ. കല്ലറങ്ങാട്ട് (സെന്റ് ജോർജ് എൽ.പി.എസ്. അറക്കുളം). പ്രബന്ധരചന: ഷിനു ആനത്താരയ്ക്കൽ–ഒന്നാം സ്ഥാനം (സെന്റ് മേരീസ് എച്ച്.എസ്.എസ്. അറക്കുളം), കവിതാരചന: ലിന്റമോൾ ആന്റണി – രണ്ടാം സ്ഥാനം (സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്. കടനാട്), ലഹരിവിരുദ്ധവിദ്യാലയം: ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ, ചെമ്മലമറ്റം (3–ാം സ്ഥാനം)



റോയ് ജെ. കല്ലറങ്ങാട്ട്



ഷിനു ആനത്താരയ്ക്കൽ



ലിന്റ മോൾ ആന്റണി

# ചാവുമണം



നിഷ ആന്റണി

കഥ



**വി**ധവ.

അതൊരു പരിഷ്കാരോം ഇല്ലാത്ത പേരല്ലേ സാറേ. സാറിനെപ്പോലെ പഠിപ്പൊള്ളോരെങ്കിലും ഇച്ചിരി മര്യാദയ്ക്ക് വർത്തമാനം പറഞ്ഞാട്ടെ.

ഒറ്റനോട്ടത്തിൽ അതൊരു സൈക്യാട്രിസ്റ്റിന്റെ മുറിയാന്നു തോന്നുകേയില്ല. സുന്ദരമായ പശ്ചാത്തലമാണെങ്കിലും പ്രാന്തിനു ചികിത്സിക്കാനാണ് തന്നെ കൊണ്ടുവന്നിരിക്കുന്നത് എന്ന ചിന്തയും അമ്മച്ചി എത്ര വയസ്സിലാ വിധവ ആയത് എന്ന ഡോക്ടറുടെ ചോദ്യവും കുഞ്ഞൊറോതയെ വല്ലാതെ ചൊടിപ്പിച്ചു.

അമ്മച്ചി വല്യ വായനക്കാരിയാന്നും പരിഷ്കാരി ആന്നും മക്കള് പറഞ്ഞു. ആട്ടെ, എന്നതാ അമ്മച്ചീടെ പ്രശ്നം?

ഓ.. എനിക്ക് ഏനക്കേടൊന്നുമില്ല. പൊറുതികേട് ഉണ്ടായപ്പോഴൊന്നും ആരും ഒട്ടു ചോദിച്ചു വന്നതുമില്ല. ഇപ്പം എന്റെ മക്കൾക്കല്ലേ പ്രശ്നം. അതല്ലേ അവര് എന്നെ ഇങ്ങോട്ടു കൊണ്ടുവന്നത്? സാറ് ദേ പൊറത്തേക്കു നോക്ക്യേ... വാലിമ്മേ തീ പിടിച്ചപോലെ ഒരുത്തൻ നടക്കണ കണ്ടോ? അവനാ എന്റെ മൂത്ത മോൻ വെഞ്ചമി. എളേവൻ മാർട്ടി. ഇവന്റെയൊക്കെ പെമ്പിളേനെ പേറ്റിനു കേറ്റിപ്പംപോലും ഈ നടപ്പ് നടന്നിട്ടില്ല.

കരികെല കൂട്ടിയിട്ട് കത്തിക്കുമ്പോലെ എരിഞ്ഞൊരു ചിരി കുഞ്ഞൊറോതയുടെ മുഖത്ത് തെളിഞ്ഞു. ചിരിയിൽ ഉരുകിപ്പോയ ചില ദുരനുഭവങ്ങൾ അവരുടെ കണ്ണിൽ വീണ്ടും തെളിഞ്ഞു.

തന്റെ ഉള്ള് ഇളകുന്നതുപോലും മുന്നിലിരിക്കുന്ന ആൾ അറിയാതിരിക്കാൻ ഒറോത മപ്പുകടിച്ച് തോൾ കുലുങ്ങിച്ചിരിച്ച് കണ്ണു നിറഞ്ഞത് മറച്ചു.

എന്റെ മക്കൾക്കെന്നാ ആവശ്യം? അതു പറ.

ചുമ്മാ നേരം കളയണ്ട. ആരാ അമ്മച്ചീ ഈ വട്ടപ്പാറ വർക്കി?

എന്റെ കെട്ട്യോൻ, നല്ല കാര്യായിപ്പോ.. കസേരമ്മേ ഇരുന്നോണ്ട് സാറാ പേര് പറഞ്ഞത് ഞാൻ ക്ഷമിച്ചിരിക്കുന്നു. അങ്ങ് കൂത്താട്ടുകുളത്ത് ഉള്ളോരൊന്നും അതിയാന്റെ പേര് ഇരുന്നോണ്ട് പറയൂല്ല.

അതു കേട്ടപ്പോ ഡോക്ടർ ഈനാസിന് ക്ഷീണം തോന്നി.

അതെന്താ? അങ്ങേര് റൗഡിയാന്നോ?

ദേ സാറ് പരിഷ്കാരമില്ലാണ്ട് പിന്നേം സംസാരിച്ചു. അങ്ങനെ ശടേന്ന് കണക്കു ചെയ്തല്ല അങ്ങേര് ബഹുമാനം മേടിച്ചത്. ഒള്ള കണ്ടോം പാടോം ഒക്കെ വെട്ടിമുറിച്ച് വീതിച്ച് അളക്കുവപോലും ചെയ്യാതെയാ അതിയാൻ മലബാറീന്ന് പറമ്പ് കണ്ടിക്കാൻ പോയിട്ട് ഒരു ഗതീമില്ലാതെ തിരിച്ചുവന്നോർക്ക് കൊടുത്തത്. ഒള്ളതി പാതി കൊടുത്ത് ദേശക്കാർക്ക് അങ്ങേര് ദൈവായി.

എന്നിട്ട്?

എന്നിട്ട് പിന്നെ എന്നാ പറയാനാ സാറേ. അഞ്ചാറ് വർഷംകൂടെ ജീവിച്ചോള്ള്. അന്നരത്തേക്കും ഒടേതമ്പ്രാൻ അങ്ങേരെ വിളിച്ചു. എന്റെ ഇരുപത്തഞ്ചാം വയസ്സാണെന്നോർക്കണേ. ഏലക്കാട്ടീന്ന് തണുപ്പെളകി വന്ന ഒരു രാത്രി അങ്ങേരങ്ങ് പോയി. അന്ന് വെഞ്ചമിക്ക് അഞ്ചും മാർട്ടിക്ക് രണ്ടും വയസ്സാ.

ഡോക്ടർ ഈനാസിനു മുന്നിൽ ഒരു കൊച്ചു സുന്ദരിയും രണ്ടു മക്കളും ഏലക്കാടിലെ തണുപ്പത്തിരുന്ന് പതം പറഞ്ഞ് കരയുന്ന ചിത്രം വന്നു. ഈനാസു എത്ര ഡിലീറ്റാക്കിയിട്ടും ആ ചിത്രം മായുന്നില്ല. പിന്നെ ചോദ്യം മുഴുവൻ എഴുപതു കഴിഞ്ഞ കുഞ്ഞറോതയിൽ നിന്നു മാറി ഇരുപത്തഞ്ചു പിന്നിട്ട കുഞ്ഞൊറോതയോടായി.

അന്നത്തെ തണുപ്പൊക്കെ ഒറ്റയ്ക്ക് എങ്ങനെ സഹിച്ചു?

ആ അങ്ങനെ ഡോക്ടർ വഴിക്ക് വാ. ഇതൊരു പരിഷ്കാരോള്ള ചോദ്യവാ.

ഒരു പാട് അർത്ഥങ്ങളൊള്ള ഒരൊറ്റ വാക്കാണീ 'ഒറ്റ'. നല്ല ചൂട് കട്ടൻ കാപ്പി തെകത്തിത്തന്നാൽ മറുപടി പറയാം.

ഈനാസിന്റെ ആവേശം ഏലക്കാട്ടിലെ തണുപ്പോളം എത്തിയിരുന്നെങ്കിലും കുഞ്ഞൊറോതയുടെ താത്കാലികാവശ്യത്തിലേക്ക് അയാൾ പിൻതിരിഞ്ഞു.

ഫ്ളാസ്കിൽനിന്നു കാപ്പി പകരുമ്പോൾ കുഞ്ഞൊറോത അലമാരയിലുള്ള ബുക്കുകളിൽ കൈ പരതുന്നത് കണ്ടു.

അമ്മച്ചി ഒന്നിരി, എന്നിട്ട് പറ,

ഓ.. എന്നാ ഇരിക്കാനാ. ഞങ്ങക്കെല്ലാം എന്തേലുമൊക്കെ ചെയ്തോണ്ടിരിക്കുമ്പം പറയുന്നതാ ശീലം, പണ്ട് ചെരട്ടേന്ന് ഒട്ടുപാൽ പറിക്കുമ്പോഴും ഇഞ്ചിക്കണ്ടത്തിൽ കള പറിക്കുമ്പോഴുമൊക്കെയാ ഞങ്ങള് വർത്തമാനം പറഞ്ഞോണ്ടിരുന്നേ... ഇങ്ങനെ കുത്തിയിരുന്നോണ്ടുള്ള പറച്ചിലൊന്നുമില്ല.

കുഞ്ഞൊറോത മുറിക്കുള്ളിൽക്കൂടി നടന്ന് ജനലിനരികിൽ ചെന്നുനിന്ന് ഒരു പാളി തുറന്നു. ഒരോർമ വലിച്ച് അകത്തേക്കു കയറ്റി.

അന്ന് ആളുകള് ഒറ്റയ്ക്കാരുന്നില്ല സാറേ, ഒരു കൂട്ടംതന്നെ ആയിരുന്ന്. മക്കള്, അമ്മായിയമ്മ, നാത്തൂൻമാര്, ഇളേപ്പൻമാര്, പേരപ്പന്മാര്, ചാച്ചന്മാര് വല്യപ്പച്ചൻ, വല്യമ്മച്ചി, എളേമ്മമാര്... ഇടയ്ക്ക് പെറാൻ വരുന്നോര്, അവരുടെ മക്കള്, പിന്നെ കൃഷീം, പറമ്പിലെ നാൽക്കാലികളും. എല്ലാംകൂടി ഒരു ദേശംതന്നെയാ വീട്. ഒറ്റയ്ക്കിരിക്കാൻതന്നെ നേരോല്ല. ജീവിതം എവിടേം കെട്ടിനിന്നിരുന്നില്ല. ഒരൊഴുക്കുണ്ടായിരുന്ന്.

എന്നിട്ട്?

എന്നിട്ടെന്നാ? അതൊക്കെ പഴങ്കഥയല്ലേ. അല്ല, സാറെന്നാ എന്റെ കാപ്പിക്ക് മധുരമിടാണ്ടിരുന്നേ? ഇച്ചിരി പഞ്ചാരയിങ്ങെടുത്തേ.

അമ്മച്ചിക്ക് ഷുഗറൊന്നുമില്ല്യോ?

ദേ.... എന്നെയിവിടെ നിർത്തിയേച്ച് വരാന്തേനിന്ന് പേറ്റുനൊമ്പരം അനുഭവിക്കുന്ന ലവൻമാരില്ലേ? ലവൻമാർക്കുണ്ട് ഈ രണ്ടസുഖോം. പ്രാന്തും ഷുഗറും.

അതൊക്കെ നമുക്ക് മാറ്റാം അമ്മച്ചി. ഏലക്കാട്ടിൽ സംഭവിച്ച ദാരുണസംഭവത്തിന്റെ ബാക്കി കഥ തന്റെ മനോസങ്കല്പത്തിനു ചൂടു പിടിപ്പിക്കില്ലാന്നു തോന്നിയതോണ്ട് ഈനാസ് തനിക്കു പരിഹരിക്കേണ്ടതായ പ്രശ്നത്തെ പെട്ടന്നോർത്തു.

പുറത്ത് കുഞ്ഞൊറോതയുടെ മക്കൾ അസ്വസ്ഥരാണ്.

വട്ടപ്പാറ വർക്കീടെ ഭാര്യ കുഞ്ഞെറോത സ്വത്തെല്ലാം കണ്ട ചാവാലിപ്പട്ടികളെ സംരക്ഷിക്കാൻ എഴുതി കൊടുത്തൂന്നു പറഞ്ഞാ ആർക്കാ ഡോക്ടറെ നാണക്കേട്?

വെഞ്ചമിന്റെ മാരകസംഭാഷണങ്ങൾക്കൊപ്പം മാർട്ടിയുടെ കടുപ്പിച്ച ശരീരചലനങ്ങളും ഈനാസിന്റെ തലച്ചോറിലേക്ക് തെകട്ടി വന്നു. ഈനാസുടനെ കുഞ്ഞൊറോതയുടെ മുന്നിലേക്ക് പ്രശ്നം എടുത്തിട്ടു.

ഞാമ്പറേന്നത് എന്നാന്നു വച്ചാ അമ്മച്ചി ഇപ്പോഴുള്ള ഈ മൃഗപരിപാലനം ഒക്കെ നിർത്തി സ്വത്തൊക്കെ....

ഈനാസിന് പൂർത്തിയാക്കാൻ പറ്റിയില്ല. ഓ... അപ്പൊ അതായിരുന്നോ വിഷയം? ആട്ടെ സാറെന്നാത്തിനാ കേറി വരുന്നവഴി സോഫമേൽ വാൽ വളഞ്ഞ ഒരെണ്ണത്തിനെ കെടത്തിയേക്കുന്നെ? ഡോക്ടർക്ക് പരീക്ഷയിൽ തോറ്റതുപോലെ തോന്നി. ഞാനതിന് സ്വത്തും മൊതലുമൊന്നും എഴുതിക്കൊടുത്തിട്ടില്ല. ആകെ ഒരു കൂട് മാത്രമേ കൊടുത്തിട്ടുള്ളു.

ഈനാസ് കുഞ്ഞൊറോതയ്ക്ക് അഭിമുഖമായി നിന്നു. സാറിന് വീണ്ടും പരിഷ്കാരമില്ലാണ്ടായി. കൂട് എന്നാത്തിനാ, അതിനെ കെട്ടീടാനല്ലേ? ആയിരത്തിത്തൊള്ളായിരത്തി നാല്പത്തിയേഴില് ഗാന്ധിജി നമ്മടെ കൂടിന്റെ കെട്ടഴിച്ചതല്ലേ സാറേ.

ശരി, സമ്മതിച്ചു. അമ്മച്ചി അതിനെ മുറീ കെടത്തീരിക്കുന്നത് എന്തിനാ?

അതൊരു രഹസ്യമാ സാറേ.

എന്തു രഹസ്യം?

ചാവുരഹസ്യം. കുഞ്ഞറോതയുടെ മുഖം കൂർത്തു. ചുണ്ടുകൾക്ക് കാപ്പിപ്പൊടിയുടെ നിറം വന്നു.

സാറിനറിയോ? പെര കേറി ചാവു വരുന്നതിന്റെ മണം പിടിക്കാനുള്ള കഴിവ് ഇതുങ്ങക്കുണ്ട്. ചാവടുക്കുമ്പോ ഇതുങ്ങള് വേളുന്നത് കേട്ടിട്ടില്ലേ.

ഈനാസ് മേശപ്പുറത്തിരുന്ന കണ്ണട എടുത്ത് മുഖത്തു വച്ച് കണ്ണിലെ ഭയം ഒളിപ്പിച്ചു. എന്നിട്ട് വാതിൽപ്പഴുതിന്റെ ദ്വാരത്തിൽക്കൂടി പുറത്ത് സോഫയിൽ കിടക്കുന്ന തന്റെ ജാക്കിനെ നോക്കി. പിന്നെ കുഞ്ഞൊറോതയെയും.

ഒറ്റയ്ക്കിരുന്ന് ജീവിതത്തിനു തഴമ്പു പിടിച്ചു സാറേ. ഇപ്പോ ഒരു ഒഴുക്കൂല്ല. പെരയ്ക്കാത്തും മുറിക്കാത്തുമായി കെട്ടിക്കിടപ്പാ. പറഞ്ഞാ ആർക്കും മനസ്സിലാവൂല്ല. ഒരിക്കൽ ചാവാലിപ്പട്ടിയാന്നും പറഞ്ഞ് വെഞ്ചമി ഒരെണ്ണത്തിനെ തല്ലിക്കൊല്ലാൻ പോണത് കണ്ടു. ഞാനതിനെ നല്ല ഭക്ഷണോക്കെ കൊടുത്ത് ഒരു മെനയ്ക്കാക്കി എടുത്തു. ഇട്ടീന്ന് പേരുമിട്ടു. ഒരു ദിവസം എവരെല്ലാംകൂടി സിനിമയ്ക്കു പോയ സമയത്ത് എനിക്കങ്ങ് ശ്വാസംമുട്ടൽ തൊടങ്ങി. അയലോക്കംവഴി നെരങ്ങുവാന്നും പറഞ്ഞ് എന്നെ പൊറത്തൂന്ന് പൂട്ടീട്ടാ പോയെ... ആരേലുമുണ്ടോ? ഞാൻ ചത്തൂന്നു കരുതീതാ. എന്റെ വെഷമോം പരവേശോം കണ്ടിട്ട് ഇട്ടി കൊര തൊടങ്ങി. അങ്ങനെ അയലോക്കങ്കാര് വന്നാ എന്നെ ആശൂത്രി കൊണ്ടോയേ. അന്നു തൊട്ട് ഞാനെന്റെ മുറീ കെടത്താൻ തൊടങ്ങീതാ ഇട്ടീനെ. ആർക്കാ ചേതം?

എന്റെ പെര. എന്റെ മുറി. എന്റെ പട്ടി.

അമ്മച്ചി ഇരുന്നേ... കെതപ്പൊണ്ടല്ലോ? കണ്ണ് ചൊവന്നോ? കുഞ്ഞൊറോത ഡെയ്ഞ്ചർ സോണിലേക്കാണോ പോകുന്നേന്ന് ഒരു സംശയം തോന്നി ഈനാസിന്. ആ ഒണ്ടാകും, പിടിക്കാത്തത് പറേമ്പം നെഞ്ചില് ശ്വാസം കെട്ടും. കണ്ണു ചൊവക്കും. ഇപ്പോ രാത്രീലെങ്ങാനും ശ്വാസംമുട്ടി ഞാനൊന്ന് ഞരങ്ങ്യാ ഇട്ടി അപ്പോ അറിയും നിർത്താണ്ടൊള്ള കൊരേല് വേലക്കാരി പെണ്ണ് പാഞ്ഞുവരും. നെഞ്ചു തിരുമ്മും, ചൂടുവെള്ളം തരും. എന്നാലും വെഞ്ചമീം മാർട്ടീം അറിയേല. ശകലം വെള്ളം കിട്ടി മരിക്കാനല്ലേ എല്ലാവർക്കും പൂതി.

എന്റെ പട്ടിപ്രേമം കണ്ടിട്ടായിരിക്കും ചെലപ്പോ മെമ്പറ് മൃഗാശുപത്രിക്കു സ്ഥലം ചോദിച്ചത്. ഞാനതങ്ങ് കൊടുത്തു. റോഡരികാ.. നല്ല വെലേള്ള സ്ഥലവാ.

എന്നാലും അമ്മച്ചി... സെന്റിന് ലക്ഷങ്ങള് കിട്ടുന്ന സ്ഥലവാ...

ഒരെന്നാലൂല്ല. എല്ലാവരുടെയും ഉള്ളില് പറഞ്ഞ കാര്യങ്ങളെക്കാൾ അധികം കാര്യങ്ങള് പറയാതെ കെടപ്പുണ്ട്. അതിലായിരിക്കും സത്യം മുഴുവൻ. അതൊക്കെ എന്നെക്കൊണ്ട് എഴുന്നള്ളിപ്പിക്കണ്ടാന്ന് ലവൻമാരോട് പറഞ്ഞേരെ. എഴുതിയത് എഴുതി. ഒറോതയ്ക്കിനി മാറ്റോല്ല. പട്ടിയാണേലും കാര്യത്തിന് ഉപകരിച്ചാ ചെലപ്പോ നമ്മള് സ്നേഹിച്ചുപോകും.

സാറെ, ഇതാ പറയുന്നത് അവനോൻ ഇരിക്കണ്ടേടത്ത് ഇരുന്നില്ലേല് അവിടെ പട്ടി കേറിയിരിക്കൂന്ന്. ഡോക്ടറ് ഒന്നാലോചിക്ക്, എനിക്കാന്നോ, അതോ ലവൻമാർക്കാണോ കൗൺസിലിങ്ങ് കൊടുക്കണ്ടേന്ന്,

കുഞ്ഞൊറോത യാതൊരു തളർച്ചയും കൂടാതെ മുറി വിട്ടിറങ്ങി.

ഈനാസ് അടുത്ത പേര് വിളിച്ചു. വട്ടപ്പാറ ബെഞ്ചമിൻ, വട്ടപ്പാറ മാർട്ടി.

■




# നക്ഷത്രശോഭയുള്ള വാക്കുകൾ



ജിൻസ് കാവാലി



എഴുത്തിലെ ഭാഷ എപ്രകാരമായിരിക്കണമെന്നതിനു നിയതമായ നിയമങ്ങളൊന്നുമില്ല. എന്നാൽ, എല്ലാ എഴുത്തുകാരും വായനക്കാരന്റെ ഹൃദയഭൂമിയിൽ തന്റെ എഴുത്തിനു സവിശേഷമായ ഒരിടമുണ്ടായിരിക്കണമെന്നാഗ്രഹിക്കുന്നു. അതിനായി അനനുകരണീയമായ ഒരു ഭാഷ സൃഷ്ടിക്കാൻ, വാക്കുകളെ നക്ഷത്രശോഭയുള്ളതാക്കി മാറ്റാൻ അവർ നിരന്തരം പരിശ്രമിക്കുന്നു. ആണ്ടോടാണ്ട് വൃക്ഷങ്ങൾ ഇലകൾ കൊഴിച്ച് പുത്തനിലകൾ ചൂടുന്നതുപോലെ, എഴുത്തുകാരും തങ്ങളുടെ സർഗവൃക്ഷങ്ങളിൽ പുത്തൻ വാക്കിലകൾ തുന്നിച്ചേർക്കുകയും നിരന്തരോപയോഗത്താൽ നിറം മങ്ങിയവയെ അടർത്തിമാറ്റുകയും ചെയ്യേണ്ടതുണ്ട്. ആവർത്തനവിരസത വായനക്കാരെ, എഴുത്തുകാരിൽനിന്നകറ്റും.

ഭാഷയെ നവീകരിക്കുകയും നൂതനവാക്കുകൾ കണ്ടെത്തുകയും ചെയ്യണമെന്നതിനർത്ഥം ഭാഷയെ സങ്കീർണമാക്കണമെന്നല്ല. ശബ്ദതാരാവലിയിൽ നിന്നല്ല, ഹൃദയതാരാവലിയിൽനിന്നാവണം കവികളും കഥാകൃത്തുക്കളും പുതിയ വാക്കുകൾ കണ്ടെത്തേണ്ടത്. ഉദാഹരണമായി സ്നേഹമെന്ന വാക്കിന്റെ നിഘണ്ടുവിലുള്ള അർത്ഥങ്ങൾ പരിശോധിക്കുമ്പോൾ 'എണ്ണ' എന്നൊരർത്ഥവും കാണാം. എന്നാൽ, ഒരു പ്രണയകഥയിൽ സ്നേഹത്തിനു പകരമായി എണ്ണ എന്നൊരെഴുത്തുകാരൻ ഉപയോഗിച്ചാൽ എന്താവും കഥ! എഴുത്തിൽ ഔചിത്യം പരമപ്രധാനമാണ്. കൃത്രിമമായ പദാവലികൾ സൃഷ്ടിക്കുന്നതിനെക്കാൾ ഉചിതം, ചിരപരിചിതമായ വാക്കുകൾതന്നെ പ്രയോഗിക്കുന്നതാണ്. അമ്മ, ഉമ്മ എന്നീ പദങ്ങൾ എത്രയോ തവണ നാം കേട്ടിരിക്കുന്നു. എങ്കിലും അമ്മ നൽകുന്ന ഉമ്മയുടെ സൗന്ദര്യം മാതാവേകുന്ന ചുംബനത്തിനില്ല.

ഓക്‌ലാൻഡ് യൂണിവേഴ്സിറ്റിയിലെ ഹ്യൂമാനിറ്റീസ് പ്രഫസറും ഇന്റർനാഷണൽ റൈറ്റിങ് കൺസൾട്ടന്റുമായ ഹെലൻ സ്വോർഡ് അവരുടെ 'ദി റൈറ്റേഴ്സ് ഡയറ്റ്' (The Writers Diet) എന്ന പുസ്തകത്തിൽ എഴുത്തുകാർക്ക് തങ്ങളുടെ ഭാഷയെ എപ്രകാരം കൂടുതൽ ആകർഷകമാക്കാം എന്നു വിശദീകരിക്കുന്നുണ്ട്. 'വേസ്റ്റ് വേർഡ്സ്' പൂർണമായും ഒഴിവാക്കുക എന്നതാണ് ഹെലൻ നൽകുന്ന ആദ്യത്തെ നിർദേശം. ഇതിൽ അമിതമായ അലങ്കാരങ്ങളും ക്ലീഷേയായ പദപ്രയോഗങ്ങളും ഉൾപ്പെടും. ആവർത്തനങ്ങൾ ഒഴിവാക്കണമെന്നു പറയുമ്പോൾത്തന്നെ ചില സന്ദർഭങ്ങളിൽ ആവർത്തനങ്ങൾ ആഖ്യാനത്തിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുമെന്നും അവർ ചൂണ്ടിക്കാട്ടുന്നുണ്ട്. ഉദാഹരണമായി പറയുന്നത് ചാൾസ് ഡിക്കൻസിന്റെ പ്രശസ്തമായ 'A Tale of Two Cities' എന്ന നോവലിന്റെ ആരംഭമാണ്. 'It was the best of times, it was the worst of times, it was the age of wisdom, it `was the age of foolishness, it was the epoch of belief, it was the spring of hope, it was the winter of despair...' ഇവിടെ ആവർത്തിക്കപ്പെടുന്ന 'it was' അനുചിതമോ അഭംഗിയോ ആകുന്നില്ല. ഭാഷയെ എപ്രകാരം കൈകാര്യം ചെയ്യണമെന്നു മനസ്സിലാക്കിയാൽ എഴുത്തുകാർക്ക് തങ്ങളുടെ കൃതികളിൽ അദ്ഭുതങ്ങൾ സൃഷ്ടിക്കാം.

ഉലാവ് എച്ച് ഹേഗ് തന്റെ കാവ്യജീവിതത്തെ വിലയിരുത്തിക്കൊണ്ട് ഒരിക്കൽ ഇപ്രകാരം പറഞ്ഞു: "ഞാനിപ്പോഴും അസ്തിവാരത്തിനു കല്ല് നിരത്തുന്നതേയുള്ളൂ. മുകളിൽ വരാൻ പോകുന്ന വീടിനെക്കുറിച്ച് എനിക്കു സ്വപ്നം കാണാനേ കഴിയൂ." തീർച്ചയായും പൂർണതയെന്നത്, പരിപൂർണ സംതൃപ്തി എന്നത് എഴുത്തിൽ സാധ്യമല്ല. അകലെയെങ്ങോ ഉള്ള പൂർണതയുടെ ആ ചക്രവാളത്തിലേക്കെത്തിച്ചേരാനുള്ള പ്രയാണമാണ്, പരിശ്രമമാണ് ഓരോ എഴുത്തുകാരുടെയും സർഗജീവിതം.

കൃത്യമായ വാക്കിനുവേണ്ടിയുള്ള ഗുസ്താവ് ഫ്‌ളോബേറിന്റെ അന്വേഷണം ഏറെ പ്രശസ്തമാണ്. ഒരു വാചകം തിരുത്തിക്കൊണ്ട് ഒരു പകൽ മുഴുവൻ ചെലവിടാൻ അദ്ദേഹത്തിനു മടിയുണ്ടായിരുന്നില്ല. ശേഷം രാത്രിയിൽ ചിലപ്പോൾ ആ വാചകം വെട്ടിക്കളഞ്ഞെന്നും വരാം. ലോകപ്രശസ്തമായിത്തീർന്ന 'മദാം ബോവറി' ഏഴു തവണയാണ് ഫ്‌ളോബേർ മാറ്റിയെഴുതിയത്. അത്രയേറെ തല പുകച്ചാണ് എഴുത്തുകാർ മഹത്തായ കൃതികൾ സൃഷ്ടിക്കുന്നത്. 'തലയോട്ടിക്കുള്ളിലെ തീജ്വാലയാണു വാക്ക്' എന്നു കെ. പി. അപ്പൻ പറയുന്നുണ്ട്. ആ അഗ്നിയെ നിരന്തരം ജ്വലിപ്പിച്ചുനിർത്താനാണ് ഓരോരുത്തരും തങ്ങളുടെ എഴുത്തുവഴികളിൽ അത്യധ്വാനം ചെയ്യുന്നത്.

എഴുത്ത്, വിശേഷിച്ചും സർഗാത്മകസാഹിത്യസൃഷ്ടി, ഒട്ടുമേ ലളിതമായൊരു പ്രക്രിയയല്ല. 'ഒരു സങ്കീർത്തനം പോലെ' എന്ന ഉജ്ജ്വലകൃതിയുടെ രചനാകാലത്തെക്കുറിച്ച് പെരുമ്പടവം ഓർമിക്കുന്നതിങ്ങനെ: 'പച്ചക്കാടിനു തീ പിടിച്ചതുപോലെയായിരുന്നു ആ ദിവസങ്ങൾ. ആറു മാസത്തോളം മുറിയടച്ചിരുന്ന് ഒരു തപസ്സുതന്നെയായിരുന്നുവത്. ഭാര്യയും മക്കളുംപോലും ആ ദിവസങ്ങളിൽ അടുത്തുവന്നിരുന്നില്ല. പുറത്തു ചോറു വിളമ്പിവയ്ക്കും. ഇടയ്ക്കു വന്നു കഴിച്ചുമടങ്ങും.' വായനക്കാരന്റെ ഹൃദയത്തിൽ ശാശ്വതമായൊരിടം നേടിയിട്ടുള്ള ഏതു പുസ്തകവും എടുത്തുനോക്കിക്കോളൂ, അതിൽ എഴുത്തുകാരന്റെ ആത്മാർപ്പണത്തിന്റെ മുദ്ര കാണാം. വാലസ് സ്റ്റീവൻസിന്റെ അഭിപ്രായത്തിൽ, 'ആളുകളെ ജീവിക്കാൻ സഹായിക്കുകയാണ് എഴുത്തുകാരുടെ കർത്തവ്യം.' അതിസാധാരണമെന്നും അർത്ഥശൂന്യമെന്നും തോന്നുന്ന ജീവിതത്തെ എഴുത്തുകാർ വാക്കിന്റെ നക്ഷത്രങ്ങൾകൊണ്ടലങ്കരിക്കുമ്പോൾ ജീവിതത്തിന് അനന്യമായ സൗന്ദര്യവും ആഴവും ഉണ്ടാകുന്നു. വാക്കുകൾ തേടിയിറങ്ങിയ ദൈവത്തിനു ലഭിച്ചതു നക്ഷത്രങ്ങളായിരുന്നു. നക്ഷത്രങ്ങളെ സൃഷ്ടിച്ചതു ദൈവമായിരുന്നതിനാൽ ദൈവത്തിനതിൽ പുതുമ തോന്നിയില്ല. 'ദൈവം അതു കവികൾക്കായി വീതിച്ചുകൊടുത്തു' എന്നു സിൽവിയ പ്ലാത്ത്. ■




മാത്യൂസ് ആർപ്പൂക്കര

# പാട്ടുപാടും പൂങ്കുയിൽ



നാട്ടിൽ പാറിപ്പറന്നു നടക്കുന്ന പാട്ടുകാരൻ പക്ഷിയാണ് കുയിൽ. നാട്ടുകുയിൽ എന്നും വിളിക്കും. ആൺകുയിലുകൾക്കു തിളക്കമാർന്ന കറുത്ത നിറമാണ്. പെൺകുയിലിന്റെ ശരീരത്തിൽ വെളുപ്പും കാപ്പിനിറവും ചേർന്ന വരകളുണ്ടാകും. ആൺകുയിൽ കരിങ്കുയിലെന്നും പെൺകുയിൽ പുള്ളിക്കുയിൽ എന്നും അറിയപ്പെടുന്നു. വിളറിയ പച്ചനിറമാർന്ന കൊക്കുകളും കടുംചുവപ്പൻ കണ്ണുകളും ആൺപക്ഷിക്കും പെൺപക്ഷിക്കും ഒരുപോലെ തന്നെ. ശാസ്ത്രനാമം Eudynamys scolopaceus.

മികച്ച കീടനിയന്ത്രണക്കാരനാണു കുയിൽ. നിലത്തിറങ്ങാപ്പക്ഷികളായ ഇവ പ്രാദേശികമായ ദേശാടനവും നടത്താറുണ്ട്. കാക്കക്കൂട്ടിലെ മുട്ടയിടീലാണ് കുയിലിനെ ശ്രദ്ധേയമാക്കുന്ന കാര്യം. കൂടുകൂട്ടുന്നതിലും അടയിരിക്കുന്നതിലുമുള്ള കഷ്ടപ്പാടുകൾ അനുഭവിക്കാൻ തയ്യാറാകാത്ത Brood parasites ഇനത്തിൽപ്പെടുന്ന കുയിൽ, മുട്ടയിടുന്നതിനായി പല തന്ത്രങ്ങളും പ്രയോഗിച്ചുകാണാം. ആൺകുയിൽ കാക്കകളെ ശല്യപ്പെടുത്തി കൂടിനു സമീപത്തുനിന്ന് അകറ്റിവിടും. ഈ സമയം തക്കം നോക്കിയിരിക്കുന്ന പുള്ളിക്കുയിൽ ഞൊടിയിടകൊണ്ട് കാക്കക്കൂട്ടിൽ കയറിയിരുന്നു മുട്ടയിടുന്നു. വളരെ ചുരുങ്ങിയനേരംകൊണ്ട് മുട്ടയിടുന്ന പക്ഷികളിലൊന്നാണ് കുയിൽ. കാക്ക സാധാരണഗതിയിൽ അഞ്ചു മുട്ടകളിൽക്കൂടുതൽ ഇടാറില്ല. ഇടുന്ന മുട്ടയുടെ കണക്കൊക്കെ കാക്കയ്ക്കുണ്ടാകും. കാക്കയുടെ വിരുതൊക്കെ കുയിലിനും നന്നായറിയാം. കൂട്ടിൽ മുട്ടയുടെ എണ്ണം കൂടാതിരിക്കാൻ കുയിലും ശ്രദ്ധ കൊടുക്കും. അതിനായി ഒന്നോ രണ്ടോ കാക്കമുട്ട കൂട്ടിൽനിന്നു തട്ടിത്തെറിപ്പിക്കാനും കുയിൽ മറക്കാറില്ല. ഇതാണ് കാക്കക്കൂട് പങ്കുവയ്ക്കുന്നതിലെ കുയിലിന്റെ തന്ത്രം. കാക്കമുട്ടകളോടൊന്നിച്ചു കുയിൽമുട്ടകളും പെൺകാക്കയുടെ അടയിരിക്കൽപ്രക്രിയയ്ക്കു വിധേയമാകുന്നു. കാക്കക്കുഞ്ഞുങ്ങളോടൊപ്പം കുയിൽക്കുഞ്ഞുങ്ങളും വിരിഞ്ഞുണ്ടാകുമ്പോൾ നിറത്തിലും വലിപ്പത്തിലും കാര്യമായ വ്യത്യാസം കണ്ടറിയാത്ത കാഴ്ചയും വളർച്ചയും ഉണ്ടായിരിക്കും. ■



## യാത്ര

സാംസൺ പാലാ

സിറിയൻ അതിർത്തിക്കുസമീപം വടക്കുകിഴക്കൻ ഇസ്രായേലിലെ വളരെ പ്രസിദ്ധിയാർജിച്ച ഒരു ശുദ്ധജലതടാകമാണ് ഗലീലിയാക്കടൽ. യേശുക്രിസ്തുവിന്റെ ജീവിതകാലശുശ്രൂഷയുടെ അധികഭാഗവും ഗലീലിയാക്കടലും ചുറ്റുമുള്ള തീരപ്രദേശങ്ങളിലുമാണ് നടന്നിട്ടുള്ളത്. ഭൂമിയിലെ ഏറ്റവും താഴ്ന്ന ശുദ്ധജലത്തടാകവും ലോകത്തിലെ ഏറ്റവും താഴ്ന്ന രണ്ടാമത്തെ തടാകവുമാണ് ഗലീലിയാക്കടൽ. സമുദ്രനിരപ്പിൽനിന്ന് 215 മീറ്റർ (705 അടി) താഴെ സ്ഥിതി ചെയ്യുന്ന ഈ തടാകത്തിന് 53 കിലോമീറ്റർ ചുറ്റളവും (33 മൈൽ) ആഴം 43 മീറ്റർ (141 അടി)യുമാണ്. ഗലീലിയാക്കടലിലേക്കുള്ള പ്രധാന നീരൊഴുക്ക് ജോർദാൻ നദിയാണ്. കൂടാതെ, ഹസ്ബനി, ദാൻ, മെഷൂസിം എന്നീ അരുവികളിലെ ജലവും ഭൂഗർഭ ഉറവകളും ഗലീലിയാക്കടലിലെത്തുന്നു. തടാകത്തെ ജലസമൃദ്ധമാക്കുന്നത് ചുറ്റിലുമുള്ള ഗോലാൻ കുന്നുകളിൽനിന്നുദ്ഭവിക്കുന്ന അരുവികളുംകൂടി ചേർന്നാണ്. തിബേരിയാസ്, കിന്നരത്ത്, ഗനസറേത്ത് എന്നീ പേരുകളിലും ഗലീലിയാക്കടൽ അറിയപ്പെടുന്നു. ഇതിൽ തിബേരിയാസ് എന്നു പേരിട്ടത് റോമാക്കാരാണ്. ദാവീദ് രാജാവ് ജറുസലേമിന്റെ ഭരണാധിപനായിരുന്ന കാലത്ത്, അദ്ദേഹം സ്വന്തമായുണ്ടാക്കിയ കിന്നരം എന്ന സംഗീതോപകരണവുമായി ഗലീലിയാക്കടൽത്തീരത്തുചെന്ന് താനെഴുതി ചിട്ടപ്പെടുത്തിയ സ്തുതിഗീതങ്ങൾ ആലപിക്കുമായിരുന്നു. അതുകൊണ്ടാണ് ഹീബ്രുഭാഷയിൽ കിന്നരത്തുതടാകം എന്നു പേരു വന്നതെന്നും പറയപ്പെടുന്നു.

ജോർദാൻനദി സിറിയയിൽനിന്നുദ്ഭവിച്ച് ഗലീലിയാക്കടലിൽ പതിച്ചശേഷം വീണ്ടും മുമ്പോട്ടൊഴുകി ചാവുകടലിൽ (Dead Sea) ലയിക്കുന്നു. പത്തു വർഷം മുമ്പുവരെയും വർഷംതോറും നാല്പതുകോടി ക്യുബിക് മീറ്റർ ശുദ്ധജലം ഗലീലിയാത്തടാകത്തിൽനിന്നു ലഭിച്ചിരുന്നു. വേനൽക്കാലവരൾച്ച അതി രൂക്ഷമായതിനെത്തുടർന്ന് ഇതു മൂന്നു കോടി ക്യുബിക് മീറ്ററായി കുറഞ്ഞു. മെഡിറ്ററേനിയൻകടലിലെ ജലം ശുദ്ധി ചെയ്ത് ഗലീലിയാക്കടലിൽ നിക്ഷേപിക്കുന്നു ഇതു പൂർണമായും ഇസ്രയേലിന്റെ നിയന്ത്രണത്തിലാണ്. 1967 ലെ ആറുദിവസം നീണ്ടുനിന്ന സിറിയയുമായുള്ള യുദ്ധത്തിലാണ് ഗലീലിയാക്കടൽ ഇസ്രായേലിനു സ്വന്തമായത്.

ഈ കടലിൽ മുഷ്ത് (തിലാപ്പിയ) മത്തി, ബാർബെൽ, ടിസ്ട്രാ, മെല്ലാസാക്രാ, സിമോണീസ് തുടങ്ങി 21ൽപ്പരം മത്സ്യങ്ങൾ വളരുന്നു. ഇവയിൽ മുഷ്ത് എന്ന മത്സ്യം സെന്റ് പീറ്റേഴ്സ് ഫിഷ് (വി. പത്രോസിന്റെ മീൻ) എന്നറിയപ്പെടുന്നു. വിശുദ്ധനാട് സന്ദർശിക്കുന്നവർക്ക് കടൽത്തീരത്തുള്ള ഹോട്ടലുകളിൽനിന്ന് ഈ മത്സ്യം വറുത്തു ലഭിക്കും പ്രത്യേകിച്ച്, ഉച്ചഭക്ഷണത്തിൽ ഇതുൾപ്പെടുന്നു. വാണിജ്യപരമായി ടൺ കണക്കിനു മത്സ്യം ഈ തടാകത്തിൽനിന്നു ദിവസവും കയറ്റുമതി ചെയ്യുന്നു. മത്സ്യബന്ധനസീസണിൽ ലക്ഷക്കണക്കിനു ടൺ മത്തി ലഭിക്കുന്നുണ്ട്. സാധാരണയായി നാം കാണുന്ന മറ്റ് 16 ഇനം നാടൻ മത്സ്യങ്ങളും ഈ കടലിലുണ്ട്. N എന്ന അക്ഷരത്തിന്റെ അർത്ഥം അരാമിക് ഭാഷയിൽ മത്സ്യം എന്നാണ്. യഹൂദന്മാർ പാരമ്പര്യമായി വെള്ളിയാഴ്ച രാത്രിയിലുള്ള സാബത്ത് ഭക്ഷണത്തിലും, പെസഹാസമയത്തും ഗലീലിയാക്കടലിൽനിന്നു ലഭിക്കുന്ന ബാർബസ് ലോങ്ങൈസെപ്സ്, ബാർബസ് കാനീസ് എന്നീ മത്സ്യങ്ങൾ ആദ്യഭക്ഷണമായി വിളമ്പുന്നു. ഏതാനും വർഷംമുൻപ് എട്ടു ലക്ഷം മത്സ്യങ്ങളെ ഇസ്രായേൽ ഈ കടലിൽ നിക്ഷേപിച്ചതാണ്. അമിതമായ മത്സ്യബന്ധനം മൂലം 2010 ൽ ഗലീലിയാക്കടലിൽ മത്സ്യബന്ധനം രണ്ടു വർഷത്തേക്കു നിരോധിച്ചിരുന്നു.




യേശുക്രിസ്തുവിന്റെ മൂന്നു വർഷത്തെ പരസ്യജീവിത കാലയളവിൽനടന്ന നിരവധി അദ്ഭുതങ്ങളും ഗലീലിയക്കടലിലും പരിസരപ്രദേശങ്ങളിലും നടന്നതായി വി. ബൈബിളിൽ കാണാൻ സാധിക്കും. കർത്താവ് ആദ്യം ശിഷ്യരായി വിളിച്ചത് മീൻപിടിത്തക്കാരായിരുന്ന പത്രോസിനെയും, അന്ത്രയോസിനെയും പിന്നീട് യാക്കോബ്, യോഹന്നാൻ എന്നിവരെയും ഗലീലിയാക്കടൽത്തീരത്തുനിന്നാണ് തന്റെകൂടെ കൂട്ടിയത്. യേശു വിളിച്ച നിമിഷംതന്നെ വള്ളവും വലയുമുപേക്ഷിച്ച് അവർ യേശുവിനെ അനുഗമിച്ചു. കടലിൽ ആഞ്ഞടിച്ച കൊടുങ്കാറ്റിനെയും തിരമാലകളെയും ശകാരിച്ചു ശാന്തമാക്കിയതും, കടലിലെ തിരമാലകൾ യേശുവിന്റെ പാദങ്ങൾക്കു പരവതാനിയൊരുക്കിയതും ഭയന്നു നിലവിളിച്ച പത്രോസിനെ വെള്ളത്തിൽനിന്ന് കൈ പിടിച്ചുയർത്തി രക്ഷിച്ചതും രാത്രിമുഴുവൻ വലവീശിയിട്ടും മത്സ്യങ്ങളൊന്നും കിട്ടാതിരുന്ന ശിഷ്യന്മാർക്ക്, യേശു പറഞ്ഞ ഭാഗത്ത് വലയിട്ടപ്പോൾ ശിഷ്യരുടെ വല നിറഞ്ഞ് മത്സ്യം ലഭിച്ചതും, ലെഗിയോൻ എന്ന പിശാചു ബാധിച്ച പന്നിക്കൂട്ടം ചെന്നു പതിച്ചതുമെല്ലാം ഗലീലിയക്കടലിലായിരുന്നു.

യേശുവിന്റെ മലയിലെ പ്രസംഗം, ഗലീലിയക്കടലിന് അഭിമുഖമായുള്ള ഒരു വലിയ കുന്നിൽമുകളിലാണ് നടന്നതെന്നു കരുതപ്പെടുന്നു. വിശുദ്ധനാട് സന്ദർശിക്കുന്നവരെല്ലാംതന്നെ ഈ കടലിൽ സമയം ബോട്ടുസവാരി നടത്താറുണ്ട്. മിക്കവരും "അക്കരക്കു യാത്രചെയ്യും സീയോൻ സഞ്ചാരി" എന്ന ഗാനമാലപിച്ചുകൊണ്ടാണ് ബോട്ടുയാത്ര നടത്തുന്നത്. ലേഖകൻ 9 പ്രാവശ്യം ഗലീലക്കടലിൽ യാത്ര ചെയ്തിട്ടുണ്ട്. ഗലീലിയായിൽനിന്ന് യേശു ജനിച്ച ബത്‌ലഹേമിലേക്ക് 155 കിലോമീറ്ററും നസ്രത്തിലേക്ക് 31 കിലോമീറ്ററും ജറുസലേമിലേക്ക് 123 ഉം, ചാവുകടലിലേക്ക് 141 കിലോമീറ്ററും ദൂരമുണ്ട്.

യേശു സ്നാപകയോഹന്നാനിൽനിന്ന് മാമ്മോദീസ സ്വീകരിച്ച ജോർദാൻ നദിയിലെ ബാപ്റ്റിസം സൈറ്റിനു സമീപം, ഗലീലിയാക്കടലിനു തൊട്ടുതാഴെ വടക്കൻ ഇസ്രായേൽ പണികഴിപ്പിച്ചിരിക്കുന്ന ഒരു തടയണയാണ് ഡെഗാനിയ അണക്കെട്ട്. ഗലീലിയാക്കടലിലെ ജലനിരപ്പു നിയന്ത്രിക്കുകയും ജോർദാൻ നദിയിലേക്ക് ജലം ഒഴുക്കുകയും ചെയ്യുകയാണിതിന്റെ ലക്ഷ്യം.

യേശുക്രിസ്തുവിന്റെ പാദസ്പർശമേറ്റ ഈജിപ്റ്റ്, ഇസ്രായേൽ, ജോർദാൻ, പലസ്തീൻ എന്നീ രാജ്യങ്ങളിൽപ്പെടുന്ന പുണ്യഭൂമിയിൽ ക്രിസ്തുവിന്റെ ജനനം മുതൽ മരിച്ച് ഉയിർത്തെഴുന്നേറ്റ സംഭവങ്ങളൊക്കെയും അരങ്ങേറിയ ഈ സ്ഥലങ്ങൾ കാണാൻ ലോകത്തിന്റെ നാനാഭാഗത്തുനിന്ന് ലക്ഷക്കണക്കിനു വിശ്വാസികൾ സന്ദർശകരായി എത്തുന്നു. ■

# പുരാണം വളച്ചൊടിച്ചപ്പോൾ



## പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

ടി.പി. ശാസ്തമംഗലം

കവിയായാലും ഗാനരചയിതാവായാലും പുരാണത്തിൽ അവഗാഹം കൂടിയേ തീരൂ. അത് ആർജിക്കണമെങ്കിൽ പുരാണസംബന്ധമായ കൃതികൾ ധാരാളം വായിക്കണം. എന്നാൽ, ഉള്ളതു പറയട്ടെ, ഇന്നത്തെ പല ഗാനരചയിതാക്കൾക്കും വായന വേണ്ടപോലെയില്ല. അതുകൊണ്ട് എന്തു സംഭവിക്കുന്നു? പുരാണകഥകൾ പലപ്പോഴും തന്നിഷ്ടപ്രകാരം വളച്ചൊടിക്കുന്നു. ഏറെ പ്രശസ്തമായ ഈ ഗാനം ശ്രദ്ധിക്കുക.

"എന്തേ കണ്ണനു കറുപ്പുനിറം
എന്തേ കണ്ണനിത്ര കറുപ്പുനിറം
കാളിന്ദിയിൽ കുളിച്ചതിനാലോ
കാളിയനെക്കൊന്നതിനാലോ
ശ്യാമരാധേ ചൊല്ലൂ നിൻ
ചുടുചുംബനമേറ്റതിനാലോ"

(ചിത്രം: ഫോട്ടോഗ്രാഫർ, രചന: കൈതപ്രം ദാമോദരൻ നമ്പൂതിരി, സംഗീതം ജോൺസൺ, ആലാപനം: യേശുദാസ്)

കണ്ണനു കറുപ്പുനിറം വരാനുള്ള കാരണമന്വേഷിക്കുന്ന ആ ഗാനം കേട്ടു തുടങ്ങുമ്പോൾ ആർക്കും കൗതുകം തോന്നാം. എന്നാൽ, ഗാനം പുരോഗമിക്കുന്തോറും മടുപ്പായി മാറും. കണ്ണനു കറുപ്പുനിറം എങ്ങനെ വന്നു എന്ന കാര്യത്തിൽ രചയിതാവിനു തീരെ നിശ്ചയംപോരാ. അതുകൊണ്ടാണ്, അദ്ദേഹം ഈ ഗാനത്തിന്റെ പല്ലവിയിൽ ചില സംശയങ്ങൾ ഉന്നയിക്കുന്നത്. 'കാളിന്ദിയിൽ കുളിച്ചതിനാലോ' എന്നാണ് ആദ്യത്തെ ചോദ്യം. കളിന്ദപർവതത്തിൽനിന്ന് ഉദ്ഭവിച്ചതിനാലാണ് യമുനാനദിക്ക് കാളിന്ദി എന്ന പേരു വന്നുചേർന്നത്. കണ്ണൻ കാളിന്ദിയിൽ കുളിക്കാറുണ്ട് എന്നതു ശരിതന്നെ. കാളിന്ദിയിലെ ജലം കറുത്തുപോയതിനും പുരാണത്തിന്റെ പിൻബലമുണ്ട്. എന്നു കരുതി അവിടെ കുളിച്ച കണ്ണൻ മാത്രം എന്തേ കറുത്തുപോയി? അങ്ങനെയാണെങ്കിൽ അവിടെ സ്നാനം ചെയ്ത ഗോപന്മാരും ഗോപികമാരും മുഴുവൻ കറുത്തുപോകേണ്ടതല്ലേ? അപ്പോൾ അതല്ല കാര്യം.

'കാളിയനെ കൊന്നതിനാലാണോ' എന്നതാണ് പാട്ടെഴുത്തുകാരന്റെ അടുത്ത ചോദ്യം. ഇതു കേട്ട് പുരാണമറിയാവുന്ന ആരും ഞെട്ടിപ്പോയിട്ടുണ്ടാവണം. കാളിയനെ ആരുകൊന്നു? ആരും കൊന്നില്ല എന്നതാണു പരമാർത്ഥം. പിന്നെ എന്താണു സംഭവിച്ചത്? കാളിന്ദിയിൽ ശരണം പ്രാപിച്ച കാളിയന്റെ വിഷജ്വാലയേറ്റ് ആ നദീതീരത്തെ വൃക്ഷലതാദികളെല്ലാം വാടിക്കരിഞ്ഞു; ജലം വിഷമയമായി. ജീവജാലങ്ങൾക്കു പാനയോഗ്യമല്ലാതായി. ഒരിക്കൽ ആ നദീജലം കുടിച്ച് ഗോക്കളും ഗോപാലന്മാരും ബോധംകെട്ടുവീണപ്പോൾ കൃഷ്ണൻ കദംബവൃക്ഷത്തിൽ കയറി അവിടെനിന്ന് ആറ്റിലേക്കു ചാടി. ക്രോധാവിഷ്ടനായി പാഞ്ഞടുത്ത കാളിയന്റെ പത്തികളിൽ കയറിനിന്നു കൃഷ്ണൻ നൃത്തം ചവിട്ടി. അതാണ് പ്രശസ്തമായ കാളിയമർദനം. കാളിയൻ അവശനായപ്പോൾ അവന്റെ പത്നിമാരും മക്കളും കൃഷ്ണനെ അഭയം പ്രാപിച്ചു. ദീനദയാലുവായ കൃഷ്ണൻ കാളിയനോടു ഭാര്യമാരെയും മക്കളെയുംകൂട്ടി ശേഷിച്ചകാലം സമുദ്രമധ്യത്തിലുള്ള രമണകദ്വീപിൽ പോയി താമസിച്ചുകൊള്ളാൻ നിർദേശിച്ചു. അങ്ങനെ കണ്ണൻ കാളിയനെ കൊല്ലാതെവിട്ടു എന്നു പുരാണം പറയുമ്പോൾ, ഈ ഗാനരചയിതാവുമാത്രം കണ്ണനെ കൊലപാതകിയാക്കി മാറ്റി.

'ശ്യാമ' എന്ന വിശേഷണപദത്തിന് കറുത്ത എന്നർഥം. ലോകത്തൊരിടത്തും ഒരാളും രാധ കറുത്തവളാണെന്ന് ഇതുവരെ പറഞ്ഞിട്ടില്ല. ഈ പ്രിയഗാനരചയിതാവല്ലാതെ മറ്റാരും 'ശ്യാമരാധേ' എന്നു സംബോധന ചെയ്തു കേട്ടിട്ടോ കണ്ടിട്ടോ ഇല്ല. കാമശാസ്ത്രമെഴുതിയ വാത്സ്യായനൻ പറയുന്നു, ചുംബനമേറ്റാൽ കറുക്കുകയല്ല ചുവക്കുകയാണെന്ന്. അപ്പോൾ ആ വാദവും ശരിയല്ല.

കണ്ണൻ കറുത്തുപോയതിന്റെ കാരണം 'പുരാണിക് എൻസൈക്ലോപീഡിയ' എഴുതിയ വെട്ടം മാണി വളരെ വ്യക്തമായി പറയുന്നുണ്ട്. ദേവന്മാർ സങ്കടനിവേദനം നടത്തിയ സമയത്തു മഹാവിഷ്ണു തന്റെ രണ്ടു ശിരോരോമങ്ങൾ പിഴുതു നിലത്തിട്ടു; ഒന്നു കറുത്തതും മറ്റൊന്നു വെളുത്തതും. കറുത്തരോമം ദേവകിയിലും വെളുത്തതു രോഹിണിയിലും പ്രവേശിച്ച് യഥാക്രമം കൃഷ്ണനും ബലരാമനുമായി ജന്മംകൊണ്ടു. മഹാഭാരതം ആദിപർവത്തെ ഉദ്ധരിച്ചുകൊണ്ടാണ് ഈ കഥ വെട്ടം മാണി വിവരിച്ചിട്ടുള്ളത്.

നോക്കൂ, കണ്ണനു കറുപ്പുനിറം എങ്ങനെ ലഭിച്ചു എന്ന് അന്വേഷിക്കാൻ തുനിഞ്ഞ് സ്വയം അപമാനിതനായി മാറി ഈ പാട്ടെഴുത്തുകാരൻ. വെട്ടം മാണിയുടെ പുരാണനിഘണ്ടു ഒന്നു മറിച്ചുനോക്കിയിരുന്നെങ്കിൽ അദ്ദേഹത്തിന് ഇത്ര മാത്രം അമളി പറ്റുകയില്ലായിരുന്നു. ശാന്തം പാപം! ■

ബാലകഥ

# മാടത്തക്കിളിയുടെ ഭാഗ്യം



പീറ്റർ കുരിശിങ്കൽ

ഉച്ചവെയിലൊന്നാറിയപ്പോൾ ലേയാക്കുട്ടി മുറ്റത്തേക്കിറങ്ങി. പേരുപോലെതന്നെ കുട്ടിയാണവൾ. ഏറിയാൽ ഏഴുവയസ്സ്. അത്രയേയുള്ളൂ.

ലേയാക്കുട്ടി വലിയ പ്രകൃതിസ്നേഹിയാണ്. ചെടികളോടും പൂക്കളോടും മാത്രമല്ല, പക്ഷികളോടും മൃഗങ്ങളോടും എല്ലാം ലേയയ്ക്കു സ്നേഹമാണ്. മുറ്റത്തെ ചെടികളോടും പൂക്കളോടുമെല്ലാം ലേയാക്കുട്ടി പുന്നാരം പറയുന്നതു കാണാം. അകലെനിന്നു കേൾക്കുകയാണെങ്കിൽ തരക്കാരായ കൂട്ടുകാരോടു സംസാരിക്കുകയാണെന്നേ തോന്നൂ.

ലേയയ്ക്കൊരു വളർത്തുനായയുണ്ട്. ഗോൾഡൻ റിട്രീവർ ഇനത്തിൽപ്പെട്ട നായ. നായയോടും ലേയ സംസാരിക്കും. നായയ്ക്കും ലേയ പറയുന്നതു മനസ്സിലാകുന്നുണ്ടെന്നു വേണം കരുതാൻ. ബന്ധുക്കളോ പരിചിതരോ ഗേറ്റു തുറന്നുവരുമ്പോൾ അവരോടെങ്ങനെ പെരുമാറണം എന്നൊക്കെ ലേയാക്കുട്ടി അവനു ക്ലാസെടുക്കുന്നത് ആരും കൗതുകത്തോടെ നോക്കിനില്ക്കും.

ലേയാക്കുട്ടി ചെടികളിലും പൂക്കളിലുമൊക്കെ തട്ടിയും തലോടിയും നില്ക്കുമ്പോൾ പെട്ടെന്നൊരു കാഴ്ച കണ്ണിൽപ്പെട്ടു. മുറ്റത്തെ തൈമാവിന്റെ ചില്ലയിലിരുന്ന് ഒരു മാടത്ത ചിറകിട്ടടിക്കുന്നു. ഉറക്കെയുറക്കെ ചിലയ്ക്കുന്നുമുണ്ട്. ഉടനെ മാടത്ത തൈമാവിന്റെ ചോട്ടിലിരിക്കുന്ന ബക്കറ്റിന്റെ വക്കിലേക്കു പറന്നിരുന്നു. അവിടെയിരുന്നും മാടത്ത ചിറകടി തന്നെ; വല്ലാത്ത ചിറകടി, നിറുത്താത്ത ചിലയ്ക്കലും. ബക്കറ്റിനുള്ളിലേക്കു നോക്കിക്കൊണ്ടാണു ചിറകടിയും ചിലയ്ക്കലും.

ലേയക്കുട്ടിക്ക് ഈ കാഴ്ച പുതുമയായി. ഇടയ്ക്കൊക്കെ മാടത്തകൾ മുറ്റത്തു പറന്നിരുന്ന് പുല്ലുകൾക്കിടയിലെ പുഴുക്കളെയും വിട്ടിലുകളെയും കൊത്തിവിഴുങ്ങുന്നത് അവൾ കണ്ടിട്ടുണ്ട്. അവയുടെ ഇളം മഞ്ഞച്ചുണ്ടും കണ്ണുകൾക്കു ചുറ്റുമുള്ള മഞ്ഞനിറവും; മെല്ലെ മെല്ലെയുള്ള നടപ്പുമെല്ലാം അവൾ നോക്കിനിന്നിട്ടുണ്ട്. ലേയാക്കുട്ടി മാവിൻചില്ലയിലേക്കു തന്നെ ശ്രദ്ധിച്ചുനോക്കി. ആ മാടത്ത ഇപ്പോഴും ചിറകിട്ടടിക്കുകയും ചിലയ്ക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. എന്താണാക്കിളിയിങ്ങനെ? ദാഹജലം തേടി വന്നതാകുമോ? ബക്കറ്റിൽ വെള്ളമില്ലാഞ്ഞിട്ടായിരിക്കുമോ? എന്നാലും, ഇത്രയധികം വെപ്രാളം? ലേയാക്കുട്ടിക്ക് ആകാംക്ഷയായി.



ബക്കറ്റിൽ കുറച്ചു വെള്ളമൊഴിച്ചു കൊടുക്കാം; എന്നു ചിന്തിച്ചെങ്കിലും ബക്കറ്റിനടുത്തേക്കു പോകാൻ ഒരു മടി! ലേയാക്കുട്ടി ഉടനെ ഉറക്കെ വിളിച്ചു: "അമ്മാമ്മേ... അമ്മാമ്മേ..."

വിളികേട്ടതും അമ്മാമ്മ മുറ്റത്തേക്കിറങ്ങി വന്നു: "എന്താ മോളേ?"

ലേയ വിരൽ ചൂണ്ടിയ ഭാഗത്തേക്ക് അമ്മാമ്മ നോക്കി. അമ്മാമ്മയും അതു കണ്ടു. ലേയ അമ്മാമ്മയോടു പറഞ്ഞു:

"അമ്മാമ്മേ... ബക്കറ്റിൽ കുറച്ചു വെള്ളമൊഴിച്ചു കൊടുക്കാം."

"ശരി." അമ്മാമ്മ സമ്മതിച്ചു.

അമ്മാമ്മ ഒരു പാത്രത്തിൽ വെള്ളവുമായി ലേയാക്കുട്ടിയുടെ കയ്യും പിടിച്ച് ബക്കറ്റിനടുത്തേക്കു നടന്നു. ബക്കറ്റിനടുത്തെത്തിയതും ലേയക്കുട്ടിയുടെ ശബ്ദമുയർന്നു. കരച്ചിലോളമെത്തിയ ശബ്ദം!

"അമ്മാമ്മേ... അയ്യോ അമ്മാമ്മേ...."

ഒരു മാടത്തക്കിളി ആ ബക്കറ്റിലെ വെള്ളത്തിൽ കിടന്നു ചിറകിട്ടടിക്കുന്നു. ബക്കറ്റിന്റെ വക്കിലിരുന്ന് വെള്ളം കൊത്തിക്കുടിക്കാൻ ശ്രമിക്കുമ്പോൾ വെള്ളത്തിൽ വീണുപോയതായിരിക്കും.

'അമ്മാമ്മേ, അമ്മാമ്മേ... ആ മാടത്തയെ എടുക്കൂ എടുക്കൂ അമ്മാമ്മേ... വേഗം!' എന്നു പറഞ്ഞിട്ട് ലേയക്കുട്ടി മുറിയിലേക്കോടി. ഉണങ്ങിയ ഒരു തുണിയുമായി തിരിച്ചെത്തി. ലേയ ഉടനെ കയ്യിലിരുന്ന തുണികൊണ്ട് മാടത്തയുടെ ചിറകും തൂവലുകളുമൊക്കെ തുടച്ചുണക്കി. എന്നിട്ട് പതുക്കെ ആ മാഞ്ചില്ലയിൽ ഒന്നിൽ ഇരുത്തി.

മാടത്തയെ അപകടത്തിൽ നിന്നു രക്ഷിച്ച് ആശ്വാസമായപ്പോൾ ലേയാക്കുട്ടി അമ്മാമ്മയോടു പറഞ്ഞു:

"അമ്മാമ്മേ, അമ്മാമ്മേ ഈ മാടത്തക്കിളികൾക്കൊന്നും 'തേഴ്ട്ടി ക്രോ'യുടെ കഥയറിയില്ല. നാളെ ഇവരെയൊക്കെ വിളിച്ചുവരുത്തി തേഴ്ട്ടിക്രോയുടെ കഥ പറഞ്ഞുകൊടുക്കണം."

■

ശ്രേഷ്ഠമലയാളം

# നൊവേന



ഡോ. ഡേവിസ് സേവ്യർ

ലത്തീൻ ഭാഷയിൽ നിന്നു മലയാളം കടംകൊണ്ട പദമാണ് നൊവേന (Novena). മൂലപദത്തിന്റെ അർത്ഥം പ്രയോഗ പ്രാചുര്യത്താൽ തേഞ്ഞുമാഞ്ഞുപോയിട്ടുണ്ട്. നൊവേന എന്ന പദത്തിന്റെ നിരുക്ത്യർത്ഥം മറഞ്ഞുപോയതിനാലാവാം 'നവനാൾ നൊവേന' എന്ന പ്രയോഗം പ്രചാരം നേടിയത്. ശരിയെക്കാൾ വേഗം തെറ്റ് പ്രചരിക്കുമെന്നുള്ളത് അനുഭവസിദ്ധമാണല്ലോ!

'ലത്തീനിൽ ഒമ്പതിന് നൊവം(Novem) എന്നും ഒമ്പതുവീതം എന്നതിന് നൊവേനൂസ് എന്നും പറയും. നൊവേനൂസിന്റെ സ്ത്രീലിംഗരൂപമാണ് നൊവേന. ഒമ്പതു പ്രാവശ്യം എന്നർത്ഥം.* പോർത്തുഗീസിലും നൊവേന എന്ന പദമുണ്ട്. ഒമ്പതുദിവസം മുടങ്ങാതെ നടത്തുന്ന പ്രാർത്ഥന (devotion for nine days) എന്നാണർത്ഥം. പിന്നീട് ആ അർത്ഥത്തിലാണ് നൊവേന എന്ന വാക്ക് പ്രസിദ്ധമായത്.**

നവനാൾ ജപമാണ് നൊവേന. നവ എന്ന സംസ്കൃതവാക്കും നാൾ എന്ന മലയാള വാക്കും ചേർന്നുണ്ടായ രൂപമാണ് നവനാൾ. നവൻ എന്ന ശബ്ദം ഉത്തരപദത്തോടു ചേരുമ്പോൾ പൂർവരൂപം നവ എന്നാകും. നവഗ്രഹത്തിലെ നവയ്ക്ക് ഒമ്പത് എന്നും നവയുഗത്തിലെ നവയ്ക്ക് പുതിയത് എന്നും അർത്ഥം വരും. നവനാളിലെ 'നവ'യ്ക്ക് പുതിയത് എന്നർത്ഥമുള്ള വിശേഷണവുമായി ബന്ധമില്ല.

ഒമ്പതുദിവസം നീണ്ടുനില്ക്കുന്നതും ഭക്തിപൂർവ്വം നടത്തിവരുന്നതുമായ പ്രാർത്ഥനയെന്നാണ് നൊവേനയ്ക്ക് രൂഢിയായിത്തീർന്ന വിവക്ഷിതം. കന്യാമാതാവിനെയും പുണ്യവാളന്മാരെയും മറ്റും സങ്കല്പിച്ചു നടത്തുന്ന ഈ പ്രാർത്ഥനയിൽ അഭീഷ്ടസിദ്ധിക്കും വിശ്വാസദൃഢതയ്ക്കുമായി വിശ്വാസികൾ പങ്കുകൊള്ളുന്നു. തിരുനാളിന് മുന്നൊരുക്കമെന്ന നിലയിലും നൊവേന നടത്താറുണ്ട്. നൊവേന എന്ന ശബ്ദത്തിന് ഒമ്പതു ദിവസം മുടങ്ങാതെ നടത്തുന്ന പ്രാർത്ഥന എന്ന പ്രസിദ്ധിയിരിക്കേ, 'നവനാൾ നൊവേന' എന്ന പ്രയോഗം വിവേകശൂന്യതയുടെ നിർമിതിയാണ്. വൈയാകരണന്റ ഭാഷയിൽ പറഞ്ഞാൽ അർത്ഥപൗനരുക്ത്യം എന്ന ദോഷമാണത്. അനാവശ്യമായ ആവർത്തനം എന്നും പറയാം. വാർത്തകൾ തയ്യാറാക്കുന്നവർ ശരിയായ വിവക്ഷിതത്തിൽ ഇവയൊക്കെ ശ്രദ്ധിച്ച് വാക്കുകൾ പ്രയോഗിക്കേണ്ടതല്ലേ?

* ജോർജ്, കുരുക്കൂർ, ഡോ., ക്രൈസ്തവശബ്ദകോശം, പി.ഒ.സി. പ്രസിദ്ധീകരണം, കൊച്ചി, 2002, പുറം – 141.

** ജോസഫ്, പി.എം., മലയാളത്തിലെ പരകീയപദങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1984, പുറം – 441.

# ഈശോ

FROM THE BIBLE

9



ഫാ. തോമസ് പാട്ടത്തിൽചിറ CMF

# രഹസ്യവാസം



മണ്ണിലെ മുപ്പത്തിമൂന്നു വർഷം നീണ്ട തന്റെ ജീവിതത്തിന്റെ പകുതിയിൽ കൂടുതൽ അവൻ ആരാലും അറിയപ്പെടാതെ കഴിഞ്ഞു. അംഗീകരിക്കപ്പെടാനും ആദരിക്കപ്പെടാനുമൊന്നും ആഗ്രഹിച്ചില്ല. ഒളിവിലല്ല, ഒരുക്കത്തിലുള്ള കാലമായിരുന്നു അത്. ഒളിവുവാസം കുറ്റവാളികൾക്കുള്ളതാണ്. തെറ്റുകാരനല്ലാത്തവൻ എന്തിന് ഒളിവിൽ പാർക്കണം? മൂന്നു വർഷത്തെ ഇടവേളകളില്ലാത്ത ദൗത്യജീവിതത്തിനുവേണ്ടി മുപ്പതു വത്സരങ്ങളോളം അവൻ ഒരുങ്ങി. പാപത്തിൽനിന്നുള്ള മനുഷ്യരാശിയുടെ മോചനം അത്ര അനായാസമല്ലെന്ന് അവന് അറിയാമായിരുന്നു. അതുകൊണ്ടുതന്നെ തന്റെ കർമനിരതമായ സാക്ഷ്യജീവിതത്തിനു മുന്നോടിയായി എല്ലാ അർത്ഥത്തിലും അവൻ ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തി. രഹസ്യജീവിതത്തിന്റെ അടിത്തറയിന്മേലാണ് അവൻ തന്റെ പരസ്യജീവിതം പടുത്തുയുയർത്തിയത്. രഹസ്യവാസം എന്നതിലുപരി ഒരു ഒരുക്കവാസമായിരുന്നു അവന്റേത്. അക്കാമലത്രയും അവൻ എവിടെയായിരുന്നു, എന്തു ചെയ്തു എന്നതല്ല; പിന്നെയോ, അതിനുശേഷം അവൻ എവിടെ, എന്തു ചെയ്തു എന്നതാണ് പ്രസക്തം.

ജീവിതത്തിനു രഹസ്യാത്മകത എന്നൊരു തലമുണ്ട് എന്ന് അവൻ നമ്മെ ഓർമിപ്പിക്കുന്നു. പ്രപഞ്ചവും പ്രാപഞ്ചികമായവയും എല്ലാം വലിയ രഹസ്യങ്ങൾതന്നെയല്ലേ? ഒന്നിനും ഒന്നും തികയാത്ത ഈ ജീവിതത്തിൽ നമ്മുടേതായ ചില ഇടങ്ങൾ നാം കണ്ടെത്തണം. നമുക്ക് നാം മാത്രം കൂട്ടിനുള്ള ഇടങ്ങൾ. പ്രാർത്ഥനയുടെ, ധ്യാനത്തിന്റെ, സ്വയം വിമർശനത്തിന്റെ തുടങ്ങി നാമെന്ന ജീവികളെ മൂല്യബോധമുള്ള മനുഷ്യരാക്കി മാറ്റുന്ന ചിലയിടങ്ങൾ. അതുകൊണ്ടൊക്കെയാവാം രഹസ്യത്തിലുള്ള പ്രാർത്ഥനയെയും ഇടതുകരം അറിയാതെയുള്ള വലതിന്റെ ചെയ്തികളെയുമൊക്കെ അവൻ പുകഴ്ത്തിപ്പറഞ്ഞത്. നമ്മുടേതായ ജീവിതാവസ്ഥകളിൽ, ബന്ധങ്ങളിൽ, കർമമണ്ഡലങ്ങളിൽ, വിശ്വാസമേഖലകളിൽ, കടമകളിൽ നാമും സ്ഥിരം തയ്യാറാകേണ്ടവർ തന്നെ. മതിയായ ഒരുക്കങ്ങൾ കർമങ്ങളെ കൂടുതൽ കമനീയമാക്കും. വേണ്ടത്ര ഒരുക്കത്തോടെ വേണം ഓരോ നിമിഷവും ജീവിക്കാൻ. ജീവിതം അത്ര ഗൗരവമേറിയതാണ്. ദൈവദാനമായ ആയുസ്സിനെയും അത് നമ്മിൽനിന്ന് ആവശ്യപ്പെടുന്ന ഉത്തരവാദിത്വങ്ങളെയും നിസ്സാരമായി കാണരുത്. ആത്മീയമായ ഒരുക്കങ്ങളാവണം നമ്മുടെ വിജയങ്ങൾക്കു ചുക്കാൻ പിടിക്കേണ്ടത്. എങ്കിലേ, അവ ശാശ്വതങ്ങളാകൂ. ഓരോ ജീവിതാന്തസ്സിനും അതിന്റേതായ ഒരുക്കങ്ങളുണ്ടാകണം. അല്ലെങ്കിൽ, പരാജയങ്ങളും എണ്ണത്തിലധികവും. ഒരുക്കമില്ലായ്മ പല ഞെരുക്കങ്ങക്കും വഴിതെളിക്കും. ജീവിതത്തിലെ പൈശാചികശക്തികൾക്കെതിരേയുള്ള പടയൊരുക്കങ്ങൾ നടത്താൻ പ്രതിദിനം പരിശ്രമിക്കാം. ഒപ്പം, മറ്റുള്ളവരുടെയും സ്വകാര്യതകളെ മാനിക്കാം. അവയിലേക്കുള്ള അനാവശ്യവും അനവസരത്തിലുള്ളതുമായ കടന്നുകയറ്റങ്ങൾ കഴിവതും ഒഴിവാക്കാം. ജീവിതത്തിന്റെ രഹസ്യാത്മകത എല്ലാവർക്കും തുല്യമായി അവകാശപ്പെട്ടതാണ്.

# പുരോഹിതൻ ഒന്നുമല്ല; എന്നാൽ, എല്ലാമാണ്



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

***കർദിനാൾ റോബർട്ട് സറായുടെ 'എന്നന്നേക്കും' (For the Eternity) എന്ന ഗ്രന്ഥം പങ്കുവയ്ക്കുന്ന പൗരോഹിത്യ ചിന്തകളുടെ ഒരു അവലോകനം***

IV

സഭാപിതാവായ വി. ജോൺ ക്രിസോസ്തോം (347-407) Dialogue on Priesthood എന്ന കൃതിയിൽ പൗരോഹിത്യത്തെക്കുറിച്ചു മനോഹരമായി പ്രതിപാദിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നു:

'പുരോഹിതന്മാർ ലോകത്തിന്റെ ഉപ്പാണ്. വിവിധ മണ്ഡലങ്ങളിൽ വ്യാപരിക്കുന്ന ദൈവജനത്തിനു നന്മയും നൈർമല്യവും പകർന്നുകൊടുക്കാനുള്ള അറിവും അനുഭവസമ്പത്തും അവർക്കു സ്വന്തമായിരിക്കണം. ഓരോ രോഗിക്കും പ്രത്യേകം പ്രത്യേകം ചികിത്സ നൽകുന്ന ഭിഷഗ്വരനെപ്പോലെയും ഓരോ കൊടുങ്കാറ്റിനെയും അതിന്റെ ദിശ മനസ്സിലാക്കി വിജയകരമായി നേരിടുന്ന കപ്പിത്താനെപ്പോലെയും സാമർത്ഥ്യത്തോടെ വർത്തിക്കുന്നവനാണ് പുരോഹിതൻ. ദൈവമഹത്ത്വവും സഭയുടെ വളർച്ചയുമാണ് അവന്റെ ജീവിതലക്ഷ്യം.'

വിശുദ്ധൻ തുടരുന്നു: 'ലോകവാസികൾ മുഴുവനുവേണ്ടിയും ദൈവമുമ്പാകെ മാധ്യസ്ഥ്യം വഹിക്കുന്നവനാണു പുരോഹിതൻ. ലോകസമാധാനത്തിനായി അവൻ നിരന്തരം പ്രാർത്ഥിക്കുന്നു. ഒരു സമൂഹത്തിന്റെ തലവനായിരിക്കുന്ന പുരോഹിതൻ ആ സമൂഹാംഗങ്ങളെക്കാൾ മികവു പുലർത്തണം. പരിശുദ്ധ റൂഹായെ ക്ഷണിക്കുകയും ബലി പൂർത്തിയാക്കുകയും ചെയ്യുന്ന പുരോഹിതന്റെ സ്ഥാനം ഭീതിജനകമാണ്. എത്ര വലിയ പരിശുദ്ധിയും ദൈവഭക്തിയുമാണ് അവനിൽനിന്നു ദൈവജനം പ്രതീക്ഷിക്കുന്നത്! പുരോഹിതനു ചുറ്റും വിശുദ്ധ സ്ഥലത്ത് സ്വർഗീയഗണങ്ങൾ ബഹുമാനപുരസ്സരം വ്യാപരിക്കുന്നു.

കല്യാണവസ്ത്രമില്ലാതെ വിരുന്നിന് എത്തിയവനെപ്പോലെ ആവരുത് ദിവ്യരഹസ്യങ്ങളുടെ കാർമികനായ വൈദികൻ. അവന്റെ ആത്മാവ് ലോകം മുഴുവനെയും പ്രകാശിപ്പിക്കുന്ന ഉജ്ജ്വലജ്വാലയായിരിക്കണം. അവന്റെ മനസ്സാക്ഷിയിലെ കരിനിഴലുകൾ തന്റെ ദിവ്യഗുരുവിന്റെ മുമ്പിൽ ആത്മവിശ്വാസത്തോടെ വർത്തിക്കുവാൻ തടസ്സമാകും.'

വിശുദ്ധ ജോൺ ക്രിസോസ്തോമിന്റെ ഈ ചിന്തകളെ ആധാരമാക്കി കർദിനാൾ സറാ നല്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു:

**പൗരോഹിത്യത്തിന്റെ മഹത്ത്വം**

പൗരോഹിത്യത്തിനു താൻ യോഗ്യനാണെന്ന് ആർക്കും അവകാശപ്പെടാൻ സാധിക്കുകയില്ല. ഭീതിജനകമായ ഒരവസ്ഥയാണിത്. 'ദൈവത്തിന്റെ സ്ഥാനം അലങ്കരിക്കുന്നവനാണു പുരോഹിതൻ, ദൈവത്തിന്റെ എല്ലാ അധികാരങ്ങളും കൈയാളുന്നവനാണ് അവൻ'' എന്ന് ആർസിലെ വികാരി വി. ജോൺ മരിയ വിയാനി പറഞ്ഞിരുന്നു.

വൈദികനു ഭീതി ആവശ്യമാണ്. അത് ഒരടിമയുടെ ഭയപ്പാടല്ല; പിന്നെയോ, പുത്രസഹജവും ആനന്ദകരവുമായ മനോഭാവമാണ്. അവന്റെ പരിമിതികളെക്കുറിച്ചുള്ള അവബോധവും എല്ലാം ദൈവത്തിന്റെ ദാനമാണെന്ന അംഗീകാരവുമാണത്. കർദിനാൾ സറാ പറയുന്നു: വൈദികൻ അനുദിനം ആശ്ചര്യപ്പെടണം. ഇന്ന് മിശിഹായുടെ തുടർച്ച അയോഗ്യനും അപൂർണനും ദരിദ്രനുമായ തന്നിലൂടെയാണു നിറവേറുന്നതെന്ന് അവൻ തിരിച്ചറിയണം. ദൈവദാനത്തിന്റെ മഹത്ത്വത്തിനു മുമ്പിൽ ആരാധനയോടും കൃതജ്ഞതയോടുംകൂടി വിറയാർന്ന ഹൃദയത്തുടിപ്പുകളോടെ അവൻ നില്ക്കുന്നു.

ദൈവത്തോടുള്ള കടപ്പാടു മറന്നാൽ പുരോഹിതൻ അഹംഭാവത്തിന് അടിമയാകാനുള്ള അപകടം പതിയിരിക്കുന്നുവെന്നും കർദിനാൾ ഓർമിപ്പിക്കുന്നു. രക്ഷാകരമായ ദൈവഭയത്തോടെ വർത്തിക്കുകയും പൗരോഹിത്യം എന്ന ദൈവദാനത്തിന്റെ മഹത്ത്വം വിസ്മരിക്കാതിരിക്കുകയും ചെയ്യുക എന്നതാണ് അഹംഭാവത്തിനും അതിൽനിന്ന് ഉദ്ഭവിക്കുന്ന തിന്മകൾക്കും പ്രതിവിധി.

**നിസ്സാരവത്കരണം**

പൗരോഹിത്യത്തെ നിസ്സാരവത്കരിക്കുക എന്നൊരപകടം ഉണ്ടെന്ന് കർദിനാൾ സറാ ചൂണ്ടിക്കാണിക്കുന്നു. പുരോഹിതനെ മറ്റേതൊരാളെയുംപോലെ മാത്രം പരിഗണിച്ചാൽ അത് ഗൗരവമേറിയ ഒരു പിഴവാണ്.

നവവൈദികന്റെ കരങ്ങൾ ചുംബിക്കുന്നത് ദൈവജനത്തിന്റെ ശരിയായ ഉൾക്കാഴ്ചയാണു പ്രകടമാക്കുന്നത്. ആ കരങ്ങളെ വന്ദിക്കുന്നത് മിശിഹായുടെ മുറിവേറ്റ കരങ്ങൾ മുത്തുന്നതിനു തുല്യമാണെന്നു വിശ്വാസികൾക്കറിയാം.

ലാളിത്യത്തിന്റെയും പുരോഗമനത്തിന്റെയും പേരിൽ പൗരോഹിത്യത്തെക്കുറിച്ചു ബാലിശവും ഉപരിപ്ലവും തരംതാഴ്ന്നതുമായ മനോഭാവം വച്ചുപുലർത്തുക എന്നത് വൈദികനും മെത്രാനും നിപതിക്കാവുന്ന ഒരു കെണിയാണ്.

**മിശിഹായുടെ പ്രതിനിധി**

ഗ്രന്ഥകാരൻ തുടരുന്നു: നിത്യപുരോഹിതനായ മിശിഹായെയാണു പുരോഹിതൻ പ്രതിഫലിപ്പിക്കുന്നത്. തിരുക്കർമങ്ങളുടെ സമയത്ത് ധരിക്കുന്ന തിരുവസ്ത്രങ്ങളും പാലിക്കുന്ന ഗൗരവപൂർവവും വിനയപൂർണവുമായ പെരുമാറ്റവും തന്നെത്തന്നെയല്ല മിശിഹായെയാണ് ആരാധനക്രമത്തിൽ കാർമികൻ പ്രതിനിധാനം ചെയ്യുന്നത് എന്നതിനു തെളിവാണ്.



ഒരു കലാകാരന്റെ കൈയിലുള്ള വീണ ശരിയായ സ്വരം പുറപ്പെടുവിക്കാൻ അതിന്റെ തന്ത്രികൾ നേരത്തേതന്നെ പൊരുത്തപ്പെടുത്തി ക്രമീകരിക്കേണ്ടതുണ്ട്. അതുപോലെ ദൈവത്തിന്റെ കരങ്ങളിൽ ഒരുപകരണമായ പുരോഹിതൻ തന്റെ കഴിവുകളും ഗുണങ്ങളും മൂല്യങ്ങളും അടങ്ങുന്ന തന്റെ മാനുഷികവ്യക്തിത്വത്തെ മിശിഹായുടെ പൗരോഹിത്യഹൃദയത്തിന് അനുയോജ്യമാക്കണം. ഉപകരണം എന്നതുകൊണ്ട് സ്വന്തം പ്രയത്നം അവഗണിക്കാമെന്ന് അർത്ഥമാക്കരുത്. പുരോഹിതനിൽനിന്നു മെച്ചപ്പെട്ട ശുശ്രൂഷ പ്രതീക്ഷിക്കുന്നതിനു വിശ്വാസികൾക്ക് അവകാശമുണ്ട്.

**വി. നോർബർട്ട് (1075-1134)**

വി. നോർബർട്ട് പുരോഹിതനോടു പറയുന്നു: "ഓ! പുരോഹിതാ, നീ ആരാണ്? നീ നിന്നാൽത്തന്നെ ഒന്നുമല്ല. നീ നിനക്കുവേണ്ടിയല്ല. നീ മനുഷ്യരുടെ മധ്യസ്ഥനാണ്. നീ സഭയുടെ മണവാളനാണ്. നീ എല്ലാവരുടെയും ശുശ്രൂഷിയാണ്. നീ നീയല്ല; നീ ദൈവമാണ്. ശരിക്കും നീ ആരാണ്? ഒന്നുമല്ല, എന്നാൽ, എല്ലാമാണു താനും."

ഈ വാക്കുകൾ പൗരോഹിത്യരഹസ്യം വിളിച്ചറിയിക്കുന്നു. എല്ലാവർക്കും സേവനം ചെയ്യുകയും കർത്താവിന്റെ കുരിശിലെ ബലി പൂർത്തിയാക്കുകയും ചെയ്യുന്നവനാണു പുരോഹിതൻ.

**സത്യത്തിനു സാക്ഷ്യം വഹിക്കുന്നവൻ**

''സത്യത്തിനു സാക്ഷ്യം നല്കാനാണ് ഞാൻ ജനിച്ചത്. അതിനുവേണ്ടിത്തന്നെയാണു ഞാൻ ലോകത്തിലേക്കു വന്നതും" (യോഹ. 18: 37). ഈ തിരുവചനഭാഗം ഉദ്ധരിച്ചശേഷം കർദിനാൾ സറാ നിരീക്ഷിക്കുന്നു: സമാധാനത്തിന്റെയും സാമൂഹികസൗഹാർദത്തിന്റെയും പേരിൽ സഭാപ്രബോധനങ്ങളുടെ കാര്യത്തിൽ മൗനം പാലിക്കണമെന്ന് പലരും സഭയോട് ആവശ്യപ്പെടുന്നുണ്ട്. ഇതേ കാരണത്താൽ സഭാനേതൃത്വത്തിന്റെ കുറ്റകരമായ മൗനത്തെ ന്യായീകരിക്കാറുമുണ്ട്. സത്യം ബലികഴിച്ചുകൊണ്ടുള്ള സമാധാനവും സ്നേഹവും യഥാർത്ഥ സ്നേഹവും സമാധാനവുമല്ല എന്നു പ്രസ്താവിച്ചശേഷം പ്രശസ്ത ഫ്രഞ്ചു ചിന്തകനായ ബ്ലേസ് പസ്കാലിനെയാണ് ഗ്രന്ഥകാരൻ ഉദ്ധരിക്കുന്നത്.

"സത്യമാണു സഭയുടെ സമ്പത്ത്. ആ നിധിയിലാണ് അവൾ ഹൃദയം വച്ചിരിക്കുന്നത്. വിശ്വാസികളുടെ ഹൃദയങ്ങളിൽനിന്നു സത്യത്തെ നിഷ്കാസനം ചെയ്തിട്ട് അവിടെ തെറ്റിനെ പ്രതിഷ്ഠിക്കാൻ ശത്രുക്കൾ ശ്രമിക്കുമ്പോൾ സമാധാനത്തിന്റെ പേരിൽ മൗനം പാലിക്കുന്നത് സഭയെ ഒറ്റുകൊടുക്കുന്നതിനു തുല്യമല്ലേ?"

■




## സൂര്യനും താരങ്ങളും

അർക്കൻ പടിഞ്ഞാറൊളിച്ചനേരം
അന്ധകാരം വന്നു മൂടി മന്നിൽ
മത്സരിച്ചെത്തിയുഡുക്കൾ വാനിൽ
ഉത്സുകരായ് നിരന്നെങ്ങുമെങ്ങും.

പാരിന്നിരുളിനെ നോക്കിനിന്നു
താരങ്ങളൊക്കെയും പുഞ്ചിരിച്ചു
ഓരോന്നും ചൊല്ലിയഹന്തയോടെ
'കൂരിരുൾ മാറ്റിടാൻ വന്നവൻ ഞാൻ.'

ആയിരം നക്ഷത്രദീപങ്ങൾ-
ക്കായില്ല ഭൂവിന്നു ദീപ്തിയേകാൻ
പിന്നിലേക്കോരോന്നും പോയ്മറഞ്ഞു
മുന്നിൽ വന്നെത്തി പുതുമുഖങ്ങൾ.

സൂര്യൻ കിഴക്കു വന്നെത്തി നോക്കി
താരങ്ങളെല്ലാമൊളിച്ചു വേഗം
ആർക്കും കഴിയില്ല വെട്ടമേകാൻ
അർക്കനെപ്പോലെന്നവരറിഞ്ഞു.




ഗിരീഷ് കെ. ശാന്തിപുരം

**അ**ത് മാർത്താണ്ഡവർമ യുടെ പടയോട്ടക്കാലത്തിന്റെ തുടക്കമായിരുന്നു. തിരുവിതാംകൂറിനോടു ചേർന്നുകിടന്നിരുന്ന നാട്ടുരാജ്യങ്ങളെയെല്ലാം കീഴ്പ്പെടുത്തി തിരുവിതാംകൂറിനെ പ്രബലവും വിസ്തൃതവുമായ ഒരു രാജ്യമാക്കിത്തീർക്കുക എന്നതായിരുന്നു മാർത്താണ്ഡവർമ യുടെ ലക്ഷ്യം.

തിരുവിതാംകൂറിന്റെ അയൽ രാജ്യമായ ആറ്റിങ്ങൽദേശത്തെ അത്ര വലുതല്ലാത്ത ഒരു പടനീക്കംകൊണ്ടു കീഴടക്കാൻ മാർത്താണ്ഡവർമയ്ക്കു കഴിഞ്ഞു. തിരുവിതാംകൂറിന്റെ പടനീക്കത്തിനു മുമ്പിൽ ആറ്റിങ്ങൽറാണി നിരുപാധികം കീഴടങ്ങുകയാണുണ്ടായത്. എങ്കിലും മാർത്താണ്ഡവർമ ആറ്റിങ്ങൽദേശത്തെ തന്റെ ഭരണത്തിൻകീഴിലാക്കിയശേഷം റാണിയുമായി ഒരു കരാറുണ്ടാക്കി. അത് രജതഫലകത്തിൽ രേഖപ്പെടുത്തുകയും ചെയ്തു.

മാർത്താണ്ഡവർമയുടെ മാതുലനായ ഉണ്ണിക്കേരളവർമ ഭരിച്ചിരുന്ന ദേശിങ്ങനാടായിരുന്നു അടുത്ത ലക്ഷ്യം. കൊല്ലം ആസ്ഥാനമാക്കിയാണ് ഉണ്ണിക്കേരളവർമ ദേശിങ്ങനാട് ഭരിച്ചിരുന്നത്.

ബുദ്ധിമാനും തന്ത്രശാലിയുമായിരുന്നു ഉണ്ണിക്കേരളവർമ. സൈനികബലത്തിൽ പിന്നാക്കം നിന്നിരുന്ന ഉണ്ണിക്കേരളവർമ കായംകുളം രാജകുടുംബത്തിൽനിന്ന് ഒരു പെൺകുട്ടിയെ ദത്തെടുക്കുകയും കായംകുളവുമായി ദൃഢമായ ഒരു ബന്ധം സ്ഥാപിച്ചെടുക്കുകയും ചെയ്തു. പിന്നീട് കായംകുളം രാജാവിന്റെ സഹായത്തോടെ മാർത്താണ്ഡവർമയുടെ അധീനതയിലായിരുന്ന കല്ലടപ്രദേശം തന്റെ അധീനതയിലാക്കി.

കല്ലടപ്രദേശം നഷ്ടമായതിൽ മാർത്താണ്ഡവർമ അതീവ ദുഃഖിതനായി. കല്ലട തിരിച്ചുപിടിക്കുന്നതിനോടൊപ്പം ദേശിങ്ങനാടും കീഴ്പ്പെടുത്തണമെന്ന് മാർത്താണ്ഡവർമ നിശ്ചയിച്ചു.

അവസരം പാർത്തിരുന്ന മാർത്താണ്ഡവർമയുടെ പടനീക്കം അപ്രതീക്ഷിതമായിരുന്നു. യുദ്ധത്തിൽ മാർത്താണ്ഡവർമ ദേശിങ്ങനാടിനെ പരാജയപ്പെടുത്തി. പരാജയപ്പെട്ട ഉണ്ണിക്കേരളവർമയുമായി മാർത്താണ്ഡവർമ്മ ഒരു കരാറുണ്ടാക്കി.

കല്ലടപ്രദേശത്തുനിന്ന് നിശേഷം ഒഴിഞ്ഞുപോകാനും കായംകുളത്തുനിന്നുള്ള ദത്ത് റദ്ദു ചെയ്യാനും, കൊല്ലംകോട്ട ഇടിച്ചുനിരത്താനും മാർത്താണ്ഡവർമയ്ക്കു കപ്പം കൊടുക്കാനും കരാറിൽ രേഖപ്പെടുത്തിയിരിക്കുന്നു.

പക്ഷേ, വ്യവസ്ഥകളൊന്നും പലപ്പോഴും ഉണ്ണിക്കേരളവർമ പാലിച്ചില്ല. ആ ലംഘനങ്ങൾക്കെല്ലാം ഒരു പരിധിവരെ ഉണ്ണിക്കേരളവർമയ്ക്കു ബലം നല്കിയത് കായംകുളംരാജാവായിരുന്നു.

ക്ഷുഭിതനായ മാർത്താണ്ഡവർമ്മ ഉണ്ണിക്കേരളവർമയെ കീഴ്പ്പെടുത്തി വലിയ കോയിക്കൽ കൊട്ടാരത്തിൽ തടവിൽ പാർപ്പിച്ചു.

ഉണ്ണിക്കേരളവർമ തടവിലാക്കപ്പെട്ടതോടെ കായംകുളം രാജാവിന് ഒരു കാര്യം ബോധ്യമായി. മാർത്താണ്ഡവർമയുടെ അടുത്ത ലക്ഷ്യം തന്റെ രാജ്യം തന്നെ. ഏതു വിധേനയും മാർത്താണ്ഡവർമയെ പ്രതിരോധിക്കുക എന്നുള്ള നിശ്ചയത്തിലേക്കു കായംകുളം രാജാവ് എത്തിച്ചേർന്നു. അതിനുള്ള കരുക്കൾ നീക്കാനാരംഭിച്ചു.

പുറക്കാട്, വടക്കുംകൂർ കൊച്ചി എന്നീ രാജ്യങ്ങളുമായി കായംകുളംരാജാവ് സഖ്യം സ്ഥാപിച്ചു. അവരുടെ സഹായത്തോടെ ഉണ്ണിക്കേരളവർമയെ വലിയ കോയിക്കൽ കൊട്ടാരത്തിൽനിന്നു മോചിപ്പിച്ചു. കൊല്ലം കേന്ദ്രമാക്കി മാർത്താണ്ഡവർമയ്ക്കെതിരേ പ്രതിരോധം സൃഷ്ടിച്ചു. ഡച്ചുകാരുടെ സഹായവും ലഭിച്ചിരുന്നു കായംകുളം രാജാവിന്.

മാർത്താണ്ഡവർമ തന്റെ വിശ്വസ്തനായിരുന്ന രാമയ്യന്റെ



നേതൃത്വത്തിൽ കൊല്ലത്തേക്ക് തിരുവിതാംകൂർ സൈന്യത്തെ അയച്ചു. പക്ഷേ, തിരുവിതാംകൂർ പടയ്ക്ക് കായംകുളത്തിന്റെ സംയുക്തസേനയ്ക്കു മുമ്പിൽ പരാജയപ്പെടേണ്ടിവന്നു.

കായംകുളത്തിനോടു പരാജയം രുചിച്ച മാർത്താണ്ഡവർമ അടങ്ങിയിരിക്കാൻ തയ്യാറായിരുന്നില്ല. എങ്ങനെയും കായംകുളത്തിനെ പരാജയപ്പെടുത്താൻ അവസരം പാർത്തു. അഞ്ചുതെങ്ങിൽ ആസ്ഥാനമുറപ്പിച്ചിരുന്ന ബ്രിട്ടീഷുകാരിൽനിന്നും മാഹിയിൽ ആധിപത്യം സ്ഥാപിച്ചിരുന്ന ഫ്രഞ്ചുകാരിൽനിന്നും ആയുധങ്ങൾ ശേഖരിച്ചു. തന്റെ സൈന്യത്തിന് ആയുധപരിശീലനം നല്കി. സേനയെ രണ്ടായി പകുത്ത് കൊല്ലത്തേക്കും കായംകുളത്തേക്കും പടനീക്കി.

അപ്രതീക്ഷിതമായിരുന്നു തിരുവിതാംകൂറിന്റെ പടനീക്കം. എങ്കിലും കായംകുളം രാജാവ് നേരിട്ട് തന്റെ സൈന്യത്തെ നയിച്ചു. യുദ്ധത്തിൽ കായംകുളം രാജാവ് മരണപ്പെട്ടു. കായംകുളം പരാജയത്തിലേക്കു കൂപ്പുകുത്തി എന്നു തോന്നിപ്പിച്ച നിമിഷത്തിലായിരുന്നു കായംകുളംരാജാവിന്റെ അനുജൻ യുദ്ധമുഖത്തെത്തുകയും സേനയുടെ നേതൃത്വം ഏറ്റെടുക്കുകയും ചെയ്തത്. ആ യുദ്ധത്തിലും തിരുവിതാംകൂറിന്റെ സൈന്യം പരാജയമറിഞ്ഞു.

പരാജയങ്ങൾ ഒരിക്കലും മാർത്താണ്ഡവർമയെ തളർത്തിയിരുന്നില്ല. ബുദ്ധിമാനും തന്ത്രശാലിയുമായിരുന്ന മാർത്താണ്ഡവർമ കാകദൃഷ്ടിയോടെ കാര്യങ്ങൾ നോക്കിക്കാണുകയും ബകധ്യാനത്തോടെ തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്തുകൊണ്ടിരുന്നു.

കായംകുളത്തിനോട് ഒരേറ്റുമുട്ടൽ ക്ഷിപ്രസാധ്യമല്ലെന്നു മനസ്സിലാക്കിയ മാർത്താണ്ഡവർമ കൊട്ടാരക്കര കേന്ദ്രമാക്കി ഭരണം നടത്തിയിരുന്ന ഇളയിടം സ്വരൂപത്തിനെതിരേ തന്റെ സൈന്യത്തെ നീക്കി. യുദ്ധത്തിൽ ഇളയിടത്തു രാജാവിനെ കീഴ്പെടുത്തി തടവിലാക്കി. ഗത്യന്തരമില്ലാതെ ഇളയിടത്തു റാണി തെക്കുംകൂറിലേക്കു പലായനം ചെയ്തു.

മാർത്താണ്ഡവർമയുടെ അപ്രമാദിത്വത്തിലും വളർച്ചയിലും ഡച്ചുകാർക്ക് ആശങ്കയുണ്ടായി. തിരുവിതാംകൂറിന്റെ വളർച്ചയും സൈനികബലവും തങ്ങൾക്കു ഹാനികരമായിരിക്കുമെന്ന് അവർ കണക്കുകൂട്ടി.

ബറ്റോവിയയിലെ ഡച്ച് അധികാരികൾ സിലോണിലെത്തി ഡച്ചുഗവർണറായിരുന്ന വാൻ ഇംഹൂഫിനെ കണ്ട് തിരുവിതാംകൂറിലെ സ്ഥിതിഗതികൾ പറഞ്ഞു മനസ്സിലാക്കി മേൽനടപടികൾ സ്വീകരിക്കാനായി തിരുവിതാംകൂറിലേക്കയച്ചു.

തിരുവിതാംകൂറിലെത്തിയ ഡച്ചുഗവർണർ വാൻ ഇംഹൂഫ് മാർത്താണ്ഡവർമയെ നേരിൽക്കണ്ട് ഇളയിടംസ്വരൂപം, കായംകുളം എന്നീ നാട്ടുരാജ്യങ്ങളിൽ ഇടപെട്ടതിലുള്ള പ്രതിഷേധമറിയിച്ചു. ഇളയിടത്തുറാണിയെ തെക്കുംകൂറിൽനിന്ന് ഇളയിടത്തു സ്വരൂപത്തിലേക്ക് പുനരധിവസിപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. പക്ഷേ, മാർത്താണ്ഡവർമ അതൊന്നും ചെവിക്കൊണ്ടില്ല.

ഡച്ചുകാർ മാർത്താണ്ഡവർമയുടെ അനുവാദമില്ലാതെ തെക്കുംകൂറിൽനിന്ന് റാണിയെ ഇളയിടംസ്വരൂപത്തിൽത്തന്നെ അവരോധിക്കുകയും മാർത്താണ്ഡവർമയുടെ തുടർന്നുണ്ടായേക്കാവുന്ന എല്ലാ നീക്കങ്ങളും പ്രതിരോധിക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്തു.

തിരുവിതാംകൂർ സൈന്യവും ഡച്ചുപടയും ഏറ്റുമുട്ടി. പക്ഷേ, മാർത്താണ്ഡവർമയുടെ സൈന്യത്തോടു ഡച്ചുപടയും സംയുക്തസൈന്യവും പരാജയപ്പെട്ടു. മാർത്താണ്ഡവർമ ഇളയിടത്ത് സ്വരൂപത്തിനെ തിരുവിതാകൂറിനോടു ചേർത്തു. ഇളയിടത്തു റാണി കൊച്ചിയിലെ ഡച്ചുകോട്ടയിലേക്ക് ഓടി രക്ഷപ്പെട്ടു. അതിനുശേഷം മാർത്താണ്ഡവർമ വടക്കൻദിക്കുകളിലേക്കു പടനീക്കി.

മാർത്താണ്ഡവർമ ഡച്ചുകാരുടെ കണ്ണിലെ കരടായി മാറുകയായിരുന്നു. തിരുവിതാംകൂറിന്റെ വളർച്ചയും സൈന്യബലവും തങ്ങൾക്കു ഭീഷണിയാകുമെന്ന് ഡച്ചുകാർക്ക് ഉറപ്പായിരുന്നു. എങ്ങനെയും തിരുവിതാംകൂറിനെ നിശ്ശേഷം പരാജയപ്പെടുത്തുക എന്നുതന്നെ അവർ തീരുമാനിച്ചു.

ഡച്ചുകാർ സിലോണിൽനിന്ന്, സായുധസേനയെ വരുത്തി. കുളച്ചൽ കേന്ദ്രമാക്കി തിരുവിതാംകൂറിനെ ആക്രമിക്കാൻ തീരുമാനിച്ചു. കുളച്ചലിനും കോട്ടാറിനും ഇടയിലുള്ള പ്രദേശങ്ങൾ അവർ കീഴടക്കി. പിന്നീട് തിരുവിതാംകൂറിന്റെ തലസ്ഥാനമായ കൽക്കുളം ആക്രമിക്കാൻ പദ്ധതിയിട്ടു.

വിവരമറിഞ്ഞ മാർത്താണ്ഡവർമ വടക്കൻ ദിക്കുകളിൽനിന്ന് തിരുവിതാംകൂർ സൈന്യത്തെ തിരിച്ചു നയിച്ചു. കുളച്ചലിൽ വച്ച് ഡച്ചുസൈന്യവുമായി ഏറ്റുമുട്ടി.

ആയിരത്തി എഴുന്നൂറ്റി നാല്പത്തൊന്നിലായിരുന്നത്. ഡച്ചുസൈന്യം തിരുവിതാംകൂർപ്പടയുടെ ആയുധബലത്തിനും അംഗബലത്തിനും യുദ്ധതന്ത്രങ്ങൾക്കു മുമ്പിൽ അമ്പേ പരാജയപ്പെട്ടു. അവർ കോട്ട ഉപേക്ഷിച്ച് കപ്പലിലേക്കു പിൻവാങ്ങി. ഡച്ചുസൈന്യത്തിന്റെ ക്യാപ്റ്റനടക്കം ഇരുപത്തിനാലുപേരെ തിരുവിതാംകൂർ സൈന്യം തടവുകാരായി പിടിച്ചു.

കുളച്ചൽ യുദ്ധം തിരുവിതാംകൂറിന്റെ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട ഒന്നായി. യുദ്ധത്തടവുകാരായി പിടിക്കപ്പെട്ടവരിൽ മുറിവേറ്റവരും അംഗഭംഗം സംഭവിച്ചവരുമായ കുറെ ഭടന്മാർ തിരുവിതാംകൂർ തടവറയിൽ കാലതാമസം കൂടാതെ മരണപ്പെട്ടു.

ശേഷിച്ചവരിൽ പ്രധാനികളായിരുന്നു ഡച്ചുകപ്പൽപടയുടെ തലവനായിരുന്ന ക്യാപ്റ്റൺ എസ്തേക്ക്യൂസ് ബനഡിക്ട് ഡിലനായിയും ഡോണ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന മറ്റൊരാളും.

ഉത്തമനായ ഒരു വ്യക്തിയായിരുന്നു ക്യാപ്റ്റൻ എസ്തേക്കിയൂസ് ബനഡിക്ട് ഡിലനായി. കറകളഞ്ഞ് ക്രൈസ്തവവിശ്വാസി. തിരുവിതാംകൂറിന്റെ തടവറയിൽ കിടന്ന് ക്യാപ്റ്റൻ ഡിലനായി വിലപിക്കുകയോ അലമുറയിടുകയോ ചെയ്തില്ല. തന്റെ മോചനത്തിനുവേണ്ടി കേണില്ല. അദ്ദേഹം നിരാശനോ നിരാശ്രയനോ ആയി ഭവിച്ചില്ല.

അദ്ദേഹം ക്രിസ്തുവിൽ അടിയുറച്ചു വിശ്വസിച്ചിരുന്നു. പ്രത്യാശയുള്ളവനായിരുന്നു. പ്രത്യാശ സൂര്യനെപ്പോലെയാണ്. നാം സൂര്യനു നേരേ നടക്കുമ്പോൾ നമ്മുടെ ഭാരത്തിന്റെ നിഴൽ നമ്മുടെ പിറകിൽ ആക്കപ്പെടുന്നു.

*ശേഷം 18–ാം പേജിൽ*

1-ാം പേജ് തുടർച്ച




റഷ്യയുടെ അപ്രതീക്ഷിതമായ ആക്രമണത്തിൽ രാഷ്ട്രത്തലവന്മാർക്കു നിസ്സഹായരായി നോക്കി നിൽക്കാനേ കഴിയുമായിരുന്നുള്ളൂ. നൂറുകണക്കിന് ആണവായുധങ്ങൾ കൈവശമുള്ള ഏറ്റവും വലിയ സൈനികശക്തികളിലൊന്നിനെയാണ് അഭിമുഖീകരിക്കുന്നത്. നേരിട്ടുള്ള ഒരേറ്റുമുട്ടലിനു മുതിർന്നാൽ അത് വലിയ ഒരു യുദ്ധത്തിലേക്കാവും കൊണ്ടുചെന്നെത്തിക്കുക. യുക്രെയ്ന്റെ പരമാധികാരത്തെ അട്ടിമറിച്ച റഷ്യയുടെ കടന്നുകയറ്റത്തെ അപലപിച്ച യു.എസ്. പ്രസിഡന്റ് ജോ ബൈഡൻ പറഞ്ഞു: "മുൻകൂട്ടി തയ്യാറാക്കിയ ഒരു പദ്ധതിയാണ് റഷ്യൻ പ്രസിഡന്റ് വ്ളാഡിമർ പുടിൻ നടപ്പാക്കിയത്. യുക്രെയ്നെ കീഴടക്കാമെന്ന പുടിന്റെ വ്യാമോഹം നടക്കില്ല. എന്തുവിലകൊടുത്തും യുക്രെയ്നെ സംരക്ഷിക്കും. യു.എസും സഖ്യകക്ഷികളും നിസ്സഹായരായ യുക്രെയ്ൻ ജനതയ്ക്കൊപ്പമാണ്."

യുക്രെയ്ന്റെ പരമാധികാരത്തെ അട്ടിമറിച്ച റഷ്യയുടെ കടന്നുകയറ്റത്തെ അപലപിച്ച യു.എസ്. പ്രസിഡന്റ് ജോ ബൈഡൻ പറഞ്ഞു: "മുൻകൂട്ടി തയ്യാറാക്കിയ ഒരു പദ്ധതിയാണ് റഷ്യൻ പ്രസിഡന്റ് വ്ളാഡിമർ പുടിൻ നടപ്പാക്കിയത്. യുക്രെയ്നെ കീഴടക്കാമെന്ന പുടിന്റെ വ്യാമോഹം നടക്കില്ല. എന്തുവിലകൊടുത്തും യുക്രെയ്നെ സംരക്ഷിക്കും. യു.എസും സഖ്യകക്ഷികളും നിസ്സഹായരായ യുക്രെയ്ൻ ജനതയ്ക്കൊപ്പമാണ്."

യുക്രെയ്നിലെ സമീപകാല സംഭവവികാസങ്ങൾ വേദനിപ്പിക്കുന്നതാണെന്നായിരുന്നു ഫ്രാൻസിസ് മാർപാപ്പായുടെ പ്രതികരണം. നിക്ഷിപ്തതാത്പര്യങ്ങൾ സമാധാനത്തിനു വിലങ്ങുതടിയാകരുതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. യുക്രെയ്നിലെ കത്തോലിക്കാസഭ ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ പ്രാദേശികസഭയാണ്. രാജ്യത്തെ 70% ജനങ്ങളും ക്രൈസ്തവരുമാണ്. വത്തിക്കാനിലെ യുക്രെയ്ൻ എംബസിയിലെത്തിയ ഫ്രാൻസിസ് പാപ്പാ യുക്രെയ്ൻ ജനതയ്ക്കുവേണ്ടി പ്രാർത്ഥിച്ചതും ശ്രദ്ധേയമായി. ഒരു മാർപാപ്പാ ഏതെങ്കിലുമൊരു എംബസി സന്ദർശിക്കുന്നത് ലോകചരിത്രത്തിൽ ആദ്യമാണ്.

സമീപകാലത്തെ ഏറ്റവും വലിയ സുരക്ഷാപ്രതിസന്ധിയാണു ലോകം അഭിമുഖീകരിക്കുന്നതെന്നായിരുന്നു ഐക്യരാഷ്ട്രസംഘടനയുടെ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് പ്രതികരിച്ചത്. നാറ്റോയുടെ സെക്രട്ടറി ജനറൽ ജെൻസ് സ്‌ടോൾ ടെൻബർഗും യു.കെ. ജർമനി, ഫ്രാൻസ് തുടങ്ങിയ വൻശക്തിരാഷ്ട്രങ്ങളിലെ നേതാക്കളുമെല്ലാം റഷ്യൻ ആക്രമണത്തെ നിശിതമായ ഭാഷയിൽ അപലപിച്ചെങ്കിലും നേരിട്ടുള്ള ഒരു യുദ്ധത്തിനു മുതിരാതെ മാറിനില്ക്കാനാണു താത്പര്യപ്പെട്ടത്. യു.എസ്. ഉൾപ്പെടെയുള്ള നാറ്റോസഖ്യത്തോടും സഹായാഭ്യർത്ഥന നടത്തിയ യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കി നിരാശനായെങ്കിലും പ്രതികരിച്ചത് ഇങ്ങനെയായിരുന്നു: "അന്താരാഷ്ട്രസമൂഹം ഞങ്ങളെ കൈവെടിഞ്ഞെങ്കിലും ഞങ്ങൾ ഭഗ്നാശരല്ല. ഞങ്ങൾ ഒറ്റയ്ക്കുനിന്നു പോരാടും, റഷ്യയെ തോല്പിക്കുകയും ചെയ്യും. എന്നെയും എന്റെ കുടുംബത്തെയുമാണ് പുടിൻ ലക്ഷ്യമിടുന്നത്. ജീവൻ വെടിയുംവരെ ഞാൻ കീവിൽത്തന്നെ തുടരും." 18 നും 60 നും ഇടയ്ക്കു പ്രായമുള്ളവരെല്ലാം യുദ്ധരംഗത്തേക്കിറങ്ങാൻ ആഹ്വാനം ചെയ്ത സെലെൻസ്കി, ഗ്രനേഡുകളും യന്ത്രത്തോക്കുകളും അത്യാവശ്യപരിശീലനവും നൽകാൻ ഉത്തരവിടുകയും ചെയ്തു. പെട്രോൾബോംബുകളുണ്ടാക്കി റഷ്യൻ ടാങ്കുകൾക്കുനേരേ പ്രയോഗിക്കാനുള്ള പ്രായോഗികജ്ഞാനവും ജനങ്ങൾക്കു നൽകി. സായുധരായ ജനങ്ങൾ സൈന്യത്തോടു ചേർന്നു പൊരുതാനിറങ്ങിയപ്പോൾ റഷ്യൻപടയുടെ മുന്നേറ്റത്തിന്റെ ഗതിവേഗം കുറഞ്ഞതായാണ് വാർത്തകൾ. കീവിലെ ജനങ്ങളോടൊപ്പം ബങ്കറിൽ കഴിയുന്ന സെലെൻസ്കി സുരക്ഷിതനാണെന്നും റിപ്പോർട്ടുകളുണ്ട്.

ആദ്യരണ്ടു ദിവസങ്ങളിൽ നാറ്റോ സൈന്യം യുദ്ധത്തിനിറങ്ങിയില്ലെങ്കിലും മൂന്നാം ദിവസം മുതൽ അംഗരാജ്യങ്ങളായ പോളണ്ടിലേക്കും റൊമാനിയയിലേക്കും ലാത്വിയയിലേക്കും ആയുധങ്ങളെത്തിച്ചു തുടങ്ങിയത് മൂന്നാം ലോകമഹായുദ്ധത്തിലേക്കുള്ള വഴി തുറക്കുമെന്നു നിരീക്ഷിക്കുന്നവരുണ്ട്. യൂറോപ്യൻ യൂണിയനിലും നാറ്റോയിലും അംഗത്വം നേടുന്നതിനുള്ള യുക്രെയ്ൻ ജനതയുടെയും സെലെൻസ്കിയുടെയും ആഗ്രഹം തടയാനുള്ള പുടിന്റെ നിലപാട് വലിയൊരു യുദ്ധമായി മാറുമെന്ന് ദോഷൈകദൃക്കുകൾ പോലും കരുതിയിട്ടുണ്ടാവില്ല. തന്റെ രാജ്യത്തിന്റെ അതിർത്തിക്കടുത്തുള്ള നാറ്റോയുടെ സൈനികസാന്നിധ്യമാണ് പുടിനെ പ്രകോപിപ്പിച്ചത്. എന്നാൽ, യുക്രെയ്ന് നാറ്റോ അംഗത്വം നേടാനുള്ള അവകാശമുണ്ടെന്നും ആ രാജ്യത്തിന്റെ പരമാധികാരവും സ്വാതന്ത്ര്യവും അപകടത്തിലാകുന്ന ഒരു നടപടിയും അംഗീകരിക്കാനാവില്ലെന്നും നാറ്റോ നിലപാടെടുക്കുന്നു. സോവിയറ്റ് യൂണിയനോടൊപ്പം വാർസോ സഖ്യത്തിൽ അംഗങ്ങളായിരുന്ന രാജ്യങ്ങൾ നാറ്റോയിൽ അംഗമായി ചേരരുതെന്ന ധാരണയുടെ ലംഘനമാണ് യുക്രെയ്ന്റെ നടപടിയെന്നാണ് പുടിന്റെ ആരോപണം.

ചേരിതിരിഞ്ഞുള്ള സാമ്രാജ്യത്വമോഹങ്ങളാണ് ഇന്നത്തെ ദുരവസ്ഥയ്ക്കു കാരണമെന്നു വ്യക്തമാണ്. യുക്രെയ്നെ കീഴടക്കിയാൽ കരിങ്കടൽ മുഴുവൻ സ്വന്തമായി കൈവശപ്പെടുത്താമെന്നും മെഡിറ്ററേനിയൻ കടലിലേക്ക് സുഗമമായ ഒരു സമുദ്രപാത തുറക്കാമെന്നുമുള്ള വ്യാമോഹവും പുടിനുണ്ട്. എട്ടുവർഷങ്ങൾക്കുമുമ്പ് ക്രീമിയ പിടിച്ചെടുത്തപ്പോഴുള്ള സ്വപ്നമാണത്. 'ഏറ്റുമുട്ടൽ ഒഴിവാക്കാനാവില്ലെങ്കിൽ ആദ്യത്തെ അടി നമ്മുടേതായിരിക്കണം' എന്നു 2015 ൽ പുടിൻ പറഞ്ഞിട്ടുണ്ടെന്നു ചരിത്രം. കരിങ്കടൽ പ്രധാനമായും അതിരിടുന്ന തുർക്കിയും റൊമേനിയയും ഇപ്പോൾ നാറ്റോ സഖ്യത്തിൽ തുടരുന്നതോ അംഗത്വം സ്വീകരിക്കുന്നതോ പുടിന് ഉൾക്കൊള്ളാനാവില്ല. യുക്രെയ്നു ശേഷം പുടിന്റെ ലക്ഷ്യം ജോർജിയയായിരിക്കുമെന്നു നിരീക്ഷിച്ചവരുണ്ട്.

ജൂഡോയിൽ സമർത്ഥനും നിയമബിരുദധാരിയുമായ വ്ളാഡിമിർ പുടിൻ 23-ാം വയസ്സിൽ റഷ്യൻ രഹസ്യാന്വേഷണവിഭാഗമായ കെ.ജി.ബി.യിൽ ചേർന്ന് ലഫ്. കേണൽ പദവി വരെ ഉയർന്ന വ്യക്തിയാണ്. സെന്റ് പീറ്റേഴ്സ് ബർഗിൽ ഡെപ്യൂട്ടി മേയറായി പൊതുജീവിതം ആരംഭിച്ച പുടിൻ, സോവിയറ്റുകാലത്തെ പ്രസിഡന്റായിരുന്ന ബോറിസ് യെൽസിന്റെ ഉപദേഷ്ടാവും 1999 ൽ പ്രധാനമന്ത്രിയുമായി. 2000 ൽ നാലാം വട്ടവും പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടശേഷം കൊണ്ടുവന്ന ഭരണഘടനാഭേദഗതിയിലൂടെ ആജീവനാന്തം അധികാരക്കസേരയിൽ തുടരാനും പുടിനു കഴിയും.

സാമ്പത്തികഞെരുക്കവും മഹാമാരികളും ലോകത്തെ വരിഞ്ഞുമുറുക്കുന്ന അവസരത്തിൽ ദുർബലമായ ഒരു രാജ്യത്തിന്റെ മേൽ ഒരു വൻശക്തിരാഷ്ട്രം ആക്രമണം അഴിച്ചുവിട്ടത് അങ്ങേയറ്റം അപലപനീയമാണ്. രണ്ടു രാജ്യങ്ങളുടെയും പ്രതിനിധികൾ ബെലാറൂഡ് അതിർത്തിയിൽ സമാധാനചർച്ചകൾക്കു തുടക്കമിട്ടു എന്ന വാർത്ത ആശ്വാസം പകരുന്നതാണ്. എല്ലാം ശുഭമായി പര്യവസാനിക്കട്ടേയെന്നു പ്രാർത്ഥിക്കാനല്ലേ കഴിയൂ. ■

---






ഡോ. ജെ. കട്ടയ്ക്കൽ

**ലോ**കരക്ഷകനായ കർത്താവീശോയുടെ മനുഷ്യാവതാരത്തിന് ആയിരത്തിയഞ്ഞൂറു വർഷംമുമ്പ് (ബി.സി. 1500), ഭാരതത്തിൽ ഗുരുകുലങ്ങളിൽനിന്നു മുഴങ്ങിക്കേട്ടിരുന്ന ഭക്തഗാനങ്ങൾ വളരെ ശ്രദ്ധേയങ്ങളാണ്. നമ്മുടെ ബൈബിൾ പഴയനിയമം വിരചിതമായ കാലത്ത് ബി.സി. ആയിരത്തിയഞ്ഞൂറിനടുത്ത്, വിരചിതമായ ഋഗ്വേദത്തിലെ ചില ആമുഖപ്രാർത്ഥനകൾ വിവർത്തന-വ്യാഖ്യാനസഹിതം താഴെച്ചേർക്കുന്നു.

# വെള്ളത്തിലെ കുമിളകൾ

ഓം! സഹനാവ്-അവതു!
സഹ നൗ ഭുനക്തു, സഹവീര്യം കരവാവഹൈ!
തേജസ്വി നാവ്-അവധീതം അസ്തു!
മാ വിദ്വിഷാവഹൈ!
ഓം! ശാന്തിഃ ശാന്തിഃ ശാന്തിഃ!

### വിവർത്തനം

ദൈവമേ, (ഞങ്ങളെ) എന്നെയും എന്റെ പ്രിയ ശിഷ്യന്മാരെയും, കാത്തുപരിപാലിക്കണമേ,
ഞങ്ങൾ ആരെയും ദ്വേഷിക്കാതെ, എല്ലാവരോടും സ്നേഹമായി വർത്തിക്കട്ടെ!
ഞങ്ങൾ ഒരുമിച്ചു ഭക്ഷിച്ച് ശക്തി ആർജിക്കട്ടെ!
ഞങ്ങളുടെ പഠനപരിശ്രമങ്ങളെല്ലാം തേജസ്സുറ്റതാകട്ടെ!
ഞങ്ങൾക്ക് ആരോടും വെറുപ്പും വിദ്വേഷവും ഇല്ലാതിരിക്കട്ടെ!
എല്ലാവരെയും സ്നേഹിക്കട്ടെ!

**ഓം! ശാന്തിഃ ശാന്തിഃ ശാന്തിഃഃ/**

### വ്യാഖ്യാനം

**ഓം! സഹ നാവ് – അവതു!**

'ദൈവമേ, എന്നെയും എന്റെ ശിഷ്യന്മാരെയും അനുഗ്രഹിക്കണമേ' എന്ന പ്രാർത്ഥനയോടെയാണ് സ്റ്റഡി ക്ലാസ് ആരംഭിക്കുന്നത്. വളരെ പ്രശംസനീയമായ പദ്ധതി!

**സഹനൗ ഭുനക്തു** – ഞങ്ങൾ ഒരുമിച്ചു ഭക്ഷണപാനീയങ്ങൾ ആസ്വദിക്കട്ടെ! ആശാസ്യമായ സദാചാരം!

**സഹവീര്യം കരവാവഹൈ** – ഞങ്ങൾ ഒരുമിച്ച് വീര്യം (ശക്തി, കരുത്ത്) ആർജിക്കട്ടെ. ഗുരുവിന്റെ വീര്യാദിഗുണങ്ങൾ ശിഷ്യന്മാരും ആർജിക്കട്ടെ. ഗുരുവിരോധമോ ശിഷ്യസ്പർദ്ധയോ ലവലേശമില്ലാതെ, എല്ലാവരുമൊത്ത് സ്നേഹമായി ജീവിക്കട്ടെ.

**മാ വിദ്വിഷാവഹൈ** – ഞങ്ങളിൽ ആർക്കെങ്കിലും, ആരോടും വിദ്വേഷമോ വെറുപ്പോ വിരോധമോ ഉണ്ടാകാതിരിക്കട്ടെ. 'നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ' എന്ന ക്രിസ്തൂപദേശത്തിന്റെ പൂർവരൂപം!

**തേജസ്വി നാവധീതം അസ്തു** – ഞങ്ങളുടെ പഠനം, അധ്യയനം പ്രകാശപൂർണമാകട്ടെ, പ്രയോജനപ്രദമാകട്ടെ! ഗുരുശിഷ്യന്മാരുടെ പ്രാർത്ഥനപോലെ, ദൈവാനുഗ്രഹവും ലഭിക്കുമാറാകട്ടെ!

ഗുരുത്വവും ദൈവാനുഗ്രഹവും കൂടാതെയുള്ള ബുദ്ധികസർത്തുകളൊക്കെ വെറും ജലബുദ്ബുദങ്ങൾ! വെള്ളത്തിലെ കുമിളകൾ! ■

---

നുറുങ്ങുചിന്ത

ഉണ്ണി വാരിയത്ത്

# ആത്മരോഗം

പാടാൻ പറഞ്ഞാലും ഇല്ലെങ്കിലും അവൻ പാടും.

പാടാൻ അത്ര കഴിവൊന്നുമില്ലെങ്കിലും അവൻ പാടാതിരിക്കില്ല.

അതു സഹിക്കാമെന്നുവെച്ചാൽത്തന്നെ അവന്റെ ആത്മപ്രശംസ കേൾക്കുമ്പോൾ ആർക്കായാലും അറപ്പും വെറുപ്പും തോന്നും.

ആത്മരാഗമാണത്രെ അവന് സംഗീതം!

ആത്മരോഗം എന്നല്ലേ പറയേണ്ടത്?




**മാർച്ച് 13**
**നോമ്പുകാലം**
**മൂന്നാം ഞായർ**

**നിയ 15 : 7–15**
**തോബി 12 : 6–15**
**2 കോറി 8 : 9–15**
**മത്താ 6 : 1–8; 16–18**

# സത്കർമങ്ങളും ദാനധർമങ്ങളും പേരിനും പെരുമയ്ക്കുംവേണ്ടിയോ?



**ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ**



സഹോദരസ്നേഹത്തിന്റെ പ്രായോഗികമാനത്തെക്കുറിച്ചാണ് ഇന്നത്തെ വിശുദ്ധഗ്രന്ഥവായനകൾ വിശദീകരിക്കുന്നത്. ദരിദ്രസഹോദരനെക്കുറിച്ചു പരിഗണനയുണ്ടാകണമെന്ന് (നിയ. 15:7–15) ഒന്നാം പ്രഘോഷണം നമ്മെ പഠിപ്പിക്കുന്നു. സഹോദരനെതിരേ ഹൃദയം കഠിനമാക്കുകയോ അവനു സഹായം നിരസിക്കുകയോ അരുത്. ഉദാരമായി വായ്പ കൊടുക്കണം. സാബത്തുവർഷം കടമെല്ലാം ഇളവുചെയ്യണമെന്നത് ഇസ്രായേലിനെ സംബന്ധിച്ച് നിയമത്തിന്റെ ഭാഗമാണ് (ലേവ്യ. 25). അതുകൊണ്ടാണ് ഏഴാം വർഷത്തെ 'മോചനവർഷം' എന്നു വിശേഷിപ്പിക്കുന്നത്. മോചനവർഷം അടുത്തിരിക്കുന്നതിനാൽ, നല്കിയ വായ്പ തിരികെ ലഭിക്കാതെപോകുമോ എന്ന ഭയത്തിൽ സഹായം അർഹിക്കുന്ന സഹോദരനോടു കരുണ കാണിക്കാതിരിക്കുന്നതു പാപമാണ്. ഉദാരമായി ദാനംചെയ്യുന്നവന്റെ ജോലികളിലും അവൻ ആരംഭിക്കുന്ന പ്രവൃത്തികളിലും സമൃദ്ധമായ ദൈവാനുഗ്രഹമുണ്ടാകും (നിയ. 15:10). അതുകൊണ്ടുതന്നെ നമ്മുടെ ചുറ്റുമുള്ള ദരിദ്രരെ ശല്യമായി കാണാതെ, നമുക്കു ദൈവാനുഗ്രഹം ലഭിക്കാൻ സഹായിക്കുന്നവരായി കാണാൻ സാധിക്കണമെന്ന് ഇന്നത്തെ ആദ്യപ്രഘോഷണം നമ്മെ ഉദ്ബോധിപ്പിക്കുന്നു.

രണ്ടാം പ്രഘോഷണത്തിൽ (തോബി. 12:6–15) തോബിത്തിനും മകൻ തോബിയാസിനും റഫായേൽ ദൂതൻ നല്കുന്ന ഉപദേശങ്ങൾ ദാനധർമത്തിന്റെ പ്രാധാന്യത്തെപ്പറ്റിയാണ്. പ്രാർത്ഥന കൂടുതൽ ഫലപ്രദമാകുന്നത് അതിനോട് ഉപവാസവും ദാനധർമവും നീതിയും കൂട്ടിച്ചേർക്കുമ്പോഴാണ് (തോബി. 12:8). പാപത്തിൽനിന്നു മാത്രമല്ല, മരണത്തിൽനിന്നുപോലും രക്ഷിക്കാനുള്ള കഴിവ് ദാനധർമത്തിനുണ്ട് (തോബി: 12:9). തോബിത്തിന്റെ പ്രാർത്ഥന ദൈവസന്നിധിയിൽ സ്വീകാര്യമായത് അവന്റെ കാരുണ്യപ്രവൃത്തികൾ മൂലമാണ്. മരിച്ചവരെ സംസ്കരിച്ചതും മറ്റു സത്പ്രവൃത്തികൾ ചെയ്തതുമെല്ലാം അദ്ദേഹത്തിന്റെ പ്രാർത്ഥന സ്വീകരിക്കപ്പെടുന്നതിനു കാരണമായി. ദൈവം നമുക്കു ചെയ്തതും ചെയ്തുകൊണ്ടിരിക്കുന്നതുമായ നന്മകൾക്കായി അവിടത്തെ സ്തുതിക്കുന്നതും അവിടത്തേക്കു കൃതജ്ഞതയർപ്പിക്കുന്നതും ഉചിതമാണെന്നും ദൂതൻ അനുസ്മരിപ്പിക്കുന്നു.

ക്ലേശങ്ങളുടെ തീവ്രമായ പരീക്ഷകളിൽപ്പോലും ഉദാരമായ ദാനങ്ങളിലൂടെ കാരുണ്യപ്രവൃത്തികളിൽ വ്യാപൃതരാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഇന്നത്തെ മൂന്നാം പ്രഘോഷണത്തിൽ (2 കോറി. 8:9–15) പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭാംഗങ്ങളെ ഉദ്ബോധിപ്പിക്കുന്നു. മക്കദോനിയായിലെ സഭകളുടെ നല്ല മാതൃകയെ പ്രകീർത്തിച്ചുകൊണ്ടാണ് അദ്ദേഹം ഇതു ചെയ്യുന്നത്. അതീവസമ്പന്നനായിരുന്നിട്ടും മനുഷ്യരായ നമ്മെപ്രതി ദരിദ്രരിൽ ദരിദ്രനായി അവതരിച്ച ഈശോയുടെ മാതൃകയാണ് ഇതിനു നമുക്കു പ്രചോദനം (2 കോറി. 8:9). ഓരോരുത്തരും താന്താങ്ങളുടെ കഴിവനുസരിച്ച് ഉദാരമായി സഹായിക്കണമെന്നാണു ശ്ലീഹാ ഉപദേശിക്കുന്നത്.

യഹൂദമതജീവിതത്തിന്റെ ബാഹ്യ അടയാളങ്ങളായി കരുതപ്പെട്ടിരുന്ന മൂന്നു കാര്യങ്ങളാണ് ധർമദാനം, പ്രാർത്ഥന, ഉപവാസം എന്നിവ. തോറാ (നിയമം) മുഴുവന്റെയും പ്രായോഗികസംഗ്രഹമായി യഹൂദർ ഇതിനെ കണ്ടിരുന്നു. അവരുടെ ധാർമികതയെയും മതജീവിതത്തെയും നിർവചിച്ചിരുന്നതും നിർണയിച്ചിരുന്നതും ഈ ത്രിവിധ ജീവിതശൈലിയായിരുന്നു. തന്റെ സുവിശേഷപ്രകാരമുള്ള ഒരു പുതിയ ധാർമികത പ്രഘോഷിച്ച ഈശോമിശിഹാ ഈ ജീവിതശൈലിക്കു പുതിയൊരു മാനം നല്കി. അവിടത്തെ ശിഷ്യരുടെ ധാർമികത ഫരിസേയരുടെയും നിയമജ്ഞരുടെയും ധാർമികതയെ അതിശയിക്കുന്നതായിരിക്കണം (മത്താ. 5:20) എന്നുപദേശിച്ചപ്പോൾ അവിടന്നു വിഭാവനം ചെയ്തതും ഇതുതന്നെയായിരുന്നു. ഈ പുതിയ ധാർമികതയുടെ വ്യത്യസ്തമാനങ്ങളാണ് ഇന്നത്തെ സുവിശേഷപ്രമേയം (മത്താ. 6:1–8,16–18).

ധർമദാനം, പ്രാർത്ഥന, ഉപവാസം എന്നീ മൂന്നു പ്രവൃത്തികളെയാണ് സത്കർമങ്ങളായി ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൽ പ്രഥമമായിട്ടുള്ളത് ധർമദാനമാണ്. മറ്റുള്ളവരുടെ പ്രശംസ കാംക്ഷിച്ച്, വലിയ പ്രചാരണം നല്കി, ദാനം ചെയ്യുന്നവർക്കു ദൈവത്തിൽനിന്നു യാതൊരു പ്രതിഫലത്തിനും അർഹതയില്ലെന്ന് അവിടുന്നു വ്യക്തമായി പഠിപ്പിക്കുന്നു. നമ്മൾ ചെയ്യുന്ന സത്പ്രവൃത്തികളുടെ ലക്ഷ്യം മനുഷ്യരെ കാണിക്കുകയെന്നതാകരുത്. അങ്ങനെയെങ്കിൽ സ്വർഗീയസമ്മാനം നമുക്കു ലഭിക്കുകയില്ല. സത്കർമങ്ങൾ ചെയ്താൽ അവയെ കൊട്ടിഘോഷിക്കുവാനുള്ള പ്രവണതയിൽനിന്നും പ്രശംസാമോഹങ്ങളിൽനിന്നും നമ്മൾ അകന്നു ജീവിക്കണം (മത്താ. 7:15). സത്കർമങ്ങളും ദാനധർമങ്ങളും ആത്മപ്രശംസയ്ക്കും അംഗീകാരത്തിനുമുള്ള ഉപാധികളായി ഉപയോഗിക്കുമ്പോൾ അവയുടെ മേന്മ കുറഞ്ഞുപോകും. പേരിനും പെരുമയ്ക്കുംവേണ്ടി നന്മ ചെയ്യുന്നവർക്കു ഭൗമികമായ ലക്ഷ്യം മാത്രമേയുള്ളൂ. ദൈവത്തെ പ്രസാദിപ്പിക്കുകയെന്ന ചിന്തയിൽനിന്ന് അവർ വ്യതിചലിക്കുന്നു. മനുഷ്യരുടെ പ്രശംസ താത്കാലികമാണെങ്കിൽ ദൈവപിതാവിന്റെ പ്രതിഫലം ശാശ്വതമാണ്. കൊടുക്കുന്നവൻ മറക്കുകയും സ്വീകരിക്കുവൻ മറക്കാതിരിക്കുകയും ചെയ്യുന്നതാണു മഹത്ത്വം. നീതി പ്രവർത്തിക്കുന്നവർ മനുഷ്യപ്രശംസയെ ലക്ഷ്യമിടരുത്. പ്രശംസ എപ്പോഴും നീതിയെ അനുയാത്ര ചെയ്യേണ്ടതാണ്. ഏറ്റവും ശുദ്ധമായ ഉദ്ദേശ്യത്തോടെയും സ്വീകരിക്കുന്നവരുടെ അഭിമാനം സംരക്ഷിച്ചുകൊണ്ടുമായിരിക്കണം ദാനധർമം ചെയ്യേണ്ടത്.

കപടനാട്യക്കാർ ധർമദാനകാര്യത്തിലെന്നപോലെ പൊതുസ്ഥലങ്ങളിൽ പ്രാർത്ഥിക്കാൻ ഇഷ്ടപ്പെടുന്നു. മനുഷ്യനിൽനിന്നു ലഭിക്കുന്ന പ്രശംസയോട് വളരെയേറെ സ്നേഹം കപടനാട്യക്കാർ പുലർത്തുന്നു. അവർക്കു പ്രാർത്ഥനയെന്നത് സ്വയം സ്നേഹത്തിന്റെ പ്രകടനമാണ്. അവർ ദൈവഹിതം തേടാതെ മനുഷ്യസ്തുതി തേടുന്നു. വിശ്വാസത്തെക്കാൾ സ്വാർത്ഥത നിറഞ്ഞ ഹൃദയത്തിന്റെ പ്രതിഫലനമാണിവിടെ നാം ദർശിക്കുക. നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽക്കടന്നു കതകടച്ച് അദൃശ്യനായ പിതാവിനോടു പ്രാർത്ഥിക്കണമെന്നാണ് ഈശോ പഠിപ്പിക്കുന്നത്. മുറിയിൽക്കയറി പ്രാർത്ഥിക്കുന്നത് ദൈവവും പ്രാർത്ഥിക്കുന്നവനും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്നു. ഉൾമുറിയെന്നത് ഒരുവന്റെ ഹൃദയമാണ്. ഹൃദയമാകുന്ന ഉൾമുറിയിൽ പ്രവേശിച്ച് അതിന്റെ കവാടങ്ങൾ തുറന്നിട്ടാൽ തിന്മയുടെ ശക്തികൾ ആന്തരികമനുഷ്യനെ ആക്രമിക്കുകയും പ്രാർത്ഥനയുടെ ഏകാഗ്രതയെ തടസ്സപ്പെടുത്തുകയും ചെയ്യും. അതിനാൽ, ഇന്ദ്രിയങ്ങളാകുന്ന കവാടങ്ങളെ നാം അടയ്ക്കണം. ഇന്ദ്രിയനിഗ്രഹമുണ്ടായാലേ നമ്മുടെ പ്രാർത്ഥന ദൈവപിതാവ് ശ്രവിക്കുകയുള്ളൂ. പ്രാർത്ഥനയുടെ ഫലദായകത്വം പ്രധാനമായും പ്രാർത്ഥിക്കുന്ന വ്യക്തിയുടെ ഉദ്ദേശ്യശുദ്ധിയെ ആശ്രയിച്ചിരിക്കും. മറ്റുള്ളവർ കാണുന്നുവെന്നതല്ല, മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നതാണു തെറ്റ്. ആരവങ്ങളും ആർപ്പുവിളികളും ഒഴിവാക്കി ശാന്തമായി ദൈവത്തോടു പ്രാർത്ഥിക്കുക. ചുങ്കക്കാരന്റെ എളിയ മനോഭാവത്തോടും ധൂർത്തപുത്രന്റെ അനുതാപത്തോടും പാപിനിയുടെ ഹൃദയവിശുദ്ധിയോടുംകൂടി ദൈവസന്നിധിയിൽ അണയുക. ഹൃദയവിശുദ്ധിയില്ലാതെ നീ എത്രമാത്രം ഉച്ചത്തിൽ പ്രാർത്ഥിച്ചാലും ദൈവം നിന്റെ പ്രാർത്ഥന കേൾക്കുകയില്ലെന്ന് ഏശയ്യാ പ്രവാചകൻ പ്രസ്താവിക്കുന്നു.

ദാനധർമം, പ്രാർത്ഥന എന്നിവയുടെ കാര്യത്തിലെന്നതുപോലെ ആത്മാർത്ഥത നിറഞ്ഞ മനസ്സും നിസ്വാർത്ഥമായ പ്രവൃത്തിയും ഉപവസിക്കുമ്പോഴും നമുക്ക് ആവശ്യമാണ്. കപടനാട്യക്കാരുടെ ഉപവാസത്തെക്കുറിച്ച് ഏശയ്യ 58:5, ജറെ. 14:12 എന്നിവിടങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്. കപടനാട്യക്കാർ ഉപവസിക്കുന്നതു ദൈവതിരുമുമ്പിൽ വിനീതരാകാനായിരുന്നില്ല; മറിച്ച്, മനുഷ്യരുടെ മുമ്പിൽ വലിയവരാകാനായിരുന്നു. ദൈവതിരുമുമ്പിൽ ആരുമറിയാതെ നടത്തുന്ന ഉപവാസം ആത്മാർത്ഥമായിരിക്കും. മനുഷ്യരെ കാണിക്കുന്നതിനുവേണ്ടി നടത്തുന്ന ഉപവാസമെന്ന പ്രകടനത്തിനു ദൈവതിരുമുമ്പിൽ വിലയില്ല. ഉപവാസമെന്നാൽ കൂടെ വസിക്കലാണ്. ഉപവാസദിനമെന്നത് ദൈവത്തോടൊപ്പം ആയിരിക്കാനുള്ള ദിവസമാണ്. അപ്പോൾ ഭക്ഷണം അപ്രസക്തമായിത്തീരുന്നു. അവിടെ പിതാവുമായുള്ള ബന്ധത്തിന്റെ ഊട്ടിയുറപ്പിക്കലാണു സംഭവിക്കുന്നത്. പിതാവായ ദൈവത്തോടൊപ്പമായിരിക്കാൻ മക്കളെ പ്രാപ്തരാക്കുന്നതാണ് ഉപവാസം.

ധർമദാനം, പ്രാർത്ഥന, ഉപവാസം എന്നീ മൂന്നു സത്കർമങ്ങൾവഴി നോമ്പുകാലത്തെ ഫലപ്രദവും അനുഗ്രഹദായകവുമാക്കാം. പ്രകടനപരതയും മനുഷ്യപ്രശംസയ്ക്കുവേണ്ടിയുള്ള അഭിലാഷവും വർജിച്ച് ഹൃദയമാകുന്ന ഉൾമുറിയിൽ പ്രവേശിച്ച് ദൈവത്തോടു നമുക്കു പ്രാർത്ഥിക്കാം. ദൈവത്തോടൊപ്പമായിരുന്നുകൊണ്ട് സഹോദരങ്ങളുമായി പങ്കുവയ്ക്കുന്ന ശീലം വളർത്തിയെടുക്കാം. സ്വർഗത്തിൽ നിക്ഷേപം കൂട്ടാൻ, നാം അപരനെ സഹായിക്കണം. നാം ദരിദ്രരുടെ ധാന്യപ്പുരകളായി വർത്തിച്ചാൽമാത്രമേ നമ്മളെയും മറ്റുള്ളവർ സഹായിക്കൂ. കൊവിഡ് ഉയർത്തുന്ന വെല്ലുവിളികളെ ഏകോദരസഹോദരചിന്തയോടെ തരണം ചെയ്യാൻ ഈ വിശുദ്ധഗ്രന്ഥവായനകൾ നമുക്ക് ഊർജം പകരട്ടെ. ■

# ജനിതകപാരമ്പര്യത്തിന്റെ തടവറയ്ക്കുള്ളിലോ?



ജോസ് വഴുതനപ്പിള്ളി

**ലീ**നയുടെ അപ്പൂപ്പന്റെ വലതുകൈയിൽ ആറു വിരലുകൾ ഉണ്ടായിരുന്നു. അവൾ ചിന്തിക്കുകയായിരുന്നു എന്തുകൊണ്ട് അപ്പൂപ്പന്റെ കൊച്ചുമക്കളിൽ ആർക്കും ഈ ആറാം വിരൽ കാണുന്നില്ല എന്ന്. ഒടുവിൽ ഏറെ അന്വേഷണങ്ങൾക്കുശേഷം അവൾ കണ്ടെത്തി, നാലാം തലമുറയിൽ ഈ അദ്ഭുതവിരലുമായി ഇതാ ഒരു കുട്ടി ജനിച്ചിരിക്കുന്നു.

അവളുടെ കൂട്ടുകാരിയുടെ വീട്ടിൽ ഒരിക്കൽ ഒരു പൂച്ചക്കണ്ണി ജനിച്ചു. കുടുംബത്തിൽ മറ്റാർക്കും ഇന്നേവരെ കാണാത്ത ഈ പ്രതിഭാസം – ഇതെങ്ങനെ സംഭവിച്ചു എന്ന് എല്ലാവരും അദ്ഭുതപ്പെട്ടു. പാരമ്പര്യം പകർന്നുകിട്ടണമെങ്കിൽ ഏതെങ്കിലും പൂർവികർക്കു ഈ സംഭവം വേണ്ടേ?

അങ്ങനെ ഉത്തരം കിട്ടാതെ വിഷമിക്കുമ്പോൾ അയൽപക്കത്തുള്ള ഒരമ്മൂമ്മ ഉത്തരവുമായി എത്തി. അവളുടെ ഏതോ മുതുമുത്തശ്ശിക്കു പൂച്ചക്കണ്ണുണ്ടായിരുന്നത്രേ.

മറ്റു ജീവികളിൽ കാണാത്ത ചില പ്രത്യേകതകൾ മനുഷ്യരിലുണ്ട്. നമ്മൾ ഓരോരുത്തരിലും ചില അനുപമങ്ങളായ പ്രത്യേകതകളും വിശേഷഗുണങ്ങളുമുണ്ട്. അതിൽ ചിലതൊക്കെ നമുക്കു നൈസർഗികമായി നമ്മുടെ പൂർവികരിൽനിന്നു ലഭിച്ചവയാണ്. ചില ശാരീരികലക്ഷണങ്ങളും സ്വഭാവസവിശേഷതകളുമൊക്കെ നമുക്കു ജനിതകമായി പകർന്നുകിട്ടിയതാണ് എന്നു നമുക്കറിയാം.

### നുണക്കുഴികളും ചുരുളൻമുടിയും

നുണക്കുഴികളെക്കുറിച്ചുള്ള 'ഡിംപിൾ ചീക്സ്' എന്നു തുടങ്ങുന്ന നഴ്സറിഗാനം ഓർക്കുന്നുണ്ടോ? കവിളുകളിൽ അതിമോഹനമാംവണ്ണം പ്രത്യക്ഷപ്പെടുന്ന നുണക്കുഴികളെപ്പറ്റി നമ്മുടെ കവികളും ധാരാളം പാടിയിട്ടുണ്ട്. ചിലർക്ക് ഇതൊരു വരദാനംപോലെ ജന്മനാ ലഭിക്കുന്നു. മറ്റുചിലർക്കാകട്ടെ ബാല്യകാലത്തെപ്പോഴെങ്കിലും ഇതു രൂപപ്പെടാൻ തുടങ്ങുന്നു. നിങ്ങൾ അങ്ങനെ ഒരു ഭാഗ്യവാനെങ്കിൽ അത് ഏത് അപ്പൂപ്പന്റെ, അമ്മൂമ്മയുടെ പാരമ്പര്യത്തിലൂടെ കൈവന്നതാണ് എന്നു കണ്ടുപിടിക്കാം. നുണക്കുഴികൾ ഉണ്ടാകുന്നതു പ്രധാനമായും ഒരൊറ്റ ജീൻ കാരണമാണ്.

അതുപോലെ നമുക്കറിയാം, ചിലർ ജന്മനാ ഇടതുകൈയന്മാരാണ്. പരമ്പരാഗതമായി ലഭിക്കുന്ന മറ്റൊരു പ്രത്യേകതയാണ് ചുരുളൻ മുടി. ഇത് പരമ്പരാഗതമാണെങ്കിലും അതിന്റെ വരവിനെ പൂർണമായും നിർവചിക്കാൻ സാധ്യമല്ല. ജനിതകമായ അന്തരം കാരണം പല ഭൂഖണ്ഡങ്ങളിലും വ്യത്യസ്തമായ നിറങ്ങളും ഘടനയുമൊക്കെ മുടിയുടെ കാര്യത്തിൽ കാണാവുന്നതാണ്.

നേരത്തേ പറഞ്ഞ ഇടതുകൈയന്മാരുടെ ഗുണവിശേഷം നിയന്ത്രിക്കുന്നത് ഒന്നിലധികം ജീനുകളാണ്. ഇതിനോടു സമന്വയപ്പെട്ടുകൊണ്ടാണ് അത്തരം വ്യക്തികളുടെ മസ്തിഷ്കവികസനവും സംഭവിക്കുക എന്നാണു ശാസ്ത്രജ്ഞന്മാരുടെ കണ്ടെത്തൽ.

ജപ്പാനിലും ചീനയിലും നാം കൊച്ചുകണ്ണുകളുള്ള മനുഷ്യരെക്കാണുന്നു. ഇന്ത്യപോലുള്ള രാജ്യങ്ങളിൽ വലിയ കണ്ണുകളും കൃഷ്ണമണിയും ഉള്ളവരാണ് കൂടുതലും. ഇവിടെ എടുത്തുപറയേണ്ട മറ്റൊരു കാര്യം, തീർച്ചയായും വളരെ സങ്കീർണമായ ഒരു ബന്ധം പരിതസ്ഥിതിയും ജനിതകഘടനയും തമ്മിൽ ഉണ്ടെന്നുള്ളതാണ്.

### കുട്ടയ്ക്കുള്ളിലെ വിശേഷഗുണങ്ങൾ

ജനിതകപ്രവണതകളെപ്പറ്റി എളുപ്പത്തിൽ മനസ്സിലാക്കാൻ നാം സ്കൂളിൽ പഠിച്ച മെൻഡൽസ് പരീക്ഷണം ഓർത്താൽ മതി. ജനിതകത്തിന്റെ കുട്ടയിൽ തലമുറകളിലൂടെ ചൊരിഞ്ഞുകിട്ടുന്ന ചില പ്രതിഭാസങ്ങളും വിശേഷഗുണങ്ങളും കിടക്കുന്നുണ്ട്. അതിൽനിന്നാണ് യാതൊരു ക്രമങ്ങളും ഇല്ലാതെ, ആകസ്മികമായി ചിലതു നമുക്കുള്ളിലേക്കു കടന്നു



വരുന്നത്. ഒരാൾക്കു തന്റെ കുടുംബത്തിൽ മറ്റൊരാൾക്കു കിട്ടിയ സവിശേഷത കിട്ടാതെപോകുന്നതിനു കാരണം അതാണ്. ചില സാധ്യതകൾ മാത്രമേ ഇവിടെയുള്ളൂ എന്നു ചുരുക്കം.

### പരമ്പരാഗതരോഗങ്ങൾ

ചില പ്രത്യേകതകൾ നമുക്ക് നമ്മുടെ വംശപാരമ്പര്യത്തിലൂടെ ലഭിക്കുന്നുണ്ട്. ചില രോഗസാധ്യതകളും. പക്ഷേ, വ്യാകുലപ്പെടാൻ ഒന്നുമില്ല അവിടെ പാരമ്പര്യം മാത്രമല്ല പലപല ഘടകങ്ങളാണു പ്രവർത്തിക്കുക. പല ജീനുകളുടെ സംയുക്തമായ യോജനം, ജീവിതശൈലിയും പരിതസ്ഥിതികളും തുടങ്ങിയവയുടെയെല്ലാം സങ്കീർണമായ ഒരു സങ്കലനമാണിവിടെ നടക്കുക. സർവസാധാരണമായ ഡയബെറ്റിസ്, ക്യാൻസർ, ഹൃദ്രോഗങ്ങൾ എന്നിയവയെല്ലാം അപ്പനപ്പൂപ്പന്മാരിൽനിന്ന് ഓട്ടോമാറ്റിക് ആയി വരുകയില്ല. ആധുനികവൈദ്യശാസ്ത്രവും രോഗനിർണയോപാധികളും മെച്ചപ്പെട്ട നമ്മുടെ ജീവിതസാഹചര്യങ്ങളുമൊക്കെ ഈ ഭയപ്പാടുകളെ വലിച്ചെറിയാൻ നമ്മെ പര്യാപ്തരാക്കുന്നു. 23 വീതമുള്ള രണ്ടു ജോഡി ക്രോമോസോമുകൾ, അതായത് 46 എണ്ണമാണ് മനുഷ്യശരീരത്തിലുള്ളത്. ഓരോ ക്രോമോസോമിലും ആയിരക്കണക്കിനു ജീനുകൾ കുടികൊള്ളുന്നു. ഇവരാണ് ശരീരത്തിലെ പ്രൊട്ടീനിന്റെ 'കോഡ്' കുറിക്കുന്നതും ശാരീരികപ്രക്രിയകളെ നിയന്ത്രിക്കുന്നതും.

### പാരമ്പര്യത്തിന്റെ ജയിലഴിക്കുള്ളിലോ?

നമ്മുടെ ജീവിതത്തിന്റെ ഗതിവിശേഷം ഒരു കംപ്യൂട്ടർ ചിപ്പിലെന്നപോലെ മുൻകൂട്ടി തയ്യാറാക്കിയിരിക്കുന്നു. ഇത് ചിലപ്പോൾ സംഘർഷങ്ങളെ നേരിടാനുള്ള ശക്തിയാവാം, ബുദ്ധികൂർമതയാകാം, നിമിഷകോപമാകാം, സാഹസികതയാകാം.



മോശം കാര്യങ്ങൾ ഞാൻ ചെയ്യുന്നത് എന്റെ പാരമ്പര്യത്തിന്റെ പ്രശ്നത്തിലാണ്, എനിക്കിതിൽനിന്നു മോചനമില്ല എന്നു പറയുന്നവരുമുണ്ട്. നമ്മുടെ ജീവശാസ്ത്രപരമായ അംശങ്ങളാണ് നമ്മുടെ ജീവിതത്തിന്റെ ഗതി നിശ്ചയിക്കുക എന്നൊക്കെ പറയുന്നത് മൗഢ്യമാണ്!

ജീനുകൾ ഒന്നിന്റെയും അവസാനവാക്കല്ല. നമ്മുടെ ബോധപൂർവമുള്ള, കാരണവിചാരണശേഷിയോടെയുള്ള, അവധാനപൂർവമായ ആലോചനയും തീരുമാനങ്ങളുമാണ് നമ്മെ നയിക്കുക.

എന്റെ പാരമ്പര്യം ഇത്തരത്തിൽ കല്ലിൽ കൊത്തിവച്ചിരിക്കുന്നു. ഞാനിനി എങ്ങനെ മാറും? ഈ ചോദ്യത്തിന് ബ്രൂസ് ലിപ്ടൺ മറുപടി പറയുന്നതിങ്ങനെ: നാം ജനിതകപാരമ്പര്യങ്ങളിലൂടെ നിയന്ത്രിക്കപ്പെടുന്നു എന്ന അനുമാനം പാടേ തെറ്റാണ്. ജീനുകൾ നാമെല്ലാവരെയും ഇരകളാക്കുന്നില്ല. നമ്മുടെ സാഹചര്യങ്ങളെല്ലാം നമ്മുടെ സൃഷ്ടികളാവണമെന്നില്ല. ജീനുകൾ പക്ഷേ, രൂപരേഖകൾ മാത്രം. ചുക്കാൻ നമ്മുടെ കൈകളിലാണ്; നമുക്കു രൂപരേഖകളിൽ മാറ്റങ്ങൾ വരുത്താം. എന്തിനേറെ, വേണ്ടിവന്നാൽ അതിനെ പൂർണമായും മാറ്റിവരയ്ക്കുകയും ചെയ്യാം.

■



---




15–ാം പേജ് തുടർച്ച

തടവുകാരൻ എന്നതൊഴിച്ചാൽ ക്യാപ്റ്റൻ ഡിലനായിക്ക് തിരുവിതാംകൂറിൽ കാരാഗൃഹവാസകാലത്ത് പീഡനങ്ങളൊന്നുമുണ്ടായില്ല. അഥവാ ഉണ്ടായെങ്കിൽത്തന്നെ അതൊന്നും ക്യാപ്റ്റൻ ഡിലനായിയെ ഉലയ്ക്കുകയോ മഥിക്കുകയോ ചെയ്തില്ല.

ദൈവം അവന്റെ ഓളങ്ങളും തിരമാലകളും തന്റെമേൽ അയയ്ക്കുന്നു. കാറ്റിനെ അതിന്റെ ഗുഹാമുഖങ്ങളിൽനിന്നു കെട്ടറുത്തു വിടുന്നു. അതിൽ താൻ ചുവടുതെറ്റുകയോ മുങ്ങിപ്പോകുകയോ ചെയ്യുന്നില്ല. എന്തെന്നാൽ, പാറപോലെ ഉറപ്പുള്ള ഒരു വിശ്വാസിയുടെ മുമ്പിൽ ദൈവത്താൽ ഉപേക്ഷിക്കപ്പെട്ട ഒരു പ്രഭാതവും പുലരുകയില്ല. ക്യാപ്റ്റൻ ഡിലനായി അങ്ങനെ വിശ്വാസംകൊണ്ടു.

ക്രമേണ തിരുവിതാംകൂർ സൈന്യത്തിനും മഹാരാജാവിനും ആദരണീയനായ വ്യക്തിയായിത്തീർന്നു ക്യാപ്റ്റൻ ഡിലനായി. ഒരു നിയോഗംപോലെയായിരുന്നത്.

ശത്രുസംഹാരമൂർത്തി എന്നു പരക്കെ അറിയപ്പെട്ടിരുന്ന മാർത്താണ്ഡവർമ മഹാരാജാവ് ക്യാപ്റ്റൻ ഡിലനായിൽ ഒരു ശത്രുവിനെ കണ്ടില്ല. പകരം, തിരുവിതാംകൂറിന്റെ ഒരു മിത്രത്തെ ദർശനംകൊണ്ടു.

ശൗൽ ദാവീദിനെ കൊല്ലുന്നതിന് അന്വേഷിച്ചു നടന്നു. പക്ഷേ, ദാവീദ് ശൗലിനെ അതിജീവിച്ച് അവന്റെ സിംഹാസനത്തിൽ ഇരിക്കുകയും ചെയ്തു.

അന്തസ്സുറ്റതും ആകർഷണീയവുമായിരുന്നു ഡിലനായിയുടെ വ്യക്തിത്വം. ഇരുണ്ട വാക്കുകൾ അദ്ദേഹത്തിൽനിന്നുണ്ടായില്ല. മനമുടഞ്ഞവനോ കോപിഷ്ഠനോ ആയി അദ്ദേഹത്തെ കണ്ടില്ല.

ധനവാൻ തന്റെ കളപ്പുരകളും വയലും വിസ്തൃതമാക്കാൻ ശ്രമിക്കുന്നതുപോലെ ഡിലനായി ഹൃദയത്തിൽ ദൈവത്തിനുള്ള കളപ്പുരകളും വയലുകളും വിസ്തൃതമാക്കാൻ ആഗ്രഹിച്ചു.

മാർത്താണ്ഡവർമയുടെ നിർദേശപ്രകാരം ക്യാപ്റ്റൻ ഡിലനായി തിരുവിതാംകൂർ പടയുടെ സേനാനായകനായി അവരോധിക്കപ്പെട്ടു. വലിയ കപ്പിത്താൻ എന്ന പട്ടവും പതിച്ചു നല്കി.

ഇങ്ങനെ സംഭവിക്കണമെന്ന് കാലം വാനമേഘങ്ങളിൽ എഴുതിവച്ചിരിക്കണം.

(തുടരും)



ഇമ്മാനുവൽ തോമസ് വാളനാട്ട്





# വിഭവസമാഹരണം വിനാശകരകമാകുമ്പോൾ

വാഗ്ദാനപ്പെരുമഴകൊണ്ട് തോമസ് ഐസക്കിന്റെ ബജറ്റ് ശ്രദ്ധ നേടിയപ്പോൾ അവ നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് എവിടെയെന്നതായിരുന്നു മുഖ്യവിമർശനം. കടം എന്ന ഒറ്റമൂലിതന്നെയാണു പഴയതും പുതിയതുമായ ധനമന്ത്രിമാരുടെ ആശയങ്ങൾ. സർക്കാരിന്റെ കടം ഒഴിച്ചുകൂടാനാകാത്ത ഒരു വസ്തുതയാണെന്ന് ഐ.എം.എഫ്. പോലും കരുതുമ്പോൾ ധനകമ്മിക്കു പ്രത്യേക പ്രസക്തിയൊന്നുമില്ല. പൊതുഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ സർക്കാർ നിക്ഷേപം പരമപ്രധാനമാണെന്നും ഐ.എം.എഫ്. പറയുന്നു. പഴയ കടം വീട്ടാൻ വീണ്ടും കടം വാങ്ങേണ്ടതായും വരാം. എത്രകാലം ഈ അവസ്ഥ തുടരാൻ കഴിയുമെന്നത് രാഷ്ട്രീയനേതൃത്വം ഒന്നടങ്കം ഉത്കണ്ഠയോടെയാണു കാണുന്നത്.

നികുതിപിരിവിലെ കാര്യക്ഷമതയില്ലായ്മതന്നെയാണ് നികുതിവെട്ടിപ്പിന്റെ മറുവശവും. അർഹതപ്പെട്ട നികുതി പിരിച്ചെടുക്കുമെന്ന രാഷ്ട്രീയ ഇച്ഛാശക്തിയും, അതു നടപ്പാക്കാനുള്ള കരളുറപ്പുമാണ് ഇക്കാര്യത്തിൽ ആവശ്യം. പൊതുവിദ്യാഭ്യാസ, ആരോഗ്യമേഖലകളിൽ അമിതമായി ഫീസ് അടിച്ചേല്പിക്കുന്നത് സർക്കാരിന് ആശാസ്യമല്ല. എന്നാൽ, ദീർഘകാലമായി സർക്കാർഭൂമി കൈവശം വച്ചനുഭവിക്കുന്നവരുടെ തുച്ഛമായ പാട്ടക്കൂലി വർദ്ധിപ്പിക്കേണ്ട കാലം കഴിഞ്ഞിരിക്കുന്നു.

വില്പനികുതിക്കു പകരം മൂല്യവർദ്ധിതനികുതി കൊണ്ടുവന്നപ്പോൾത്തന്നെ സംസ്ഥാനങ്ങളുടെ താത്പര്യങ്ങൾ തഴയപ്പെട്ടിരുന്നു. ഈ ആവലാതികൾ നിലനില്ക്കുമ്പോഴാണ് ജി.എസ്.ടി.യും നടപ്പിലാക്കിയത്.

ഫെഡറൽ സംവിധാനത്തിന്റെ അടിത്തറ പിഴുതെറിഞ്ഞുകൊണ്ട് സംസ്ഥാനങ്ങളുടെ നാമമാത്രമായ ധനകാര്യാവകാശങ്ങൾപോലും ഇല്ലാതാക്കുന്ന സാമ്പത്തികക്രമമാണ് ഇന്ത്യയിൽ ഇപ്പോൾ വേരൂന്നിക്കൊണ്ടിരിക്കുന്നത്. സ്വന്തമായി നികുതി പിരിക്കാനുള്ള അവകാശങ്ങൾ കേന്ദ്രത്തിന് അടിയറവു വച്ചതോടെ സംസ്ഥാനങ്ങൾ കടക്കെണിയിൽ കുരുങ്ങുകയായിരുന്നു.

ഇതിൽനിന്നെല്ലാം രക്ഷപ്പെടാനുള്ള ഒരു കുറുക്കുവഴിയായി സർക്കാർ കണ്ടെത്തിയിട്ടുള്ള രണ്ടു മേഖലകളാണ് മദ്യവും ലോട്ടറിയും. 2015-16 ലെ കണക്കുപ്രകാരം സംസ്ഥാനത്തിന്റെ തനതുവരുമാനത്തിന്റെ 34 ശതമാനം സംഭാവന ചെയ്യുന്നത് മദ്യവും ലോട്ടറിയുമാണ്. 1960-61 ൽ 25 ശതമാനമായിരുന്ന മദ്യനികുതി അതിന്റെ പതിന്മടങ്ങായി ഇന്നു വർദ്ധിപ്പിച്ചിരിക്കുന്നു. കുടി നിറുത്താനുള്ള 'പിഴ നികുതി' യാണ് സർക്കാരിന്റെ ബംപർ വരുമാനം. ഇതു മദ്യനിരോധനത്തെ പ്രോത്സാഹിപ്പിക്കാനാണെന്നുള്ള അവകാശവാദം വേറേയും. പക്ഷേ, ആത്മാർത്ഥതയുണ്ടെങ്കിൽ ഒരുപാധിയുണ്ട്. മദ്യപർക്കെല്ലാം വർഷാവർഷം പുതുക്കേണ്ട ഒരു ലൈസൻസ് ഏർപ്പെടുത്തി, ബയോമെട്രിക് കാർഡു കൊടുക്കാം. ഈ ലൈസൻസ് ഭാര്യയുടെ പേരിലോ സംയുക്തമായോ ആണെങ്കിൽ കടിഞ്ഞാണിനു ബലം കൂടുകയും ചെയ്യും. 25 ശതമാനം നികുതി ഈടാക്കിക്കൊണ്ട്, ആഴ്ചതോറും നിലവാരമുള്ള ഓരോ കുപ്പി മദ്യം നൽകി ഈ 'അവശ്യതിന്മ' പരിഹരിക്കുകയും ചെയ്യാം.

പക്ഷേ, ഭാഗ്യക്കുറിയുടെ കാര്യം ഇങ്ങനെയൊന്നുമല്ല. 2000-2001 ൽ 134.17 കോടി വരുമാനം 2005-2006 ൽ 229.57 കോടിയായി മാറി. 2010-11 ൽ 571.46 കോടി എന്നത് 2015-16 ൽ 6,398 കോടിയായി വർദ്ധിച്ചു. 2021-22 ൽ 15,000 കോടി രൂപയായിരുന്നു പ്രതീക്ഷിച്ചിരുന്ന വരുമാനം. കൊവിഡ് അതിന് മങ്ങലേല്പിച്ചു.

എല്ലാവരും ഒരുപോലെ വിജയിക്കുന്നതും നിരുപദ്രവകരവുമായ ഒരു വിഭവസമാഹരണമായിട്ടാണ് ഭാഗ്യക്കുറിയെ ചിത്രീകരിച്ചിട്ടുള്ളത്. പാലവും പാതയും പള്ളിക്കൂടവും ആശുപത്രിയുമെല്ലാം പണിയാനാണത്രേ ഭാഗ്യക്കുറി. വൃദ്ധജനങ്ങളും വികലാംഗരും ഉപജീവനം കഴിയുന്നു. കാരുണ്യാപദ്ധതി പുണ്യസുകൃതം...!!! ഏതെല്ലാം മേഖലകളിൽ ഇതു പരീക്ഷിച്ചുകൂടാ? പക്ഷേ, എന്തുകൊണ്ട് തമിഴ്നാടും കർണാടകയും ആന്ധ്രയും ഉൾപ്പെടെ 95 ശതമാനം സംസ്ഥാനങ്ങളും ഈ 'ദുർഭൂത'ത്തെ ആട്ടിപ്പുറത്താക്കി.

ഭാഗ്യക്കുറി സമൂഹത്തിൽ സൃഷ്ടിക്കുന്ന അപകടകരമായ പ്രവണതകളെ ന്യായീകരിക്കാവുന്നതല്ല. ആരാണു ഭാഗ്യക്കുറിയെന്ന ലഹരിയുടെ അടിമകൾ? ദിവസക്കൂലിക്കാരും തുച്ഛവരുമാനക്കാരുമായ അജ്ഞാനികൾ!!!

അധ്വാനമല്ല ഭാഗ്യമാണ് എല്ലാറ്റിന്റെയും അടിസ്ഥാനമെന്നു സർക്കാർതന്നെ മാധ്യമങ്ങളിലൂടെ അവരെ ബോധവത്കരിക്കുന്നു. സ്വന്തം ജീവിതത്തിന്റെ ഉടമസ്ഥത ഏറ്റെടുക്കാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ട സർക്കാർതന്നെയാണ് ഭാഗ്യക്കുറിയുടെ ലഹരി നീട്ടി അവരെ പ്രലോഭിപ്പിക്കുന്നത് എന്നതും നാം കൂട്ടിവായിക്കണം.

നികുതിപിരിവിലൂടെ പൊതുവിഭവസമാഹരണം നടത്തി സാധിച്ചെടുക്കേണ്ട പൗരജനങ്ങളുടെ ആരോഗ്യസംരക്ഷണം, വൃദ്ധജനങ്ങളുടെയും വികലാംഗരുടെയും സംരക്ഷണം തുടങ്ങിയ കാര്യങ്ങൾക്ക് ഭാഗ്യക്കുറിയെ ആശ്രയിക്കേണ്ടിവരുന്നത് ഒരു സമൂഹത്തിന്റെ പരാജയത്തെയാണു കാണിക്കുന്നത്.

നാളെ ശമ്പളവും പെൻഷനും കൊടുക്കാൻവേണ്ടിപ്പോലും ലോട്ടറി തുടങ്ങേണ്ടിവരില്ല എന്നാരു കണ്ടു?

ഒരുപദ്രവവുമില്ലാതെ നികുതിപിരിവിലൂടെ വിഭവസമാഹരണം നടത്താവുന്ന മേഖലകളുടെ നേരേ നാം എന്തിനു കണ്ണടയ്ക്കുന്നു? സമൃദ്ധമായ കായൽത്തീരങ്ങളും കടൽത്തീരങ്ങളും എത്രയോ നമുക്കുണ്ട്? വിദേശരാജ്യങ്ങളിലുള്ള തരത്തിൽ വിനോദസഞ്ചാരമേഖലയിലൂടെ ആരെയും നൊമ്പരപ്പെടുത്താതെ ഏവർക്കും സന്തോഷം മാത്രം പകുത്തു നല്കി കോടികൾ കൊയ്യാം.

ഖജനാവിലെ കോടികൾ മുടക്കിപ്പണിത ഇൻഡോർ-ഔട്ട്ഡോർ സ്റ്റേഡിയങ്ങൾ ഇവിടെ തരിശായിക്കിടക്കുന്നു? കാണികൾക്കോ കായികതാരങ്ങൾക്കോ പഞ്ഞമുണ്ടോ? 365 ദിവസവും മൂന്നു നേരം വീതം എല്ലാ സ്റ്റേഡിയത്തിലും വോളിബോൾ, ബാസ്കറ്റ്ബോൾ, ഫുട്ബോൾ, കബടി-ഗുസ്തി മത്സരങ്ങൾ ഒക്കെ നടക്കട്ടെ. അങ്ങനെ നാനാതരത്തിലുള്ള എത്രയെത്ര സ്രോതസ്സുകൾ വേണം?

വിനാശം വിതയ്ക്കുന്ന മദ്യത്തെയും ലോട്ടറിയെയും വിട്ടിട്ട് നന്മ നിറഞ്ഞ വിഭവസമാഹരണത്തിലൂടെ നമുക്കു വിതച്ചുകൊയ്യാവുന്ന കോടികൾ എത്രയെത്ര?

■

# അരുവിത്തുറ വല്യച്ചൻമലയിലേക്ക് കുരിശിന്റെ വഴി പുനരാരംഭിച്ചു



അമ്പതുനോമ്പിന്റെ ആദ്യദിനം അരുവിത്തുറ വല്യച്ചൻമലയിലേക്കു വിശ്വാസികൾ നടത്തിയ പാപപ്പരിഹാരയാത്ര

അരുവിത്തുറ: ദീർഘനാളത്തെ ഇടവേളയ്ക്കുശേഷം അരുവിത്തുറ സെന്റ് ജോർജ് ഫൊറോന പള്ളിയുടെ നേതൃത്വത്തിൽ വല്യച്ചൻമലയിലേക്ക് കുരിശിന്റെ വഴി ആരംഭിച്ചു. നോമ്പിന്റെ ആദ്യദിനമായ തിങ്കളാഴ്ച (ഫെബ്രുവരി 28) വല്യച്ചൻമലയിലേക്കു നടത്തിയ കുരിശിന്റെ വഴിയിൽ നൂറുകണക്കിനു വിശ്വാസികൾ പങ്കെടുത്തു. ഫാ. മാത്യു മണക്കാട്ട് സന്ദേശം നൽകി. മനുഷ്യാവതാരവും പീഡാസഹനവും കുരിശുമരണവുംവഴി മാനവകുലത്തിനു നിത്യരക്ഷ നൽകിയ ഈശോയ്ക്കു നന്ദി പറയാനും ആ മാതൃക പിൻതുടരാനുമുള്ള എളിയ ശ്രമമാണു ക്രൈസ്തവവിശ്വാസികൾ നോമ്പിലൂടെ നിർവഹിക്കുന്നത്.

നോമ്പിലെ എല്ലാ ദിവസവും രാവിലെ 5.30 നും 6.30 നും 7.30 നും ഉച്ചകഴിഞ്ഞ് 4 നും പള്ളിയിൽ കുർബാന. വൈകുന്നേരം 5 ന് പള്ളിയിൽനിന്ന് മലയടിവാരത്തേക്ക് ജപമാല. തുടർന്ന് മലമുകളിലേക്ക് കുരിശിന്റെ വഴി. 6.15 ന് മലമുകളിൽ കുർബാന.

Deepanalam Weekly
RNI No : 16998/68
Vol. 55 No. 2 Date of Publication 3 March 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org